Vol. 5 No. 1 January 2022

ISSN 2582-2594

RNI No. KERMUL/2018/77513

www. akgct.org

# ACADEMIC RESEARCH AND REVIEW LETTERS

## (Multi-disciplinary Peer Reviewed Research Journal)



A Biannual Research Journal

Association of Kerala Government College Teachers

# ACADEMIC RESEARCH AND REVIEW LETTERS

(A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal)

Vol. 5 No. 1 January 2022

A Biannual Research Journal

---

**Association of Kerala Government College Teachers**

AKGCT Bhavan, Panavila Jn., Thycaud

Thiruvananthapuram - 695014, Kerala.

Ph: 8848295637, E-mail: akgctresearchjournal@gmail.com

Web: www. akgct.org

**ACADEMIC RESEARCH AND REVIEW LETTERS**
A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal

*Published in India by*
Association of Kerala Government College Teachers,
Thiruvananthapuram

Email: akgctresearchjournal@gmail.com

VOL. 5 NO. 1 January 2022

ISSN: 2582 - 2594

RNI No. KERMUL/2018/77513

Book design: SJ Communications

[Free and private circulation only]

## Disclaimer

All data, views, opinions etc that are published in this journal are the sole responsibility of the individual authors. Neither the publisher nor the editors are in anyway responsible for them. The author(s) is solely responsible for taking permission from earlier publications for inclusion in their papers. The journal shall not be responsible for any copyright infringements.

**Editorial Correspondence**
All correspondence to the journal should be made to
The Editor, ACADEMIC RESEARCH AND REVIEW LETTERS
AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695 014, Kerala.
Ph: 8848295637, E-mail: akgctresearchjournal@gmail.com
Web: www.akgct.org

Printed at: Akshara Offset, Vanchiyoor, Thiruvananthapuram 35, Kerala, India

# Editorial Board

Managing Editor
**Dr. K. K. Damodaran**
*Principal, Government College, Malappuram*

Chief Editor
**Dr. Muhammed Rafeeq T.**
*Associate Professor, Dept. of Islamic History, University College, Thiruvananthapuram*

Sub Editor
**Dr. Muhamed Basheer K. K.**
*Assistant Professor, Dept. of Malayalam, KKTM Govt. College, Pullut*

Issue Editor
**Dr. Sajikumar K B**
*Assistant Professor, Dept. of Commerce,*
*Sri. C. Achutha Menon Government College, Kuttanellur Thrissur*

Editorial
**Dr. P. K. Sujathan**
*Assistant Professor, Dept. of Economics, KKTM Govt. College, Pullut*

**Dr. Sandhya S. Nair**
*Associate Professor, Dept. of Political Science, University College, Thiruvananthapuram*

**Dr. Baiju S.**
*Assistant Professor, Dept. of Mathematics, Govt. College Kariavattom,*
*Thiruvananthapuram*

**Dr. Ajaykumar A. P.**
*Assistant Professor, Dept. of Zoology, SNGS College, Pattambi*

Statement about ownership and other particulars about

# ACADEMIC RESEARCH AND REVIEW LETTERS

**Form IV**

| | | | |
|---|---|---|---|
| 1. | Place of publication | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 2. | Periodicity of Publication | : | Half Yearly |
| 3. | Printers Name | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 4. | Publishers Name | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 5. | Editor's Name | : | Dr. MUHAMMED RAFEEQ T. |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 6. | Name and Address of the Individual who own the Periodical | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |

I, Dr. K. K. Damodaran hereby declare that the particulars given above are true to the best of my knowledge and belief.

25-01-2022

Sd/-
K. K. DAMODARAN
Publisher

# Editor's Note

We are delighted to present the January 2021 edition of 'Academic Research and Review Letters', a brainchild of the Association of Kerala Government College Teachers. This publication serves as a guiding light for multidisciplinary exploration. Within these pages, you'll encounter a harmonious blend of voices-researchers, scholars, and visionaries-each contributing a distinct note to the magnificent symphony of knowledge. In this latest issue, our sails are unfurled for uncharted waters-a voyage propelled by curiosity, collaboration, and intellectual fervour. The present volume comprises seven thought-provoking papers from the realms of philosophy, language, and literature. These articles critically analyse societal beliefs, deepen our understanding of knowledge, and comprehensively explore various facets of human experience

The article by Anaswara S, delves into the fascinating world of folk deities in Kerala, exploring their rituals, beliefs, and cultural significance. Through meticulous study, the author unravels the intricate tapestry of these divine beings and their enduring impact on the socio-religious fabric of the state. The convergence of myth, devotion, and faith forms the crux of this enlightening exploration.

It the thought-provoking article by Adarsh E, the author describes the enigmatic life of Mathilerikkanni, an extraordinary individual who defied conventional norms. The article explores the concept of invisible disabilities and how society perceives and accommodates those who live with such conditions. Through vivid storytelling, the author invites readers to contemplate the resilience and challenges faced by individuals like Mathilerikkanni in their life journey.

The article titled "Aadhunika Achadi Malayalam- Thudakkavum Parinamavum" by Dr. Deepa Narayanan, analyses the dynamic evolution of the Malayalam Printing, from its ancient origins to contemporary usage. The article describes the linguistic shifts, cultural influences, and societal contexts that have shaped Malayalam. The transformation of language is a fascinating journey-one that reflects our collective heritage and resilience.

The article by Dr. Halleelu Rahuman V. M, explains the transformative features that define modern Malayalam poetry from its structural innovations to its thematic explorations based on the poems of Niranjan and how each

poem becomes a canvas for societal introspection. It also gives an overview of the interplay of tradition and modernity, the infusion of regional dialects, and the resonance of everyday experiences- all contribute to the rich tapestry of this poetic evolution.

The article by Sanjana K, explains the "Evolution and Reception of Cognitive Literature in Malayalam Literary History". The study explores how has Cognitive literature evolved in Malayalam? What role does it play in shaping the cognitive literary landscape? How does it assimilate the indigenous knowledge systems that were prevalent in the cultural legacy of Sanskrit? Furthermore, how does it harmonize with the Western cognitive paradigms that have made their way into Malayalam? These questions find answers through a meticulous exploration of the subject matter in this essay.

The article by Dr. Remya P discusses "The Performativity of Media-Age Bodies: Exploration and Politics". The article unveils the intersection of bodily studies with diverse knowledge domains in the modern era. It highlights how the development of scientific theories within social contexts shapes the emergence of bodily studies.

M. Mukundan is a writer, who has literally expressed the depths, complexities, and enigmas of the human mind through his Malayalam short stories. In her paper titled "Expression of Fantasy in the Stories of M. Mukundan," Devika analyzes these narratives, which vividly portray the unpredictable movements of individual minds and how Mukundan strategically employs fantasy as a compositional motif to illuminate the mental dialogues within the human psyche.

We express our heartfelt gratitude to all the authors and reviewers who have played an integral role in shaping this issue. Their unwavering commitment and expertise have been pivotal in upholding the quality and rigor of the research presented here. As you delve into the diverse perspectives and innovative scholarship showcased in this edition, we hope it sparks curiosity and fosters meaningful discussions among our readership. May this academic discourse continue to enrich our collective understanding.

Sincerely,

**Dr. Muhammed Rafeeq T.**
Chief Editor

**Dr. Sajikumar K B**
Issue Editor

**ACADEMIC RESEARCH AND REVIEW LETTERS**
Vol. 5 No. 1 January 2022

## CONTENTS

1 **ശരീരം (അ)ദൃശ്യത വിമതീകരണം: മതിലേരിക്കന്നിയുടെ 'വിമത'ജീവിതം** 9
ആദർശ് ഇ.

2 **പീഡാരിദൈവം*: മിത്ത്, സങ്കല്പനം, വിശ്വാസം** 22
**(കേരളത്തിലെ രോഗദേവതകളുടെ ഐതിഹ്യവത്കരണത്തെ മുൻനിർത്തിയുള്ള സാംസ്കാരികവിശകലനപഠനം)**
അനശ്വര എസ്.

3 **നിരഞ്ജൻകവിതകളിലെ പലമയും പുതുമയും** 29
ഹല്ലീല്ല റഹ്മാൻ വി. എം.

4 **വൈജ്ഞാനികസാഹിത്യത്തിന്റെ രൂപീകരണവും പരിചരണവും മലയാള സാഹിത്യചരിത്രങ്ങളിൽ** 35
സഞ്ചന കെ.

5 **നവമാധ്യമകാലത്തെ പ്രകടനശരീരങ്ങൾ – ആവിഷ്ക്കാരവും രാഷ്ട്രീയവും** 43
ഡോ. രമ്യ പി. പി.

6 **ആധുനിക അച്ചടി മലയാളം – തുടക്കവും പരിണാമവും** 50
ഡോ. ദീപാ നാരായണൻ

7 **മനോനിഷ്ഠഫാന്റസിയുടെ ആവിഷ്കാരം എം.മുകുന്ദന്റെ കഥകളിൽ** 71
ദേവിക വി.എസ്.

# ശരീരം (അ)ദൃശ്യത വിമതീകരണം: മതിലേരിക്കന്നിയുടെ 'വിമത'ജീവിതം

**ആദർശ് ഇ.**
എം.എ. മലയാളം വിദ്യാർത്ഥി
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല,
കാലടി
E-mail: adarshsatheeshkumar@gmail.com

**സംഗ്രഹം**

ലൈംഗികതയുടെ ചരിത്രം അധികാരത്തിന്റെ ചരിത്രം കൂടിയാണ്. ഭിന്നവർഗ്ഗ ലൈംഗികതയെ നേരായ ലൈംഗികതയായി അവതരിപ്പിച്ചാണ് വ്യവഹാരങ്ങളെല്ലാം നിലനിൽക്കുന്നത്. സാംസ്കാരിക പാഠങ്ങളിലെല്ലാം ഭിന്നവർഗ്ഗലൈംഗികതയെ ഉറപ്പിച്ചെടുക്കാനും ആദർശവത്കരിക്കാനുമുള്ള ശ്രമങ്ങളുണ്ട്. ഈ സമ്മർദ്ധങ്ങൾക്കിടയിലും പാഠം മാനകങ്ങൾക്കെതിരെ സഞ്ചരിച്ചേക്കാം. ഭിന്നവർഗ്ഗ ലൈംഗികമാനകമായ പാഠങ്ങളിലെ വൈരുദ്ധ്യങ്ങളെ കണ്ടെടുക്കുകയും പാഠത്തിന്റെ രേഖീയാർഥത്തെ വെല്ലുവിളിക്കുകയും ചെയ്യാനായുള്ള ശ്രമമാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ:** ലിംഗത്വം, പ്രകടനപരത, ലൈംഗികത, ഭിന്നവർഗ്ഗലൈംഗികത, വിമതീകരണം

"Queering is something we do, rather than something we are (or are not)"

–Meg-John Barker, Julia Scheele

ഫോക്ക് പാഠങ്ങളെ മുൻനിർത്തിയുള്ള പരമ്പരാഗതമായ വായനാരീതികൾ ഭിന്നവർഗ്ഗലൈംഗികമൂശയാൽ (Heterosexual Matrix)[1] വാർക്കപ്പെട്ടതാണ്. പാഠത്തിന്റെ സാധ്യമായ അനേകം അർത്ഥതലങ്ങളെ അന്വേഷിക്കുന്നതിന് പകരം, പാഠത്തിന്റെ കാലഗണനയെ ചുറ്റിപ്പറ്റിയുള്ള തർക്കങ്ങളായാണതിന്റെ പോക്ക്. അച്ചടിക്കപ്പെട്ട സമയത്ത്, 'മതിലേരിക്ക

ന്നി'യുണ്ടാക്കിയ ചർച്ചാന്തരീക്ഷം ഒരുദാഹരണമാണ്. ഫോക്ക് പാഠങ്ങൾ ഒരു വലിയ സമൂഹത്തിന്റെ കൊള്ളകൊടുക്കലുകളിലൂടെയാണ് രൂപപ്പെടുന്നതെന്നതിനാൽ സാമൂഹികമായ പലതരം ബലങ്ങൾ ഈ പ്രകിയയിൽ സജീവമായി ഇടപെടുന്നുണ്ട്. പരസ്പരം ഇണങ്ങുന്നതും ഇടയുന്നതുമായ ലോകവീക്ഷണങ്ങൾക്ക് പാഠത്തിനുള്ളിൽ പ്രവേശനം കിട്ടാനുള്ള സാധ്യത ഇവിടെ ഏറെയാണ്.

ഫോക്ക് പാഠങ്ങൾ പൊതുവേ 'വീര'രസപ്രധാനങ്ങളാണ്. ഈ വീരരസം പുരുഷകേന്ദ്രിതമായാണ് നിർമ്മിക്കപ്പെടുന്നത്. മലയാളത്തിലെ വീരഗാഥകളിൽ പ്രധാനപ്പെട്ട ധാര വടക്കൻ പാട്ടുകളുടേതാണ്. കുടിപ്പക, അങ്കം, പൊയ്ത്ത് തുടങ്ങിയ ഘടകങ്ങൾ വീരനായക നിർമ്മിതിയിൽ ഉപയോഗമുള്ളതാകുന്നു. കണ്ണപ്പൻ ചേകവരും ആരോമൽ ചേകവരും ആരോമുണ്ണിയും പുത്തൂരം പാട്ടുകളിലെ വീരത്വത്തെ നിർണ്ണയിക്കുന്ന (പുരുഷ)കഥാപാത്രങ്ങളാണ്. ഭിന്നവർഗ്ഗലൈംഗികാധീശ്വത്തിനുള്ളിലാണ് ഈ വീരന്മാരുടെ നിൽപ്പ്. ഒരു പരിധിവരെ നിലനിൽക്കുന്ന പതിവ് ലിംഗമൂല്യങ്ങളെയാണ് ഈ ഫോക്ക് പാഠങ്ങളും സ്വാംശീകരിക്കുന്നത്. ഉണ്ണിയാർച്ചയെപ്പോലുള്ള ശക്തമായ വീര'നായിക'മാരുണ്ടെങ്കിലും ആധിപത്യക്രമത്തോട് വിധേയപ്പെട്ടാണ് ഈ പെണ്ണുങ്ങളുടെ ജീവിതം. 'വീര നായിക'എന്ന സങ്കൽപ്പം ഭിന്നവർഗ്ഗലൈംഗികതയുടെ പതിവ് മൂല്യങ്ങളോട് അകമേ സംഘർഷത്തിലാകുന്നുവെന്നത് വാസ്തവമാണ്. ഇത് ഒരു വിമതത്വത്തിന്റെ (Queerness) സാധ്യതയും പാഠത്തിൽ അവശേഷിപ്പിക്കുന്നുണ്ട്. ഭർത്താവായ കുഞ്ഞിരാമനെയും കൂട്ടി അല്ലിമലർക്കാവിൽ കൂത്തുകാണാൻ പോകുന്ന ഉണ്ണിയാർച്ച അക്രമികളോട് പൊരുതുന്ന സന്ദർഭം നോക്കൂ; ഭർത്താവായ കുഞ്ഞിരാമൻ ഇലപോലെ നിന്നു വിറയ്ക്കുമ്പോൾ ഉണ്ണിയാർച്ചയാണ് അരയിൽ പൂട്ടിയിരുന്ന ഉറുമി വലിച്ചൂരി ശത്രുക്കളെ എതിരിടുന്നത്. പക്ഷേ, ഈ പ്രതിരോധങ്ങൾ അധീശവ്യവസ്ഥയെ അപ്പാടെ വെല്ലുവിളിക്കാൻ പോന്ന നിലയിലേക്ക് വളരുന്നേയില്ല. ഇതിന്റെ സ്വാഭാവിക പരിണതിയെന്നോണമാണ്, 'ആരെ തുണ കൂട്ടിപ്പോകും' എന്ന ചോദ്യം ഉണ്ണിയാർച്ചയ്ക്ക് നേരിടേണ്ടിവരുന്നത്. വീരത്വത്തെ പുരുഷസ്വഭാവമായാണ് പാഠം തിരിച്ചറിയുന്നത്. മേൽ സൂചിപ്പിച്ച പാട്ടിൽ തന്നെ; ഉണ്ണിയാർച്ചയുടെ വീരത്വത്തിന്റെ നിലനിൽപ്പിൽ ഭർത്താവായ കുഞ്ഞിരാമന്റെ പുരുഷത്വമില്ലായ്മ(പേടി) സ്വാധീനം ചെലുത്തുന്നുണ്ട്; സാന്ദർഭികമായി മാത്രം പാഠത്തിൽ ആദർശവത്കരിക്കപ്പെടുന്ന പ്രതിരോധങ്ങളാണിത്. തച്ചോളി ഒതേനനും ചെങ്ങന്നൂരാതിയുമെല്ലാം ഭിന്നവർഗ്ഗലൈംഗികതയുടെ ലിംഗമൂല്യങ്ങളോട് ഇണങ്ങുന്ന കഥാപാത്രങ്ങളാണ്. ഈ കഥാപാത്രങ്ങളുടെ വീരത്വത്തെ പുകഴ്ത്തൽ പാഠത്തിന്റെ പ്രധാന താല്പര്യവുമാകുന്നു.

ഫോക്ക് പാഠങ്ങൾ ഭിന്നവർഗ്ഗലൈംഗികവത്കരിക്കപ്പെട്ട പാഠങ്ങളാണെന്ന് വിശദീകരിക്കാനാണ് ശ്രമിച്ചത്. ഈ പാഠങ്ങൾ ലിംഗപരവും ലൈംഗികപരവുമായ വ്യാകരണവിരുദ്ധതകളുടെ ഒര(വ)ബോധം പലപ്പോഴും സൂക്ഷിക്കുന്നുണ്ട്. വിമത(Queer) സാന്നിധ്യങ്ങളെ അദൃശ്യതയിൽ നിലനിർത്തിയാണ് ഫോക്ക് പാഠങ്ങൾ ഭിന്നവർഗ്ഗ ലൈംഗികതയെ ഉറപ്പിച്ചെടുക്കുന്നത്. ശരീരത്തെയും ലിംഗഭേദത്തെയും ലൈംഗികതയെയും മുൻനിർത്തിയുള്ള രാഷ്ട്രീയചർച്ചകൾക്ക് മുന്നേയാണ് ഈ പാഠങ്ങൾ രൂപപ്പെട്ടതെന്നതിനാൽ ഒരു ഒളിച്ചുവെക്കൽ ഘട്ടത്തിലാണ് (Closeted Phase)[2] ഇവയെ പ്രബന്ധം സ്ഥാനപ്പെടുത്തുന്നത്. ഇവിടെ അഭാവമായാണ്(Lack)


ISSN: 2582 - 2594

വിമതലൈംഗികതയെ (Queer Sexualities)[3] പരിചരിക്കുന്നത്. ഭിന്നവർഗ്ഗലൈംഗികതയ്ക്കാണ് പാഠത്തിൽ എളുപ്പം പ്രവേശനമുള്ളത്, വിമതലൈംഗികത ഒരു അപര സാന്നിധ്യമാണ്. പാഠത്തിലെ വിമതലൈംഗികതയുടെ അഭാവം പ്രത്യയശാസ്ത്രപരമായ അഭാവമാണെന്ന് പ്രബന്ധം തിരിച്ചറിയുന്നു. ഇതിനെ പ്രശ്നവത്കരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. ഭിന്നവർഗ്ഗലൈംഗികതയുടെ (Heterosexuality)[4] അധീശത്വത്തെ ചോദ്യം ചെയ്യുന്ന എതിർശബ്ദങ്ങളെ പാഠത്തിനകമേ കണ്ടെടുക്കാനുള്ള ശ്രമങ്ങളെയാണ് 'വിമതീകരണം' (Queering) എന്ന് പരിഭാഷപ്പെടുത്തുന്നത്. ഫോക്ക് പാഠങ്ങളുടെ ഭിന്നവർഗ്ഗലൈംഗിക ജീവിതത്തെ വെല്ലുവിളിക്കാൻ പോന്ന 'വിമത'സാന്നിധ്യങ്ങളെ പാഠത്തിനകമേ അന്വേഷിക്കുന്ന രീതി, പരമ്പരാഗതമായ (ഭിന്നവർഗ്ഗലൈംഗികവത്കരിക്കപ്പെട്ട) വായനകളിൽ നിന്ന് വേറിട്ട സമീപനവുമാണ്.

### വിമതീകരണം: സങ്കല്പനവും രാഷ്ട്രീയവും

ശബ്ദതാരാവലിയിൽ 'വിമതം'എന്ന പദത്തിന് നൽകുന്ന അർത്ഥസൂചനകൾ ചുവടെ നൽകുന്നു: വിമത; അനിഷ്ടമായ യോജിപ്പില്ലാത്ത വെറുക്കപ്പെട്ട, വിമതം; വിരുദ്ധമതം (ശ്രീകണ്ഠേശ്വരം ജി പദ്മനാഭപ്പിള്ള 2011(1923), 1580).

'Queer' എന്നതിനെ 'വിമതം' എന്നും Queer-ന്റെ ക്രിയാരൂപമായ 'Queering'നെ 'വിമതീകരണം' എന്നുമാണ് പ്രബന്ധം പരിഭാഷപ്പെടുത്തുന്നത്. വിമതമെന്ന(Queer) പദത്തിന്റെ ചരിത്രത്തെകുറിച്ചുള്ള ആലോചനകളെ സാമാന്യമായി രണ്ടു ഘട്ടങ്ങളായി തരംതിരിക്കാവുന്നതാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ പ്രചാരത്തിലുണ്ടെങ്കിലും 1990-കളോടെയാണ് വിപുലമായ അർത്ഥസൂചനകൾ ഈ പദത്തിന് കൈവരുന്നത്.

• സ്വവർഗ്ഗാനുരാഗികളെ കുറിക്കുന്ന അവഹേളന സ്വഭാവമുള്ള ഒരു പ്രയോഗമെന്ന മട്ടിലുള്ള നിലനിൽപ്പാണ് ആദ്യഘട്ടത്തിലേത്.

• ഇരുപതാംനൂറ്റാണ്ടുകളിൽ ലൈംഗികതയെ മുൻനിർത്തിയുണ്ടായ ശക്തമായ സംവാദങ്ങൾ വിമതമെന്ന പദത്തിന്റെ രാഷ്ട്രീയ മൂല്യം ഉയർത്തി.

സാഹിത്യപഠനത്തിൽ വിമതമെന്ന പദം പ്രയോഗിക്കുന്നത് തെരേസ ഡി ലോറിറ്റസാണ്. 'അധികാര വ്യവസ്ഥകൾക്ക് പുറമെ നിൽക്കുന്നത്''എന്ന അർത്ഥത്തിലാണ് ലോറിറ്റസ് ഈ പദം ഉപയോഗിക്കുന്നത്. വിമത(Queer) സംസ്കാരത്തിന്റെ ചരിത്രപരമായ വികാസത്തെ മൂന്ന് ഘട്ടങ്ങളായി Introducing Cultural Studies-ൽ അവതരിപ്പിക്കുന്നുണ്ട്; 1968-75 കാലഘട്ടത്തിൽ ഭിന്നവർഗ്ഗലൈംഗികതയുടെ മാനകരൂപത്തിൽ നിന്നുള്ള വ്യതിയാനമെന്ന മട്ടിലാണ് സ്വവർഗ്ഗലൈംഗികതയെ തിരിച്ചറിഞ്ഞത്. 1975 മുതൽ 1980 കളുടെ പകുതികൾ വരെയുള്ള കാലഘട്ടത്തിൽ- സംഘടനാവബോധത്തിനകത്തേക്ക് രാഷ്ട്രീയവത്കരിക്കപ്പെട്ട ഒരു ഉപസമൂഹമെന്നോണം ക്വിയർ മനുഷ്യരുൾച്ചേരുന്നുണ്ട്. 1980കളുടെ പകുതികളോടെ, എയ്ഡ്സ് പടർച്ച സൃഷ്ടിച്ച സവിശേഷമായ സാഹചര്യം ക്വിയർ രാഷ്ട്രീയത്തെ സ്വാധീനിക്കുന്നു(Richard Appignanesi 2004:149-151).

വിമതമെന്ന പദത്തിൽ ഒരനിശ്ചിതത്വം അവശേഷിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് Bodies that Matters:The Discursive limits of sex എന്ന പുസ്തകത്തിൽ ജൂഡിത് ബട്ലർ

എഴുതുന്നുണ്ട്. വിമതമെന്ന വാക്ക് പ്രതിനിധാനം ചെയ്യുന്ന ഒന്നിനെയും ആ വാക്കിനാൽ മുഴുവനായും വിശദീകരിക്കരുത് എന്നാണ് ജൂഡിത് ബട്ലറിന്റെ വാദം (1993:225-228).

## പാഠം (Text) വായന (Reading) വിമതത്വം (Queerness)

ഒരു പാഠത്തിന്റെ വായന രണ്ടു രീതിയിൽ സംഭവിക്കാം;

1. എഴുത്തുകാരിയുടെ/കാരന്റെ കാഴ്ച്ചപ്പാടുകളെ മുൻനിർത്തിയുള്ള വായന
2. വായനക്കാരിയുടെ/ക്കാരന്റെ കാഴ്ച്ചപ്പാടുകളെ മുൻനിർത്തിയുള്ള വായന

വായനക്കാരിയുടെ/ക്കാരന്റെ നിലപാടിനെ ആശ്രയിച്ചുള്ള വായന എഴുത്തുകാരിയുടെ/കാരന്റെ നിലപാടുകളെ ഒരു പരിധിവരെ അവഗണിക്കുകയും പുതിയൊരു പാഠത്തെ നിർമ്മിച്ചെടുക്കുകയും ചെയ്യുന്നതിൽ സജീവമായി ഇടപെടുന്നുണ്ട്. ഈ നിലയിൽ വിമതവായന പൂർണമായും വായനക്കാരുടെ കാഴ്ച്ചപ്പാടിനെ മുൻനിർത്തിയാണ് സാധ്യമാകുന്നതെന്ന് പറയാം. അസന്നിഹിത ഹേതുവെന്ന നിലയിൽ പാഠത്തിനുള്ളിൽ നിലനിൽപ്പുള്ളതും ഭിന്നവർഗ്ഗലൈംഗികമാനകഘടനയെ പ്രശ്നവത്കരിക്കുന്നതുമായ സവിശേഷ സാന്നിധ്യത്തെയാണ് വിമതത്വമെന്ന് (Queerness) ഇവിടെ വിശേഷിപ്പിക്കുന്നത്.

അലക്സാണ്ടർ ഡോത്തി ബഹുജന സംസ്കാരത്തിന്റെ മണ്ഡലത്തിൽ വിമതത്വം സന്നിഹിതമാകുന്നത് മൂന്ന് വിധത്തിലാണെന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട്; (1) പാഠരൂപീകരണത്തിന്റെ സന്ദർഭത്തിലുള്ള സ്വാധീനങ്ങൾ (2) സ്വയം തിരിച്ചറിയുന്ന വിമത വ്യക്തികളുടെ പാഠത്തിന്റെ ഉപയോഗവും സാംസ്കാരികമായ വായനകളും (3) വിമതലൈംഗികതയുടെ സൂചനകളേയില്ലാത്ത പാഠങ്ങളിലെ വിമതത്വം കണ്ടെത്താനുള്ള ശ്രമങ്ങൾ.

മൂർത്തമായി വിമതലൈംഗിക സൂചനകളുള്ള പാഠങ്ങളിൽ പാഠ രൂപീകരണത്തിന്റെയും സ്വീകരണത്തിന്റെയും സന്ദർഭത്തിലെ സ്വാധീനങ്ങളാൽ വെളിപ്പെടുത്തിയെടുക്കേണ്ട സാന്നിധ്യമാണത്. സത്താവത്കരിക്കപ്പെട്ട നിലയിലല്ല വിമതത്വം സാന്നിധ്യമറിയിക്കുന്നത്. പ്രത്യക്ഷമായ വിമതസൂചനകളില്ലാത്ത പാഠങ്ങളാകട്ടെ സൂക്ഷ്മ വിശകലനമർഹിക്കുന്നുണ്ട്. ഒരു സാംസ്കാരിക പാഠം എത്രത്തോളം മറ്റുള്ളവരാൽ ഭിന്നലൈംഗികവത്കരിക്കപ്പെട്ടിട്ടുണ്ടോ അത്രത്തോളം തന്നെ വിമതത്വം ആരോപിക്കപ്പെടാനുള്ള സാധ്യത അവശേഷിപ്പിക്കുന്നുമുണ്ട്. പ്രത്യക്ഷമായി വിമതലൈംഗികതയെ ആവിഷ്കരിക്കുന്ന പാഠങ്ങളിൽ മാത്രമല്ല, ഭിന്നവർഗ്ഗലൈംഗികമാനകമായ പാഠങ്ങളിലും വിമതീകരണം സാധ്യമാണെന്നാണ് Making Things Perfectly Queer എന്ന കൃതിയിൽ ഡോത്തി അഭിപ്രായപ്പെടുന്നത്.

വിമതീകരണം പാഠത്തെ സവിശേഷ രീതിയിലാണ് പരിചരിക്കുന്നത്. പാഠത്തിന്റെ രേഖീയമായ ജീവിതത്തെ ക്വിയർ ചിന്തകരും ഘടനാവാദാനന്തര ചിന്തകരും പൊതുവേ അംഗീകരിക്കുന്നില്ല. പാഠം എപ്പോഴും സാധ്യമായ നിരവധി വായനകളെ അവശേഷിപ്പിക്കുന്നുണ്ട് (Meg-John Barker, Julia Scheele, 2016:205).

## ഫോക്ക് പാഠങ്ങളുടെ വിമതത്വം

ഒരു സമൂഹം അപ്പാടെയാണ് ഫോക്ക് പാഠങ്ങളുടെ സൃഷ്ടിയിൽ ഇടപെടുന്നത്. ഈ സമൂഹം പലതരം വൈരുദ്ധ്യങ്ങളും വൈവിധ്യങ്ങളും പേറുന്നുണ്ട്. ലിംഗഭേദത്തെയും ലൈം

ഗികതയെയും കുറിച്ച് ഈ സമൂഹം വെച്ചുപുലർത്തുന്ന ധാരണകളിലും ഈ സങ്കീർണ്ണതകളെ തെളിയിച്ചെടുക്കാവുന്നതാണ്. മൂർത്തമായി ഫോക്ക് പാഠങ്ങളിൽ വിമതത്വം പ്രത്യക്ഷപ്പെടണമെന്നില്ല. പാഠത്തിനുള്ളിലെ ചില അവ്യക്തതകളും അനിശ്ചിതത്വങ്ങളുമാണ് വിമതത്വത്തെ നിർണ്ണയിക്കുന്നത്. നിലനിൽക്കുന്ന ലിംഗഭേദ ക്രമങ്ങളെ അട്ടിമറിക്കാനുള്ള ശ്രമങ്ങളെ പാഠത്തിൽ നിന്ന് കണ്ടെത്തേണ്ടതുണ്ട്. പ്രധാനമായും ഫോക്ക് പാഠങ്ങളുടെ വിമതത്വത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളെ ചുവടെ ക്രോഡീകരിക്കുന്നു. ഇവയെ വിമത സൂചകങ്ങളെന്ന് (Queer Signifier) വിശേഷിപ്പിക്കാം:

**1) സ്വവർഗ്ഗ സൗഹൃദങ്ങൾ**

സൗഹൃദങ്ങളെ ലൈംഗികേതരമായാണ് നിർവചിച്ചിരിക്കുന്നത്. ആധുനികതയുടെ സന്ദർഭത്തിൽ വ്യക്തിയെ മുൻനിർത്തി രൂപപ്പെട്ട ചില ധാരണകളാണ് സൗഹൃദത്തിന്റെയും ആധാരമായത്. ലൈംഗികേതരമായ ഒരു നിലനിൽപ്പ് ആൺ-പെൺ സൗഹൃദങ്ങളിൽ സാധ്യമല്ലെന്ന മുൻവിധിയുമുണ്ട്. സാമൂഹികമായ അംഗീകാരമുള്ളത് പ്രധാനമായും ആൺ-ആൺ സൗഹൃദമാണ്. പെൺ-പെൺ സൗഹൃദങ്ങൾക്ക് യാതൊരു ആധികാരികതയും പുരുഷാധികാര സമൂഹം അനുവദിച്ചുകൊടുക്കുന്നില്ല. ഇതിനാൽ തന്നെ ഭിന്നവർഗ്ഗലൈംഗിക മൂശയാൽ നിർണ്ണയിക്കപ്പെടുന്നതിനാലാണ് (സ്വവർഗ്ഗ)സൗഹൃദം ലൈംഗികേതരമായി തിരിച്ചറിയപ്പെട്ടതെന്ന് വ്യക്തമാണ്.

**2) ലിംഗഭേദത്തെ കുറിച്ചുള്ള സംശയങ്ങൾ/വേഷംകെട്ടലുകൾ**

ആധുനികതയുടെ ആൺ-പെൺ നിർമ്മിതികളോട് പല തരത്തിൽ കലഹിക്കുന്ന സൂചനകൾ പാഠത്തിലുണ്ടാകാം. ആണത്തം, പെണ്ണത്തം എന്നിവയിൽ പല മാതിരി അട്ടിമറികൾ സംഭവിച്ചേക്കാം.

ഇത് പ്രധാനമായും രണ്ട് രീതിയിലാണ് സംഭവിക്കുന്നത് ;

- പല സന്ദർഭങ്ങളിലും പുരുഷൻ സ്ത്രീയായും സ്ത്രീ പുരുഷനായും വേഷം കെട്ടുന്ന സൂചനകൾ പാഠത്തിലുണ്ടാകാം.
- ചില കഥാപാത്രങ്ങളുടെ പെരുമാറ്റം ലിംഗതന്മയെ മുൻനിർത്തിയുള്ള പ്രതീക്ഷകൾക്ക് നേർവിപരീതമായേക്കാം.

3) ഭിന്നവർഗ്ഗലൈംഗിക കുടുംബഘടനയ്ക്ക് പുറമേ നിൽക്കുന്ന/വിവാഹ ബാഹ്യ ഒറ്റ ജീവിതം നയിക്കുന്ന കഥാപാത്രങ്ങൾ/ഭിന്നവർഗ്ഗലൈംഗികവും പുരുഷാധികാരപരവുമായ ഘടനയോട് പല വിധത്തിൽ കലഹിക്കുന്ന കഥാപാത്രങ്ങൾ/പ്രതിനായകർ

ഭിന്നവർഗ്ഗലൈംഗിക മാനകക്രമത്തിൽ നിന്ന് ഒറ്റതിരിഞ്ഞ് നിൽക്കുന്നതും ഭിന്നവർഗ്ഗലൈംഗികവും പുരുഷാധികാരപരവുമായ വ്യവസ്ഥയോട് പല വിധത്തിൽ കലഹിക്കുന്നതുമായ കഥാപാത്രങ്ങൾ പാഠത്തിലുണ്ടാകും. ഭിന്നവർഗ്ഗലൈംഗികമൂശയിൽ നിർണ്ണയിക്കപ്പെടുന്ന വിവാഹം, പ്രണയം തുടങ്ങിയവയിൽ നിന്ന് കൃത്യമായ അകലം സൂക്ഷിക്കുന്ന കഥാപാത്രങ്ങളിൽ വിമതത്വം ആരോപിക്കാൻ സാധിച്ചേക്കും.

4) മിത്തുകളുടെ ഉപയോഗം

പാഠത്തിൽ മിത്തുകളുടേതായ ഒരു തലമുണ്ടാകാം. അതിമാനുഷികമോ, അസത്യമോ, അർദ്ധ സത്യമോ ആയ കാര്യങ്ങൾ ഈ തലത്തിൽ ഉൾപ്പെടുന്നു. ഈ മണ്ഡലം യാഥാർത്ഥ്യത്തോട് നിരന്തരം കലഹിക്കുന്നുണ്ട്. യാഥാർത്ഥ ലോകം ഭിന്നവർഗ്ഗ ലൈംഗിക കേന്ദ്രിതമാണെന്നിരിക്കെ, മിത്തുകൾ ഈ ക്രമത്തോട് പല പ്രകാരങ്ങളിൽ ഇടയുന്നുണ്ടാകും. മിത്തുകളുടെ തലം ഭാവനയുടെ ഉൽപ്പന്നമാണ്. ലിംഗഭേദ കൃത്യതകളുള്ള ഒരു ലോകത്ത് ഭാവന ഭീഷണിയാണ്. ഇത് നിലനിൽക്കുന്ന ലോകത്തിന്റെ ഒരു പ്രതി-കാഴ്ച്ചയെ നിർമ്മിക്കുന്നുവെന്ന് മൈക്കൽ ബ്രോൻസ്കി അഭിപ്രായപ്പെടുന്നുണ്ട്. പാഠത്തിലെ മിത്തുകളെയും ഇതര-ഭാവനാ വ്യാപാരങ്ങളും വിശകലനം ചെയ്ത് 'വിമതത്വം' കണ്ടെത്താനാകും. ഇത് അന്തിമമായ ഒരു വർഗ്ഗീകരണമല്ല, സാധ്യമായ നിരവധി വിമത സൂചകങ്ങളാലാണ് പാഠത്തിന്റെ വിമതത്വം നിർണ്ണയിക്കപ്പെടുന്നത്.

2

**വടക്കൻപാട്ടുകളുടെ വിമത(അ)സാധ്യതകൾ**

വാമൊഴി സാഹിത്യത്തിന്റെ ഭാഗമായ വടക്കൻപാട്ടുകളിലേറെയും വീരകഥാഗാനങ്ങളാണ്. വടക്കൻ കേരളത്തിൽ ജീവിച്ചിരുന്ന വീര പുരുഷന്മാരുടെ അപദാനങ്ങളാണ് പാട്ടുകളുടെ പ്രമേയമാകുന്നത്. ഉണ്ണിയാർച്ച, കൊടുമല കുങ്കി, മതിലേരിക്കന്നി തുടങ്ങിയ ശക്തമായ സ്ത്രീകഥാപാത്രങ്ങളുമുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് 'മലബാർ'എന്നും സ്വാതന്ത്ര്യാനന്തരം 'വടക്കൻ കേരളം' എന്നും വിശേഷിപ്പിക്കപ്പെട്ട പ്രദേശങ്ങളിലെ അവർണ്ണ-മുസ്ലീം വിഭാഗത്തിൽപെട്ടവർക്കിടയിൽ പ്രചാരത്തിലിരുന്ന പാട്ടുകളാണ് 'വടക്കൻപാട്ടുകളെ'ന്ന് അറിയപ്പെടുന്നത്. പത്തൊമ്പത്-ഇരുപത് നൂറ്റാണ്ടുകളിൽ വളരെ സജീവമായി നിലനിന്നിരുന്ന ഈ പാട്ടുസംസ്കാരത്തിന് ഇപ്പോഴും വലിയ തോതിലല്ലെങ്കിൽപ്പോലും പിന്തുടർച്ചക്കാരുണ്ട്. പുത്തൂരംപാട്ടുകൾ, തച്ചോളിപ്പാട്ടുകൾ, ഒറ്റപ്പാട്ടുകൾ എന്നിങ്ങനെ മൂന്ന് പാരമ്പര്യങ്ങളാണ് വടക്കൻപാട്ടുകളിലുള്ളത്(എ.കെ.നമ്പ്യാർ, 2000:186). കണ്ണപ്പച്ചേകവർ, ആരോമൽ ചേകവർ, ഉണ്ണിയാർച്ച തുടങ്ങിയവരെകുറിച്ചുള്ള പാട്ടുകളാണ് പുത്തൂരം പാട്ടുകൾ. തച്ചോളി ഒതേനനെ കേന്ദ്രീകരിച്ചുള്ള പാട്ടുകളാണ് തച്ചോളിപ്പാട്ടുകൾ. ഒതേനനു പുറമെ പാലാട്ടുകോമൻ, കുടകുമല കുങ്കി തുടങ്ങിയ നിരവധി വീരരുടെ കഥകളും തച്ചോളിപ്പാട്ടുകളുടെ ഭാഗമാണ്. ഈ രണ്ടു പാരമ്പര്യങ്ങളിൽ നിന്നും വ്യത്യസ്തമായി പൂമാതൈ പൊന്നമ്മ, മതിലേരിക്കന്നി തുടങ്ങിയവരെകുറിച്ചുള്ള പാട്ടുകളാണ് ഒറ്റപ്പാട്ടുകൾ. കാമിനി മൂലമുണ്ടായ നേരങ്കങ്ങളും പൊയ്ത്തുമാണ് തച്ചോളിപ്പാട്ടുകളിലേറെയുമുള്ളത്. പഴകുലോംകന്നിയുടെ പാട്ടിൽ - "ആണിനടങ്ങാത്ത പെണ്ണുണ്ടിന്ന്

അങ്ങനെയൊരു പെണ്ണുണ്ടെങ്കിൽ ഓളെ ഞാൻ നന്നാക്കിക്കൊണ്ടുമല്ലോ"ന്ന് ഒതേനൻ വീമ്പിളക്കുന്നുണ്ട്;

"ഞാനിന്നടക്കാത്ത പെണ്ണുമില്ല.

ഞാനിന്നു കേറാത്ത വീടുമില്ല"തുടങ്ങി ആൺ-പെൺ ബന്ധത്തിലെ അധികാര ഘടനയെ കൃത്യമായി പാട്ടുകൾ അടയാളപ്പെടുത്തുന്നുണ്ട്. ഭിന്നവർഗ്ഗലൈംഗികവും പുരുഷകേന്ദ്രിതവുമായ ആശയാവലികളെയാണ് പിന്തുടരുന്നതെങ്കിലും ഈ അധീശമാതൃകയെ ചോദ്യം

 ISSN: 2582 - 2594

ചെയ്യുന്ന ചില (പ്രതി)ലോകങ്ങളും വടക്കൻപാട്ടുകളുടെ ഉള്ളടക്കത്തിലുണ്ട്.

"അയ്യേ കരിങ്കണ്ണാ നാട്ടുവായ്ച്ചേ

കത്തിയ തില കൊണ്ടും പൂമുല കൊണ്ടും

കൂത്താടാൻ പോരുന്നോ ചോരക്കണ്ണാ"എന്ന് ഒച്ചയെടുക്കുന്ന പൂമാതൈ പൊന്നമ്മയെപ്പോലുള്ള കഥാപാത്രങ്ങൾ ഇതിന് ഉദാഹരണമാണ്.

"പെണ്ണന്നമെന്നെ കരുതീടല്ലേ

പെണ്ണു പറഞ്ഞതു കാര്യമല്ല

ചങ്കിൽ മുഴയുള്ള ജാതിയല്ലേ" -എന്ന വരികളിൽ ശാരീരികമായ പ്രത്യേകതകളെ മുൻനിർത്തിയാണ് ലിംഗവിഭജനം (Sex division). ഈ വിഭജനയുക്തിയാണ് പ്രകടനപരതയിലൂടെ (Performativity)[5] മതിലേരിക്കന്നിയിൽ പ്രശ്നവത്കരിക്കപ്പെടുന്നത്.

**മതിലേരിക്കന്നി:ഇതിവൃത്തം**

വടക്കൻ പാട്ടുകളിലെ മഹാകാവ്യമെന്നാണ് എം.കെ.പണിക്കോട്ടി മതിലേരിക്കന്നിയെ വിശേഷിപ്പിക്കുന്നത് (2013(2008):18). മൂന്ന് കന്നികളുടെ കഥയാണ് പാട്ടിന്റെ ഉള്ളടക്കം. ചിറക്കൽ വാഴുന്നവർ (മതിലേരി കോവിലകം) കോലത്തിരി രാജാവിന്റെ പടത്തലവനായിരുന്നു. കോലത്തിരിയുടെ കൊട്ടാരം സന്ദർശിച്ച ഇളയിടത്ത് രാജാവ് പടത്തലവനിൽ ആകൃഷ്ടനാവുകയും സഹോദരിയെ ചിറക്കൽ വാഴുന്നവർക്ക് വിവാഹം ചെയ്തു കൊടുക്കുകയും ചെയ്തു. അവർക്ക് ജനിച്ച മകളാണ് മതിലേരിക്കന്നി. പതിനേഴാമത്തെ വയസ്സിൽ അവൾ ചിറക്കരനാടിന്റെ ഭരണമേറ്റു. ഒരു ദിവസം വളർമുണ്ടക്കാവിൽ താലപ്പൊലി കാണാൻ പോയ മതിലേരിക്കന്നി വേണാട്ട് രാജാവുമായി പ്രണയത്തിലാകുന്നു. ഓടനാട്ടുമായുള്ള യുദ്ധം കാരണം വേണാട് വാഴുന്നവർക്ക് മതിലേരിക്കന്നിയെ പിരിയേണ്ടിവരുന്നു. ഈ യുദ്ധത്തിന്റെ കാര്യമൊന്നും മതിലേരിക്കന്നിയെ തമ്പുരാൻ അറിയിച്ചിരുന്നില്ല. മൂന്ന് കൊല്ലം കഴിഞ്ഞിട്ടും വേണാട്ട് രാജാവിന്റെ വിവരങ്ങളറിയാത്തതിനാൽ ഒരു തിരുവാതിര നാളിൽ മതിലേരിക്കന്നി ചിത്രത്തൂണ് മറഞ്ഞുനിന്ന് ഇടനെഞ്ച് പൊട്ടിക്കരഞ്ഞപ്പോൾ വാഴുന്നവർ കാര്യം വെളിപ്പെടുത്തി. യുദ്ധവിവരമറിഞ്ഞ കന്നി വേണാട് വാഴുന്നവരെ സഹായിക്കാൻ പൊന്നൻ എന്ന പേര് സ്വീകരിച്ച് ആൺ വേഷം കെട്ടി വേണാടിന്റെ അതിർത്തിയായ ചിറവാമണൽപ്പുറത്തെത്തി. ഏഴുനാൾ നീണ്ടുനിന്ന പൊയ്ത്തിൽ ഓടനാടിന്റെ പതിനായിരം പടനായകന്മാരെയും വെട്ടിവീഴ്ത്തി പടത്തലവൻ പൊന്നൻ വേണാടിന്റെ മാനം കാത്തു. പുരുഷവേഷധാരിയായ പടനായരെ വേണാട് തമ്പുരാൻ പ്രാണനുതുല്യം സ്നേഹിച്ചു. യുദ്ധ ശേഷം വേണാടിൽ വാഴുന്ന പൊന്നനോട് വേണാട് തമ്പുരാന്റെ അനുജത്തിയായ വേണാട് പൂങ്കോയിലോം കന്നിയ്ക്ക് പ്രണയം തോന്നുന്നു. എന്നാൽ ഈ പ്രണയാഭ്യർത്ഥന നിരസിച്ച പൊന്നൻ രാത്രിയിൽ മതിലേരിയിലേക്ക് മടങ്ങുന്നു. പൊന്നനേയും അന്വേഷിക്കാം മതിലേരിക്കന്നിയേയും കാണാമെന്ന ചിന്തയിൽ മതിലേരിയ്ക്ക് പുറപ്പെടുന്ന വേണാട് തമ്പുരാനെ വഴിക്ക് വെച്ച് ചൂരിയമണി കോവിലകം കന്നി കാണുകയും അനുരാഗത്തിലാകുകയും ചെയ്യുന്നു. അദ്ദേഹത്തെ സ്വന്തമാക്കണമെന്ന ചിന്തയിൽ പൂരം നോൽക്കാനായി ചൂരിയമണി കോവിലകം കന്നി മതിലേരിയിലെത്തുന്നു. അവിടെയെ

ത്തി മതിലേരിക്കന്നിക്കുള്ള പൂരത്തടയിൽ നഞ്ച് ചേർത്ത ശേഷം അവൾ തിരികെ പോകുന്നു. വിഷമുള്ള അട തിന്ന മതിലേരി കന്നി, വേണാട് തമ്പുരാന്റെ മടിയിൽ കിടന്നു അന്ത്യശ്വാസം വലിക്കുന്നു. അപ്പോഴാണ് കന്നിയും പൊന്നനും ഒരാളാണെന്നു വേണാട് വാഴുന്നവർ തിരിച്ചറിയുന്നത്. മതിലേരിക്കന്നിയുടെ വേർപാടിൽ മനം നൊന്ത് തമ്പുരാനും ചങ്ക് പൊട്ടി മരിക്കുന്നു.

### (അ)ദൃശ്യ കാമനകൾ

ലിംഗ തന്മയെയും (Gender Identity) ലൈംഗികതയെയും (Sexuality) പ്രശ്നവത്കരിക്കുന്ന സമീപനങ്ങൾ പുതിയ കാലത്തിന്റെ സൃഷ്ടിയാണ്. മതിലേരിക്കന്നി പോലുള്ള പാഠങ്ങളിൽ വിമതീകരണം സാധ്യമാക്കുന്നത് പുതിയ മട്ടിലുള്ള പാരായണങ്ങളാണ്. മതിലേരിക്കന്നിയിൽ പ്രതിപാദിക്കുന്ന സവിശേഷമായ അടുപ്പങ്ങളെ(Intimacies) ഇപ്രകാരം ക്രോഡീകരിക്കാം;

i മതിലേരിക്കന്നി-വേണാട് വാഴുന്നോർ

ii വേണാട് വാഴുന്നവർ-പൊന്നൻ

iii വേണാട് പൂങ്കോയിലോം കന്നി-പൊന്നൻ

iv ചൂരിയമണി കോവിലോം കന്നി-വേണാട് വാഴുന്നോർ

വേണാട് വാഴുന്നവരും മതിലേരിക്കന്നിയും തമ്മിലുള്ള ബന്ധമാണ് പ്രധാനമെങ്കിലും ഈ ഭിന്നവർഗ്ഗലൈംഗിക ബന്ധത്തിലുണ്ടാകുന്ന പല മാതിരി തടസ്സങ്ങളാണ് പാട്ടിന്റെ ഗതിയെ നിർണ്ണയിക്കുന്നത്.

പൂങ്കോയിലോം കന്നിയുടെ കോവിലകം സ്ത്രീസ്വവർഗ്ഗസാമൂഹികതയുടെ(Homosociality) സ്ഥലരാശിയെന്ന നിലയിലാണ് പാഠത്തിൽ അവതരിക്കപ്പെടുന്നത്.

"ഉമ്മറകോലാലിരുത്തിയാലും
അടുക്കളെടവട്ടം പാതാരീലും
കാക്കപ്പട കൊമ്പത്ത് കൂടിയ പോലെ
പെണ്ണുങ്ങളുടെ കലപില തന്നെപ്പോഴും
ആണില്ലാണ്ടാണങ്ങളെ കൂട്ടില്ലാഞ്ഞ്
എരിപൊരി സഞ്ചാരം പെണ്ണുങ്ങൾക്ക്" ((1994(1979) 101). കോവിലകം നിറയെ പെണ്ണുങ്ങളാണ്. ഈവ് കൊസോഫ്സ്കി സെഡ്ഗ്വിക്ക് സ്വവർഗ്ഗസാമൂഹികതയും സ്വവർഗ്ഗലൈംഗികതയും തമ്മിലുള്ള നൈരന്തര്യത്തെ കുറിച്ച് Between Men; English Literature and Male Homosocial Desire എന്ന കൃതിയിൽ പരിശോധിക്കുന്നുണ്ട്. ഈ സന്ദർഭത്തിൽ പൊന്നന്റെ വേഷത്തിലെത്തുന്ന മതിലേരികന്നിയോട് പൂങ്കോയിലോംകന്നിയ്ക്ക് പ്രേമം തോന്നുന്നു. ഭിന്നവർഗ്ഗലൈംഗികതയുടെ ഒരു പകർപ്പെന്ന നിലയിലാണ് ഈ കാമനയെ സ്ഥാനപ്പെടുത്തുന്നത്. അങ്ങനെയെങ്കിൽ മതിലേരികന്നി ആൺ വേഷം കെട്ടുമ്പോൾ ഭിന്നവർഗ്ഗലൈംഗികേതരമായ പ്രണയത്തിന്റെ സാധ്യത പാഠത്തിലുണ്ട്. അതേസമയം മതിലേരികന്നി-പൂങ്കോകയിലോം കന്നി എന്ന സ്വവർഗ്ഗപ്രണയത്തെ ഭിന്നവർഗ്ഗലൈംഗികവത്കരിക്കപ്പെട്ട പാഠം അദൃശ്യമാക്കുന്നു. ഈ പ്രണയഭാവന പാഠത്തിൽ അംഗീകാരം നേടുന്നില്ല. ഇതേ മട്ടിലാണ് വേണാട് വാഴുന്നവരും പൊന്നനും തമ്മിലുള്ള സവിശേഷമായ അടുപ്പത്തെ വിശകലനം ചെയ്യേണ്ടത്.

 ISSN: 2582 - 2594

പൊന്നന്റെ നാട്ടുവിടൽ വേണാട് തമ്പുരാനെ വല്ലാതെ ബാധിക്കുന്നുണ്ടെന്നതിന് പാഠത്തിൽ നിരവധി സൂചനകളുണ്ട്;

“പാക്കഞ്ഞി വേണ്ട, പതിവ് വേണ്ട
പള്ളിയുറക്കില്ല നീരാട്ടില്ല
ശീലായ്മക്കേടെല്ലാം മിണ്ടാറില്ല
തിരുനാവെട്ടുത്തൊന്നരിയാട്ടില്ല
അന്തിപകലേഴപിന്തിരാച്ച
തിരുമേനിക്കെന്തൊരുരുക്കപ്പാട്
നിന്നൂടിരുന്നൂടാ നോക്കിക്കൂടാ
തിരുമേനി നന്നച്ചെതം കെട്ടിക്ക്
ചിറിയോരം പുഞ്ചിരി കാണാനില്ല
കളിയോരം കണ്ണോന്നും കാണാറില്ല”(170). ഈ ഘട്ടത്തിൽ വാഴുന്നവരുടെ ജീവിതം വല്ലാതെ പ്രതിസന്ധിയിലാകുന്നുണ്ട്. അതേസമയം മതിലേരിക്കന്നിയെ പ്രതി വാഴുന്നവരിൽ രൂപപ്പെടേണ്ട വിരഹം പാഠത്തിൽ വിശദമായി ആവിഷ്കരിക്കപ്പെടുന്നുമില്ല. മതിലേരിക്കന്നിയുടെ അസാന്നിധ്യം പൊന്നനാൽ പൂരിപ്പിക്കപ്പെടുകയാണ് ചെയ്യുതെന്ന് കണ്ടെത്താം. പൊന്നൻ മതിലേരിക്കന്നിയാണെന്ന് വാഴുന്നവർ തിരിച്ചറിയുന്നില്ലെന്നതിനാൽ വേണാട് വാഴുന്നവരും പൊന്നനും തമ്മിലുള്ളത് സവിശേഷമായ ഒരു സ്വവർഗ്ഗബന്ധമാണ്. സൗഹൃദമെന്ന നിലയിൽ പരിചരിക്കപ്പെടുന്ന ഈ ബന്ധത്തിന് പാഠത്തിൽ ലൈംഗികേതരമായ നിലനിൽപ്പാണുള്ളത്. പൊന്നനും വേണാട് വാഴുന്നവരും തമ്മിലുള്ള സ്വവർഗ്ഗപ്രണയത്തിന്റെ സാധ്യതയെയും പാഠം നിഷേധിക്കുന്നുണ്ട്.

ചൂരിയമണികൊയിലോംകന്നിയ്ക്ക് വേണാട് വാഴുന്നവരോട് തോന്നുന്ന കാമന ഭിന്നവർഗ്ഗലൈംഗികവത്കരിക്കപ്പെട്ടതാണ്. അതേസമയം ഈ കാമന ഭിന്നവർഗ്ഗലൈംഗികമാനകമായ പുരുഷാധികാര വ്യവസ്ഥയോട് കലഹിക്കുന്നുമുണ്ട്. പാഠം ആദർശവത്കരിക്കാൻ ശ്രമിക്കുന്ന മതിലേരികന്നി-വേണാട് വാഴുന്നോർ ബന്ധത്തിൽ തടസ്സം സൃഷ്ടിക്കുകയെന്ന ധർമ്മമാണ് ചൂരിയമണികൊയിലോംകന്നിയ്ക്കുള്ളത്. ചൂരിയമണികോവിലകംകന്നിയുടെ പ്രണയത്തെ ‘താമസമായ കാമം’ എന്നാണ് വി.ടി.കുമാരൻ വിശേഷിപ്പിക്കുന്നത്(കുഞ്ഞിരാമൻ നമ്പ്യാർ ടി.എച്ച്.1979;23). ഭിന്നവർഗ്ഗലൈംഗികമാനകമായ പ്രണയസങ്കൽപ്പമാണെങ്കിൽപ്പോലും സ്ത്രൈണ കാമനയുടെ സ്വതന്ത്രമായ ആവിഷ്ക്കാരമാണ് ചൂരിയമണി കോവിലകം കന്നിയിലൂടെ സാധ്യമാകുന്നത്. ഇത് സ്ത്രീ ലൈംഗികത മെരുക്കപ്പെടേണ്ടതാണെന്ന നിലപാടിനെ ചോദ്യം ചെയ്യുകയും മാനകേതരമായ (Non-Normative) ഒരു നിലയെ സ്വീകരിക്കുകയും ചെയ്യുന്നു. നിലനിൽക്കുന്ന ഭിന്നവർഗ്ഗലൈംഗിക മൂല്യങ്ങളോടുള്ള കലഹമാണ് ചൂരിയമണി കോവിലകം കന്നിയുടെ വിമതത്വത്തെ (Queerness) നിർണ്ണയിക്കുന്ന പ്രധാന ഘടകം..

**വേഷംകെട്ടലുകളുടെ രാഷ്ട്രീയം**

ലിംഗപദവിയെയും (Gender) ലൈംഗികതയെയും (Sexuality) കുറിച്ചുള്ള ചർച്ചയുടെ സന്ദർഭത്തിലാണ് പ്രകടനപരത (Performativity) എന്ന ആശയം ജൂഡിത് ബട്ലർ അവ

തരിപ്പിക്കുന്നത്. ലിംഗപദവി പ്രത്യേക തരത്തിലുള്ള ആവിഷ്ക്കാരമാണ്. ആണത്തം/പെണ്ണത്തം തുടങ്ങിയവയൊക്കെ പ്രകടനപരമായാണ്ടലെടുക്കുന്നത്. ഇതിന്റെ പിന്നിൽ മുൻകൂറായി നിലനിൽക്കുന്ന ഒരു സത്തയില്ല (Essence). പല തരത്തിലുള്ള പ്രകടനങ്ങളിലൂടെയാണ് ആണത്തവും പെണ്ണത്തവും നിർമ്മിച്ചെടുക്കുന്നതെന്ന് സാരം. നിരന്തരം ആവർത്തിക്കപ്പെടുന്ന പ്രകടനങ്ങളാലാണ് ഇവയെല്ലാം സ്വാഭാവികമായി തിരിച്ചറിയപ്പെടുന്നത്. ബട്ലറിന്റെ പ്രകടനപരതയെ സംബന്ധിച്ച അടിസ്ഥാന ധാരണകളെയാണ് മുകളിൽ സൂചിപ്പിച്ചത്. ആധുനികതയുടെ ലിംഗമൂല്യങ്ങളോടുള്ള ശക്തമായ വിമർശം ബട്ലറിന്റെ ചിന്തയിലുണ്ട്.

മതിലേരികന്നിയുടെ വേഷം കെട്ടലിനെ ബട്ലറിന്റെ പ്രകടനപരത എന്ന ആശയവുമായി ചേർത്തുവെച്ച് ആലോചിക്കാവുന്നതാണ്. ജൈവികമായ ലിംഗം(Sex) ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു. മതിലേരികന്നി അമ്മയില്ലാതെയാണ് വളരുന്നത്. ചിറക്കൽ വാഴുന്നവരാണ് അവളെ പോറ്റിവളർത്തിയത്. അവളെ എല്ലാവിധ യുദ്ധമുറകളും വാഴുന്നവർ പഠിപ്പിക്കുന്നുണ്ട്. ഈ ആയോധനപരിശീലനം നിലനിൽക്കുന്ന ലിംഗബോധങ്ങൾക്ക് നിരക്കുന്നതല്ല. വേണാട് പൂങ്കോയിലോം തമ്പുരാന്റെ യുദ്ധവിവരം അറിയുന്ന മതിലേരികന്നി യുദ്ധത്തിന് നേതൃത്വമേറ്റെടുക്കാൻ പുറപ്പെടുന്നുണ്ട്. അച്ഛനുമായുള്ള കന്നിയുടെ സംഭാഷണം ശ്രദ്ധിക്കുക;

"വേണാട് പൂങ്കോയിലോം പോണെനിക്ക്
തിരുവെഴുത്താലോലത് കാണുന്നേരം
..................................
പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിതെളിഞ്ഞ് പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പടനിലച്ചന്തം പഠിപ്പിച്ചച്ചൻ

ആണായും പെണ്ണായും പോറ്റ്യെന്റച്ഛൻ"(70). ഒരു ഉഭയ ജീവിതമാണ് മതിലേരികന്നിയുടേത്. സന്ദർഭത്തിനനുസരിച്ച് സ്ത്രൈണതയും പുരുഷത്വവും അവൾക്ക് വഴങ്ങുന്നുമുണ്ട്.

"ആണായാലാണിന്റെളക്കം വേണം

പെണ്ണായാൽ പെണ്ണിന്റൊതുക്കം വേണം" എന്ന് ചിറക്കൽ വാഴുന്നവർ മകളെ വിലക്കുന്നുണ്ട്. അടവും തൊഴിലും പഠിക്കുമെങ്കിലും അങ്കക്കളരി ചവിട്ടാൻ കന്നിക്കൾക്ക് അനുവാദമില്ല.

"അതിനിപ്പോഴെന്താണ് എന്റെ അച്ഛാ
പേര് പെരുമാറ്റം ശീലം കോലം
നേമം നടപ്പ് നടപടിയും
നാട്ടുവാഴിയറിയാതെ നാടറിയാതെ
ആണായി നടക്കും ഞാനെന്റെ അച്ഛാ"യെന്ന കന്നിയുടെ മറുപടിയിൽ ഉറച്ചുപോയ ലിംഗമൂല്യങ്ങളോടുള്ള വിമർശനമുള്ളടങ്ങിയിട്ടുണ്ട്. ലിംഗതന്മ (Gender Identity) ജൈവികമാണെന്ന് അംഗീകരിക്കുന്നതിലുള്ള എതിർപ്പിന്മേലാണ് ഈ വിമർശനമുയരുന്നത്.

മതിലേരിക്കന്നിയുടെ വേഷംകെട്ടലിനെ പാട്ടിൽ സുദീർഘമായ് വിവരിക്കുന്നുണ്ട്.

 ISSN: 2582 - 2594

"കാറു കരിമുടി ചോലത്തല
ചോലത്തലചിക്കി പാടുന്നേരം
നാഗം മയിലാട്ടം മാരനാട്ടം
പതിനാലിളമുളം ചോലത്തല
മൂന്ന് കൊയിയാക്കി മടക്കുന്നോള്
തലകെട്ടി തൊപ്പിയിൽ താത്തുന്നോള്
മാറു മറഞ്ഞൊന്നകം വലിഞ്ഞ
മാറത്തലമാലപ്പൊൻകുപ്പായം
മാറത്തൊരാനത്തോൽചട്ടകെട്ടി
മുല രണ്ടും ചട്ടയിൽ താത്തുന്നോള്
നാല്പത്തിരുമുളം പുള്ളിക്കച്ച
കച്ച ഞൊറിഞ്ഞും ഉടുത്തു കന്നി" (74)-എന്ന ഭാഗം ശ്രദ്ധിക്കുക.ഈ വേഷംകെട്ടൽ ജൈവികമായ നിലയിൽ പരിചരിക്കുന്ന ലിംഗസൂചകങ്ങളെ അപ്പാടെ നിഷേധിക്കുന്നുണ്ട്. മുടിയും മുലയും മറച്ചുവെക്കുന്ന മട്ടിലുള്ള വസ്ത്രധാരണത്തിലൂടെ കന്നിയ്ക്ക് എളുപ്പത്തിൽ പൊന്ന നാകാനാകുന്നു. സാംസ്കാരികമായാണ് ലിംഗതന്മ രൂപപ്പെടുന്നത്, ശാരീരികമായല്ല എന്ന് ഇത് തെളിയിക്കുന്നു. പ്രകടനപരമായാണ് പ്രത്യേക തരത്തിലുള്ള തന്മയുണ്ടാകുന്നത് എന്ന ബട്ലറിന്റെ വാദം ഇവിടെ സാധുവാണ്. മതിലേരിക്കന്നി പരിശീലിച്ച ആയോധനമുറകൾ, ധരിച്ച വേഷം, സ്വീകരിച്ച പേര് തുടങ്ങിയ ഘടകങ്ങളാണ് ആണത്തം Perform ചെയ്യാൻ പ്രയോജനപ്പെടുന്നത്. ഈ മാതിരി Performances ആണ് ആണത്തവും പെണ്ണത്തവും നിർമ്മി ച്ചെടുക്കുന്നത്. ഈ ആവിഷ്കാരങ്ങൾക്ക് പിന്നിൽ ഒരു ആണോ, പെണ്ണോ നിലനിൽക്കുന്നില്ല. ഒരു സത്തയുടെ പ്രകാശനമല്ല സംഭവിക്കുന്നതെന്ന് സാരം. മറിച്ച് ഈ പ്രകടനങ്ങളിലൂടെയാ ണ് ആണും പെണ്ണുമുണ്ടാകുന്നത്. Performances രൂപപ്പെടുത്തിയെടുക്കുന്ന Performer എന്ന ആശയത്തെയാണ് Performativity അടയാളപ്പെടുത്തുന്നത്. മുൻകൂറായി നിലനിൽക്കുന്ന ഒരു ആണത്തം/പെണ്ണത്തം അസാധ്യമായതിനാലാണ് മതിലേരിക്കന്നിയ്ക്ക് പ്രത്യേക തരത്തിലുള്ള ആവിഷ്ക്കാരത്തിലൂടെ എളുപ്പത്തിൽ ആണായും പെണ്ണായും മാറാനൊക്കുന്നത്.

**ഉപസംഹാരം**

പാഠത്തിൽ അദൃശ്യമാക്കപ്പെട്ട ഭിന്നവർഗ്ഗലൈംഗികേതരമായ കാമനകളെയാണ് വിമതീക രണം അന്വേഷിക്കുന്നത്. മതിലേരികന്നിയെ രണ്ട് രീതിയിലാണ് പ്രബന്ധം വിമതീകരിച്ചത്.

1) മതിലേരികന്നിയിലെ സവിശേഷമായ അടുപ്പങ്ങളിലെ ഭിന്നവർഗ്ഗലൈംഗികേതര സാധ്യതകളെ കുറിച്ചുള്ള സംശയങ്ങൾ അവശേഷിപ്പിക്കുന്നതിലൂടെ പാഠത്തിനുള്ളിലെ ഭി ന്നലൈംഗികമാനകഘടനയിൽ പിരിമുറുക്കങ്ങൾ സൃഷ്ടിക്കുന്നതിലൂടെയാണ്.

2) മതിലേരികന്നിയുടെ വേഷംമാറ്റം എപ്രകാരമാണ് നിലനിൽക്കുന്ന ലിംഗമൂല്യങ്ങളോ ടുള്ള വിമർശനമാകുന്നതെന്ന അന്വേഷണത്തിലൂടെയാണ്. ജൂഡിത് ബട്ലറുടെ പ്രകടനപരത എന്ന ആശയത്തെ പ്രയോനപ്പെടുത്തിയാണ് മതിലേരികന്നിയുടെ വേഷംകെട്ടലിന്റെ വിമത മൂല്യം പ്രബന്ധം കണ്ടെടുക്കാൻ ശ്രമിച്ചത്.

പാഠത്തിൽ ദൃശ്യത ലഭിക്കാത്തതും പ്രണയത്തിന്റെ സാധ്യതകൾ നിലനിർത്തുകയും ചെയ്യുന്ന ബന്ധങ്ങളെ പ്രബന്ധം വെളിപ്പെടുത്തുന്നു. വേണാട് വാഴുന്നവരും പൊന്നനും തമ്മിലുള്ള അടുപ്പം കേവലം സൗഹൃദമായി ചുരുക്കാനാകുന്നതല്ലെന്ന് പ്രബന്ധം കരുതുന്നു. ഭിന്നവർഗ്ഗലൈംഗിക മാനകമായ ഒരു ക്രമത്തിൽ ദമനം ചെയ്യപ്പെട്ട ബന്ധലോകമാണത്. പാഠത്തിലെ പ്രത്യക്ഷമായ പ്രണയസൂചനകളുടെ അഭാവം പ്രത്യയശാസ്ത്രപരമായ അഭാവമാണെന്നും ലൈംഗികതയെ മുൻനിർത്തിയുള്ള കാർക്കശ്യങ്ങളുടെ സ്വാഭാവിക ഫലമാണെന്നും കരുതാം. വിമതീകരണം പാഠത്തിലെ ഭിന്നവർഗ്ഗലൈംഗികബന്ധങ്ങളെ വെല്ലുവിളിക്കാനും പാഠത്തിനുള്ളിൽ ചില പിരിമുറുക്കങ്ങൾ സൃഷ്ടിക്കാനുമാണ് ശ്രമിക്കുന്നത്.

### അടിക്കുറിപ്പുകൾ

1. ജൂഡിത് ബട്‌ലർ ഭിന്നവർഗ്ഗലൈംഗികമൂശ (Heterosexual Matrix) എന്ന ആശയം ഉപയോഗിച്ചാണ് നിലനിൽക്കുന്ന ലിംഗ-ലൈംഗിക സംബന്ധിയായ നിലവാരപ്പെടുത്തലുകളെ വിശദീകരിക്കുന്നത്. ഭിന്നവർഗ്ഗലൈംഗികമൂശയാൽ വാർക്കപ്പെട്ട ശരീരങ്ങളാണ് ആധുനിക ശരീരങ്ങളെന്ന് പറയാം.
2. ഇരുപതാം നൂറ്റാണ്ടോടെയാണ് ലൈംഗികതയെയും ലിംഗതന്മയെയും മുൻനിർത്തിയുള്ള ചർച്ചകൾ മലയാളത്തിലുണ്ടാകുന്നത്. ശബ്ദങ്ങൾ, സ്ത്രീ, ചന്ദനമരങ്ങൾ തുടങ്ങിയ നവോത്ഥാനന്തര സാഹിത്യപാഠങ്ങളിൽ സ്വവർഗ്ഗലൈംഗികതയുടെ സൂചനകളുണ്ടാകുന്നുണ്ട്. ഈ ഘട്ടം സ്വവർഗ്ഗ ലൈംഗികതയെ സംബന്ധിച്ചിടത്തോളം ഒരു സംക്രമണ ഘട്ടമാണ്(Transition Phase). നവോത്ഥാനാധുനികതയുടെയും ദേശീയതയുടെയും സ്വാധീനങ്ങൾ സൃഷ്ടിച്ച ചലനങ്ങളോടുള്ള പ്രതികരണങ്ങളായാണ് ഈ സൂചനകളെ മനസ്സിലാക്കേണ്ടത്. ആധുനികാന്തര സാഹിത്യത്തിലാകട്ടെ ഒരു സവിശേഷ സ്വത്വമെന്ന നിലയിലാണ് വിമതലൈംഗികത പ്രമേയവത്കരിക്കപ്പെടുന്നത്. ഈ രണ്ട് ഘട്ടങ്ങൾക്കും പിറകിലുള്ള ഒരു ഒളിച്ചുവെക്കൽ ഘട്ടത്തിലാണ്(Closeted Phase) മതിലേരിക്കന്നിയെ പോലുള്ള പാഠങ്ങളെ സ്ഥാനപ്പെടുത്തേണ്ടത്. ഈ ഘട്ടത്തിലെ പാഠങ്ങൾ പുതിയ നിലയിലുള്ള വായനകളാവശ്യപ്പെടുന്നുണ്ട്. ഇവിടെ പാരായണങ്ങളിലൂടെയാണ് പാഠത്തിന്റെ അർത്ഥം ഉൽപ്പാദിപ്പിക്കപ്പെടുന്നതെന്ന ആശയം സംഗതമാണ്.
3. ഭിന്നവർഗ്ഗലൈംഗികേതരമായ ബന്ധങ്ങളെയാണ് വിമതലൈംഗികത അർഥമാക്കുന്നത്.
4. ആധുനികത ശരീരങ്ങളെ ആൺ-പെൺ ദ്വന്ദ്വങ്ങളിലേക്ക് പരിമിതപ്പെടുത്തിയാണ് വിശദീകരിച്ചിരുന്നത്. ഈ വിഭക്ത ശരീരങ്ങൾ തമ്മിലുള്ള ലൈംഗികബന്ധത്തെയെയാണ് സമൂഹം നേർലൈംഗികതയായി തിരിച്ചറിയുന്നത്. 1869-ൽ കാൾ മരിയ കാർബെനിയാണ് Heterosexual എന്ന പദം രൂപപ്പെടുത്തിയെടുക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ട് മുതൽ ആരംഭിക്കുന്ന ചരിത്രമേ ഭിന്നവർഗ്ഗലൈംഗികതയ്ക്കുള്ളൂവെന്ന് സാരം.
5. ക്രിയ ചെയ്യാനുള്ള ഭാഷയുടെ ശേഷിയെയാണ് Performativity എന്ന ആശയം വിശദീകരിക്കുന്നത്. ഭാഷാചിന്തകനായ ജോൺ.എൽ.ഓസ്റ്റിൻ ഭാഷയെ വിവരണാത്മകം, പ്രകടനാത്മകം എന്ന് വകതിരിക്കുന്നുണ്ട്. How to Do Things With Words എന്ന ഓസ്റ്റിന്റെ കൃതിയിൽ ഭാഷാപഠനത്തിന്റെ സന്ദർഭത്തിൽ ഉപയോഗിക്കുന്ന Performative Utterance എന്ന ആശയത്തെ പ്രയോജനപ്പെടുത്തിയാണ് ജൂഡിത് ബട്‌ലർ ലിംഗതന്മയെ കുറിച്ചുള്ള തന്റെ നിലപാടുകൾ അവതരിപ്പിക്കുന്നത്.

### ഗ്രന്ഥസൂചി


- Alexander Doty 1997: Making Things Perfectly Queer;Interpreting Mass Culture, London, University of Minnesota Press.
- Alexander Doty 2000:Flaming Classics;Queering The Film Canon, New York, Routledge.


 ISSN: 2582 - 2594

- Eve Kosofsky Sedwigk 1985: Between men English literature and Male Homosocial Desire, New York, Columbia University Press.
- Judith Butler 1990 Gender Trouble, New York, Routledge.
- Judith Butler 1993: Bodies That Matter.On The Discursive Limits of Sex, New York, Roudedge.
- Meg-John Barker, Julia Scheele 2016: Queer A Graphic History, UK, Icon Books
- Muraleedharan T.2002: Queer Bonds:Male Friendships In Contemporary Malayalam Cinema, Queering India: Same-Sex Love and Eroticism in Indian Culture and Society (Ed.Ruth Vanita), Routledge.
- Richard Appignanensi (Ed.) 2004: Introducing Cultural Studies, United Kingdom, Icon Books.
- കുഞ്ഞിരാമൻ നമ്പ്യാർ ടി.എച്ച്. 1994(1979): മതിലേരിക്കന്നി നാടൻപാട്ടുകാവ്യം, തൃശ്ശൂർ, കേരളസാഹിത്യഅക്കാദമി.
- നമ്പ്യാർ, എ. കെ. 2000: വടക്കൻപാട്ട് പഠനങ്ങൾ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻറർ ഫോർ ഫോക്ലോർ സ്റ്റഡീസ്.
- പണിക്കോട്ടി എം.കെ.2008: വടക്കൻപാട്ടുകളിലെ പെൺകരുത്ത് തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
- ശ്രീകുമാർ കെ (സമാ)2013: വടക്കൻ പാട്ടുകൾ; പുത്തൂരം തച്ചോളിപ്പാട്ടുകളടക്കം 75 പാട്ടുകൾ ആധികാരിക സമഗ്രം തൃശ്ശൂർ കേരളസാഹിത്യ അക്കാദമി.

# പീഡാരിദൈവം[1]: മിത്ത്, സങ്കല്പനം, വിശ്വാസം
## (കേരളത്തിലെ രോഗദേവതകളുടെ ഐതിഹ്യവത്കരണത്തെ മുൻനിർത്തിയുള്ള സാംസ്കാരികവിശകലനപഠനം)

**അനശ്വര എസ്.**
ഗവേഷക, മലയാളവിഭാഗം,
കേരളകേന്ദ്രസർവകലാശാല
പെരിയ, കാസർകോട്
rachana.anaswara@gmail.com

**സംഗ്രഹം**

രോഗകാരണങ്ങളെക്കുറിച്ചോ രോഗപ്പകർച്ചയെ കുറിച്ചോ വ്യക്തമായ ആശയങ്ങൾ വികസിച്ചുവന്നിട്ടില്ലാത്ത കാലത്ത് എല്ലാ ജനസമൂഹവും നേരിട്ട വൻപ്രതിസന്ധി പകർച്ചവ്യാധിഭീഷണിയായിരുന്നു. അവയെ ആരാധനാനുഷ്ഠാനാദികൾ കൊണ്ട് നിയന്ത്രിക്കാമെന്ന പ്രാക്തനജനതയുടെ വിശ്വാസം രോഗദേവതാസങ്കല്പ (പീഡാരിദൈവം)ത്തിന് തുടക്കം കുറിച്ചു. അതുകൊണ്ടുതന്നെ രോഗ ദേവതാസങ്കല്പം എല്ലാ ജനസമൂഹത്തിന്റെയും പൊതുസ്വഭാവമായിരുന്നു. കേരളീയപരിസരത്തിൽ പീഡാരിദൈവങ്ങളായി ഐതിഹ്യവത്കരിക്കപ്പെട്ട് നിലനിൽപ്പ് സാധ്യമാക്കിയ വിശ്വാസ പ്രക്രിയയെ അടയാളപ്പെടുത്തുക എന്നതും 'കാളി' എന്ന ദേവതാ സങ്കല്പത്തെ മുൻനിർത്തി രോഗദേവതാരാധനയ്ക്കു പിൻബലമേകുന്ന കേരളീയ പുരാവൃത്തങ്ങളെ അടയാളപ്പെടുത്തുക എന്നതുമാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

**താക്കോൽവാക്കുകൾ:** മിത്ത്, ഐതിഹ്യം, രോഗം, പകർച്ചവ്യാധി, കാളി, അമ്മദൈവാരാധന

പ്രാചീനമനുഷ്യന്റെ പ്രകൃതിബോധത്തിൽ നിന്നാണ് ദൈവസങ്കല്പവും ആചാരങ്ങളും രൂപപ്പെട്ടത്. ജീവിതത്തിൽ അനുഭവപ്പെടാറുള്ള അനിശ്ചിതത്വങ്ങളെയും ദുരൂഹതകളെയും പ്രപഞ്ചാത്ഭുതത്തിന്റെ ആജ്ഞേയമാനങ്ങളിലവതരിപ്പിച്ച് ആശ്വാസം കണ്ടെത്തിയ പ്രാകൃത രീതിയിൽ നിന്നാണ് മനുഷ്യനെ ബാധിക്കുന്ന മാറാവ്യാധികൾക്ക് ദേവതാസങ്കല്പം നൽകുന്ന രീതി നിലവിൽ വന്നത്. പൊതുവിൽ 'പീഡാരികൾ' എന്നു വിളിക്കുന്ന അമ്മദൈവങ്ങളെയും

1 *പീഡാരിദൈവസങ്കല്പം എന്നാൽ രോഗദേവതാസങ്കല്പം തന്നെയാണ്. രോഗകാരിണിയായതും രോഗനിവാരണിയായതുമായ ദൈവസങ്കല്പങ്ങൾ ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. (അവലംബം- കാളിസങ്കല്പം കേരളപരിസരത്തിൽ, പു.51)

 ISSN: 2582 - 2594

ഗ്രാമദേവതകളെയും സാംക്രമിക രോഗങ്ങളുമായി ബന്ധപ്പെടുത്തി ആരാധിക്കുന്ന പതിവ് പ്രാചീനകാലം മുതലേ നിലനിന്നുപോരുന്നതാണ്. ഇത്തരം ദൈവങ്ങളുടെ കോപത്തിന്റെ ഫലമായാണ് രോഗങ്ങളുണ്ടാകുന്നതെന്നും ആ കോപത്തെ ശമിപ്പിച്ചാൽ രോഗമുക്തി നേടാമെന്നുമുള്ള വിശ്വാസത്തിന് കേരളീയപശ്ചാത്തലത്തിലും നിലനിൽപ്പുണ്ടെന്നുള്ള വസ്തുത കാണാവുന്നതാണ്.

**പീഡാരിദേവതകൾ: മിത്ത്, വിശ്വാസം, അനുഷ്ഠാനങ്ങൾ**

പ്രാപഞ്ചികജീവിതത്തിന്റെ ഭൗതികവും ആത്മീയവുമായ പരിസരങ്ങൾ പരസ്പരം ഇഴ ചേർന്നാണ് നിലനിൽപ്പ് സാധ്യമാക്കുന്നത്. ഇവ കാലികമായി മിത്ത്(Myth), ഐതിഹ്യം (Legend), പുരാവൃത്തം(Mythology), അനുഷ്ഠാനങ്ങൾ (Rituals), ആചാരങ്ങൾ എന്നിവയായി തുടർന്നു പോരുന്നു. മനുഷ്യസംസ്കാരത്തിന്റെ തന്നെ തനിമയുടെ പ്രകടനങ്ങളായി ഇവയെ കണക്കാക്കാം. സത്യമെന്നോ അസത്യമെന്നോ വ്യവച്ഛേദിക്കാനാവാത്ത അതിഭൗതിക വിവരണങ്ങളടങ്ങിയ കഥകളെന്ന നിലയ്ക്കാണ് 'മിത്ത്' നിർവചിക്കപ്പെടുന്നത്. 'അമാനുഷരായ കഥാപാത്രങ്ങളെ ഉൾക്കൊള്ളുന്നതും പ്രകൃതി പ്രതിഭാസങ്ങളെ സംബന്ധിച്ച ജനകീയ ആശയങ്ങൾക്ക് രൂപം നൽകുന്നതുമായ സങ്കല്പസൃഷ്ടമായ ഉപാഖ്യാനം'(Smith Charlotte Seymour, Macmillan Dictionary of Anthropology) എന്ന് മാക്മില്ലൻ ഡിക്ഷണറി ഓഫ് ആന്ത്രോപ്പോളജി മിത്തിനെ നിർവചിക്കുന്നു. പ്രകൃതിയിലും കൂട്ടായ ജീവിതത്തിലും തങ്ങളെ വിസ്മയിപ്പിച്ച അസാധാരണ പ്രതിഭാസങ്ങൾക്ക് ഭൂതകാലസമൂഹങ്ങൾ നൽകിയ വ്യാഖ്യാനങ്ങളാണ് രോഗങ്ങളുമായി ബന്ധപ്പെട്ട മിത്തായി രൂപപ്പെട്ടത്. ഘടനാപരമായി മിത്തിന്റെ അനുപൂരകങ്ങളായി കണക്കാക്കുന്നവയാണ് അനുഷ്ഠാനം, ഐതിഹ്യം മുതാലയവ. 'ഒരിക്കൽ ഒരു സമൂഹത്തിൽ നടന്നു എന്ന് ജനത വിശ്വസിക്കുന്ന കഥയാണ് ഐതിഹ്യം' (രാഘവൻ പയ്യനാട്, ഫോക്ലോർ, പു.184). ചരിത്രാംശത്തിന്റെ പിൻബലമുണ്ടാകുമ്പോഴാണ് ഒരു കഥ ഐതിഹ്യമായിത്തീരുന്നത്. അമാനുഷശക്തികളിലുള്ള വിശ്വാസത്തിന്റെ പ്രകടഭാവങ്ങളാണ് അനുഷ്ഠാനങ്ങൾ. ആദിമവിശ്വാസങ്ങളുടെയും സംസ്കാരത്തിന്റെയും ഉല്പന്നങ്ങളായ മിത്തുകളുടെ നിർവഹണദൗത്യമാണ് അനുഷ്ഠാനങ്ങൾക്കുള്ളത്.


സർവസൃഷ്ടിക്കും കാരണമായ പ്രകൃതിയെ അമ്മയായി കണ്ട് അതിനെ ആരാധിക്കാൻ തുടങ്ങുകയും പ്രകൃതിയുടെ ഭാവമാറ്റങ്ങളെ ഭയത്തോടെ കാണുകയും ആ ഭയം ആരാധനയ്ക്ക് വഴിമാറുകയും ചെയ്തപ്പോൾ അവ കാലികമായി തുടർന്നു പോന്ന ഒരു ജനത സൃഷ്ടിച്ച ശീലങ്ങളാണ് ആരാധനയും അനുഷ്ഠാനവും. അവ അനുഷ്ഠിച്ചുപോരുന്നതിനായി അവർ മിത്തിന്റെയും വിശ്വാസത്തിന്റെ പരിവേഷം നൽകി. ഭക്തിയാൽ എന്തിനെയും അടക്കിനിർത്താമെന്ന വിശ്വാസമാണ് അമ്മദൈവസങ്കൽപ്പങ്ങൾക്കു തുടക്കം കുറിച്ചത്.

**അമ്മദൈവാരാധനയിൽ നിന്ന് പീഡാരിദൈവങ്ങളിലേക്ക്:**

'അമ്മദൈവം' എന്ന വാക്ക് മാതൃത്വം, ഊർവരത, സൃഷ്ടി, ഭൂമി, എന്നിവയെ പ്രതിനിധാനം ചെയ്യുന്ന ദൈവസങ്കൽപ്പത്തെ കുറിക്കുന്നു (പി.സോമൻ, അമ്മദൈവവും സംസ്കാരവും,പു.9). സാധാരണ ജീവിതക്രമത്തിന് വിഘാതമാക്കുന്നവയെയും, തടസ്സം സൃഷ്ടിക്കുവയെയും ആചാരാനുഷ്ഠാദികൾ കൊണ്ട് ഇല്ലാതാക്കാമെന്ന് പ്രാചീനകാലം മുതൽക്കുതന്നെ മനുഷ്യർ വിശ്വസിച്ചു

പോന്നിരുന്നു. അതുകൊണ്ടുതന്നെ രോഗങ്ങൾക്ക് ദേവാതാസങ്കൽപ്പം നൽകുന്നരീതി പ്രാക്തനകാലം മുതൽക്കുതന്നെ നിലവിലുണ്ടായിരുന്നു. വസൂരി, വിഷൂചിക (കോളറ), അപസ്മാരം, പനി തുടങ്ങിയ രോഗങ്ങൾക്കെല്ലാം ഒട്ടുമിക്ക സംസ്കാരങ്ങളിലും ദേവതാ സങ്കൽപ്പമുണ്ട്. പോറ്റിവളർത്തിയ അമ്മയെ പല സങ്കടങ്ങളും, അനർത്ഥങ്ങളും വരുമ്പോൾ സ്മരിക്കുന്നത് സ്വാഭാവികമായിരിക്കാം. അങ്ങനെയാണ് പകർച്ചവ്യാധികളുടെ പരദേവതയായി അമ്മയെ സങ്കൽപ്പിക്കാൻ തുടങ്ങിയത്. മാരകരോഗങ്ങളെ/മാറാവ്യാധികളെ ദൈവത്തിന്റെ/ ദേവതയുടെ വിളയാട്ടമായി കരുതിപ്പോരുന്നു.

'രോഗവുമായി ബന്ധപ്പെടുത്തി അമ്മദൈവത്തെ വ്യഖാനിക്കുമ്പോൾ അമ്മയ്ക്ക് രണ്ടവസ്ഥ കൽപ്പിക്കപ്പെടുന്നുണ്ട്. അതിലൊന്ന് രൗദ്രമായിട്ടുള്ളതും, മറ്റേത് സൗമ്യമായിട്ടുള്ളതും, സന്ദർഭത്തിനനുസരിച്ചാണ് രൗദ്രത്വവും, സൗമ്യത്വവും, ആരോപിച്ച് കാണുന്നത്. യുദ്ധം, രോഗനിവാരണം എന്നീ സംഗതികളിൽ അമ്മ അവലംബിക്കുന്ന രൂപം ഭയം ജനിപ്പിക്കുന്നതായിട്ടാണ്. കുട്ടികളുടെ ദീനം, സങ്കടനിവൃത്തി, ഐശ്വര്യദാനം എന്നീ അവസ്ഥയിൽ അമ്മയുടെ രൂപവും പെരുമാറ്റവും മാർദ്ദവമായിട്ടാണ്'(ചേലനാട്ടു അച്യുതമേനോൻ, കേരളത്തിലെ കാളിസേവ, പു. 75). 'രോഗകാരിണിയായ ദുർദേവതാസങ്കല്പവും രോഗനിവാരണിയായ നല്ലമ്മ സങ്കൽപ്പവും രോഗവും, സ്ത്രീയും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. അമ്മ, ജീവിതത്തിൽ ഐശ്വര്യവും, പൂർണ്ണതയും, സന്തോഷവും, ശാന്തിയും പ്രദാനം ചെയ്യുമ്പോൾ നല്ലമാതാവാണ് (Good Mother). രോഗനിവാരണിയായ നല്ലമ്മ സങ്കൽപ്പവും, രോഗകാരിണിയായ ദുർദേവതാസങ്കൽപ്പവും അമ്മദൈവത്തിന്റെ സങ്കൽപ്പരൂപങ്ങളിൽ പ്രധാനപ്പെട്ടതാണ്. നല്ലവളും നന്മ നിറഞ്ഞവളും സംരക്ഷകയുമായ മാതാവിന്റെ വന്യമായ വൈകാരികഭാവമാണ് കറുത്തമാതാവ് (Black Mother)' (പി.സോമൻ, അമ്മദൈവവും സംസ്കാരവും,പു.13). രക്തദാഹം, പ്രാകൃതസ്വഭാവം, വന്യത, പൈശാചികത എന്നിവ മൂർത്തീമദ്ഭാവമായി കറുത്തമാതാവിനെ സങ്കൽപ്പിക്കുന്നു. രോഗത്തിനു കാരണമായി കരുതുന്ന ദേവതാസങ്കല്പം ഇതാണ്.




പ്രക്ഷുബ്ദ്ധമായ പ്രകൃതിയും ഋതുക്കളും കാർഷികവിളവുകളെയും മനുഷ്യവാസകേന്ദ്രങ്ങളെയും നിരന്തരം ഭീഷണിപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്തിരുന്നതിനാൽ ഭൂപ്രകൃതിയെ സൗമ്യമാതാവ് എന്നതുപോലെ ഭീകരമാതാവായി സങ്കൽപ്പിക്കുവാനും പ്രാചീന മനുഷ്യർ പ്രേരിതനായി. 'മാറാരോഗത്തിനു കാരണം അമ്മയുടെ രൗദ്രഭാവമാണെന്നു കരുതിയ പ്രാചീനജനത രോഗബാധയെ ഇല്ലാതാക്കാൻ, അമ്മയെ പ്രീതിപ്പെടുത്താൻ വേണ്ടി നരജന്തുബ


ISSN: 2582 - 2594

ലികൾ ഉൾപ്പെടെയുള്ള ക്രിയകൾ ചെയ്യാൻ തുടങ്ങി. കാലാവസ്ഥക്കനുസരിച്ച് സാംക്രമിക രോഗങ്ങൾ ആവർത്തിച്ചപ്പോഴെല്ലാം ഇവ തുടർന്നു പോരുകയും അവ പിന്നീട് കാലികമായി അനുഷ്ഠിക്കുന്ന ആചാരങ്ങളായി മാറുകയും ചെയ്തു' (Fabrizio M Ferrari, Health and Religious Rituals in South Asia, p.12). ഇവയ്ക്ക് ഉപോത്ബലകമായി പല മിത്തുകകളും ഐതിഹ്യങ്ങളും ആവിർഭവിക്കുകയും ചെയ്തു.

സാധാരണ ജീവിതക്രമത്തിനു തടസം സൃഷ്ടിക്കുന്നവയെ ആചാരാനുഷ്ഠാദികൾ കൊണ്ട് ഇല്ലാതാക്കാമെന്ന വിശ്വാസമാണ് രോഗങ്ങൾക്ക് ദേവതാസങ്കൽപ്പം നൽകുന്ന രീതിയിൽ നിഴലിക്കുന്നത് എന്ന് സൂചിപ്പിച്ചുവല്ലോ. കാർഷികക്കൂട്ടങ്ങൾ ഗ്രാമങ്ങളായി മാറിയപ്പോൾ ആ ഗ്രാമത്തിന്റെ അധിപയായി അമ്മദൈവങ്ങൾ മാറി. അതോടെ ഗ്രാമദേവതകൾ രോഗ ദേവതകളുമായിത്തീർന്നു. പല രോഗദേവതകളും പലതരം ഗ്രാമദേവതകളിൽ നിന്നു ഉദയം ചെയ്തവയാണ്. ഇത്തരം ഗ്രാമദേവതകളുടെ കോപമാണ് പല രോഗങ്ങളുടെയും മൂലകാരണം എന്ന വിശ്വാസം നാട്ടുവാങ്മയത്തിൽ പ്രബലമായിത്തന്നെ നിലനിന്നിരുന്നു. പകർച്ചവ്യാധി കൾ ഗ്രാമത്തിൽ നാശം വിതയ്ക്കുമെന്ന തിരിച്ചറിവിനാൽ രോഗദേവതകളെ / ഗ്രാമദേവതകളെ ഓരോ ജനതയും ശക്തമായിത്തന്നെ ആരാധിച്ചുപോന്നിരുന്നു. പകർച്ചവ്യാധികൾ പൊട്ടി പ്പുറപ്പെടുകയും വ്യാപിക്കുകയും ചെയ്യുന്നതിന് കാരണം അതാതു വ്യാധികളുടെ അധിഷ്ഠാന ദേവതകളാണെന്ന വിശ്വാസം തുടർന്നുപോന്നു.

### പീഡാരിദൈവസങ്കല്പം : കേരളത്തിലെ രോഗദേവതകൾ

ഭാരതത്തിലെ മറ്റു പ്രദേശങ്ങൾക്ക് സമാനമായി അമ്മ ദൈവങ്ങൾക്കു ശക്തമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞ അന്തരീക്ഷമായിരുന്ന കേരളത്തിലേത്. ഭദ്രകാളിയാണ് കേരളത്തി ലുടനീളം ആരാധിക്കുന്ന മാതൃദേവത. 'ചാമുണ്ഡി, ഭഗവതി, ശ്രീകുറുംബ, ചീർമ്പ, വസൂരിമാല എന്നീ പേരുകളിലറിയപ്പെടുന്ന കാളിയുടെ പ്രാദേശികഭേദങ്ങളും ഉദാത്തവത്ക്കരിക്കപ്പെട്ട അമ്മദൈവങ്ങളും കേരളത്തിലുടനീളമുണ്ട്. ഗ്രാമീണ ജീവിതത്തിന്റെ ഉതകണ്ഠകളും, സാമൂഹി കസമസ്യകളും വൈയക്തികമായ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ജനസമൂഹത്തെ സഹാ യിക്കുന്ന മാതാവായാണ് കേരളത്തിൽ അമ്മദൈവങ്ങൾ ആരാധിക്കപ്പെടുന്നത്'(Whitehead Henry, Village Gods of South India 1853-1947,p.17).

### കാളിയും പ്രാദേശികദേവതകളും

കേരളത്തിൽ ആരാധിക്കപ്പെടുന്ന അമ്മ ദൈവങ്ങളിൽ പ്രമുഖസ്ഥാനം കാളി സങ്ക ൽപ്പത്തിനാണ്. 'സർവരോഗനിവാരിണിയും സർവോപദ്രവനാശിനിയുമാണ് കാളി എന്ന കേരളീയ വിശ്വാസം അതിനെ രോഗദേവതായി അവരോധിക്കുന്നതിനു കാരണമായി. വസൂരി നിർമ്മാർജ്ജനം, ബാധയകറ്റൽ, അപകടങ്ങളും രോഗങ്ങളും ഉച്ചാടനം ചെയ്യൽ, ഉർവരത പ്രദാനം ചെയ്യൽ എന്നിവയ്ക്കുള്ള രക്ഷകയായ അമ്മദൈവമായിട്ടാണ് കേരളത്തിലെ കാളിയുടെ രൂപഭേദം' (എം.വി വിഷ്ണുനമ്പൂതിരി, *കാളിസങ്കല്പം കേരളപരിസരത്തിൽ*,പു. 16).

രോഗദേവതയായി കേരളീയർ കാളിയെ ആരാധിക്കുന്നതിന് ഉപോത്ബലമേകുന്നത് ദാരികാവധം പുരാവൃത്തമാണ്.

"കാളി - ദാരികയുദ്ധം നടക്കുന്ന സമയത്ത് ദാരികാസുരന്റെ ഭാര്യയായ മനോദരി

ശിവനെ തപസ്സുചെയ്ത് പ്രീതിപ്പെടുത്തി വസൂരിക്കുരുവിത്തായ ശിവന്റെ വിയർപ്പുഗണങ്ങൾ വരമായി നേടി. ദാരികാവധത്തിനുശേഷം ഭർതൃഘാതകിയായ കാളിക്കുനേരെ വരമായി ലഭിച്ച വിയർപ്പുതുള്ളികൾ (വസൂരിക്കുരുവിത്ത്) മനോദരി വലിച്ചെറിഞ്ഞപ്പോൾ കാളിക്ക് മേലാസകലം കുരിപ്പ് വന്നു. കോപാകുലയായ കാളി മനോദരിയുടെ കണ്ണ് കുത്തിപ്പൊട്ടിച്ച് അവരെ ദാസിയാക്കി മാറ്റി എന്നാണ് ഐതിഹ്യം" (രാഘവൻ പയ്യനാട്, ഫോക് ലോറിനൊരു പഠനപദ്ധതി, പു.94)

കണ്ണുകാണാത്ത ഈ ദേവതയാണ് 'വസൂരിമാല' എന്ന വിശ്വാസം നാട്ടിൽപുറങ്ങളിൽ ശക്തമായി നിലനിന്നിരുന്നു. വസൂരി എന്നതിനെ കാളിയെ ഉപദ്രവിക്കാനായി പുരാവൃത്ത പ്രകാരം കണ്ടെത്തിയ വഴിയായതിനാൽ അമ്മയെ എതിർക്കുകയോ, അമ്മക്ക് അനിഷ്ടം ചെയ്യുകയോ ചെയ്താൽ രോഗം പിടിപെടുമെന്നുള്ള വിശ്വാസം തദ്ദേശീയമായി നിലനിന്നിരുന്നു. 'വസൂരി ഭദ്രകാളിയമ്മയുടെ വിത്താണെന്നും, അമ്മയ്ക്ക് അപ്രിയം ചെയ്യുന്ന ദേശങ്ങളിലും ജനങ്ങളിലും ഈ വിത്തിനെ വളരെ ശക്തിയോടുകൂടി വിതച്ച് തന്റെ ശ്രേഷ്ഠതയെ പലപ്പോഴും പ്രത്യക്ഷപ്പെടുത്തുമെന്നും അതിലുണ്ടാകുന്ന പകർച്ച അമ്മയെ ധിക്കരിച്ച് നടക്കുന്നതിന്റെ ശിക്ഷയാണെന്നും പൗരാണികമതം ഘോഷിക്കുന്നു. ഇപ്രകാരം വസൂരിദീനത്തിന്റെ ദേവതയായി ഭദ്രകാളിയെ പൗരാണികർ നിശ്ചയിക്കുകയും, വളരെ പ്രാചീനകാലം മുതൽ ജനങ്ങളുടെ മനസിൽ ആഴത്തിൽ പ്രതിഷ്ഠ നേടിയിരിക്കുകയും ചെയ്തു'(ചേലനാട്ടു അച്യുതമേനോൻ, കേരളത്തിലെ കാളിസേവ, പു. 53).

കാളി (ദേവി) സർവരോഗനിവാരിണിയും, സർവോപദ്രവനാശിനിയുമാണെ വിശ്വാസം ഗ്രാമീണജനങ്ങൾക്കുണ്ട്. വസൂരി, വിഷൂചിക തുടങ്ങിയ പകർച്ചവ്യാധികൾ വാരിവിതയ്ക്കാനും അവയെ ഉന്മൂലനം ചെയ്യുവാനും കഴിവുള്ള ദേവതയാണ് കാളി എന്ന വിശ്വാസം നിലവിലിരിക്കുന്നു. 'രോഗനിവാരണാർത്ഥം കുരുമുളക്, പട്ട് (ചുവന്ന വസ്ത്രം) മുതലായവ കാളിക്കാവുകളിൽ സമർപ്പിക്കുന്ന പതിവുണ്ട്. കാളിയെ പ്രീതിപ്പെടുത്താനായി നടത്തുന്ന പൂജകളും, അനുഷ്ഠാനങ്ങളുമെല്ലാം കാളിസേവ എന്ന വ്യവഹാരത്തിലുൾപ്പെടുന്നു. കാളിസേവയുടെ ആത്യന്തികമായ ലക്ഷ്യം കാളികോപത്താലുള്ള ദുരിതങ്ങളിൽ നിന്നും രക്ഷ നേടുക എന്നതാണ്. ഇതിൽ വിവിധതരത്തിലുള്ള മാറാവ്യാധികൾക്കുള്ള പൂജകളും, അനുഷ്ഠാനങ്ങളും ഉൾപ്പെടുന്നു. ആദ്യകാലങ്ങളിൽ ദുരിതമോചനത്തിനും, ഐശ്വര്യത്തിനും വേണ്ടി നടത്തിപ്പോന്നിരുന്ന വ്യത്യസ്തതരം കാളിപൂജകൾ പിൽക്കാലത്ത് രോഗനിവാരണാർത്ഥം നടത്തിപ്പോരുന്നവയായി മാറി. ഇന്നും പകർച്ചവ്യാധികളോ മറ്റോ പിടിപെടുമ്പോൾ കാവിലമ്മയ്ക്കായി നേർച്ചകൾ നേരുന്ന പതിവ് നിലനിൽക്കുന്നുണ്ട്.

കേരളത്തിലെ പ്രധാനവും പ്രസിദ്ധവുമായ കാളി സങ്കൽപ്പങ്ങളെല്ലാം കുടികൊള്ളുന്നത് കാവുകളിലാണ്. മാടായിക്കാവ്, പിഷാരിക്കാവ്, വള്ളിയൂർക്കാവ്, ലോകനാർക്കാവ് തുടങ്ങിയവ മലബാറിലെ പ്രധാന അമ്മദൈവാരാധനക്കാവുകളാണ്. കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം, ചോറ്റാനിക്കര ദേവീക്ഷേത്രം മുതലായ ഭദ്രകാളി പ്രതിഷ്ഠയുള്ള കേരളീയ ക്ഷേത്രങ്ങളെല്ലാം തന്നെ വ്യത്യസ്തങ്ങളായ രോഗാദേവതാരാധനയ്ക്ക് പേരു കേട്ടതാണ്.

കേരളത്തിന്റെ ഭൂമിശാസ്ത്രപ്രത്യേകതയനുസരിച്ച് ഓരോ ഭൂപ്രദേശവും അവരുടേതായ കാളിസങ്കൽപ്പത്തെ രൂപപ്പെടുത്തിയിട്ടുണ്ട്. ഓരോ ദേവതകളുടെയും ഉത്ഭവവികാസങ്ങൾ പുരാവൃത്തങ്ങളോ, മിത്തുകളോ ആയി നിശ്ചിതഭൂപ്രദേശങ്ങൾക്കുള്ളിൽ പ്രബലമായി നിലനി

 ISSN: 2582 - 2594

ൽക്കുന്നവയാണ്. അത്തരത്തിൽ ഐതിഹ്യവത്ക്കരിക്കപ്പെട്ട് നിലനിൽക്കുന്ന പീഢാരിദൈവസങ്കല്പങ്ങളാണ് കുരുംബ, ചീരുമ്പ, പുതിയ ഭഗവതി എന്നിവ. ഈ ദേവതാസങ്കല്പങ്ങൾക്ക് പ്രബലമായ സ്വാധീനമുള്ളത് ഉത്തരകേരളത്തിലാണ്.

**കുരുംബ – ചീറുമ്പ – പുതിയ ഭഗവതി**

കേരളത്തിൽ വസൂരി പോലുള്ള മാരക പകർച്ചവ്യാധികളുമായി ബന്ധപ്പെടുത്തികൊണ്ട് നിലനിൽക്കുന്ന രോഗശമനദേവതാസങ്കൽപ്പങ്ങളിൽ പ്രധാനപ്പെട്ടതാണ് കുരുംബഭഗവതി. 'കുരുപ്പിന്റെ' അഥവാ വസൂരിയുടെ ദേവതയാണ് കുരുംബ. പുരാവൃത്തപ്രകാരം രോഗം വിതയ്ക്കുന്ന ദൈവസങ്കല്പമാണ് കുരുംബ. കുരുംബ ദൈവം തരുന്ന രോഗമായതിനാൽ ചിലയിടങ്ങളിൽ വസൂരിയെ 'കുരിപ്പുരോഗം' എന്നും വിളിക്കുന്നു.

ശ്രീകുരുംബയുടെ സങ്കൽപ്പഭേദമായി കരുതുന്ന ദേവതയാണ് ചീറുമ്പ. ചീർമ്മയെന്നും ഈ ദേവതയെ വിളിച്ചുപോരുന്നു. വസൂരിയുടെ അധിദേവതയായി കരുതുന്ന ചീർമ്പ/ ചീർമ്മ ക്കാവുകൾ ധാരാളമുണ്ട് ഉത്തരകേരളത്തിൽ. ഈ ദേവതാസങ്കല്പവുമായി ബന്ധപ്പെട്ട പുരാവൃത്തം ഇപ്രകാരമാണ്.

> 'ദാരികാനിഗ്രഹത്തിനു വേണ്ടി മഹാദേവന്റെ തൃക്കണ്ണിൽ നിന്നും മകളായി പിറന്നതാണ് ചീർമ്പ. ദാരികാവധത്തിനു പ്രതിഫലമായി മഹാദേവൻ ദാരികനു നൽകിയ വരങ്ങൾ ചീർമ്പക്കുനൽകി. അതിലുൾപ്പെട്ടതാണ് വസൂരി പരത്താനുള്ള കഴിവ്. ലഭിച്ച വസൂരിക്കുരുവിത്ത് പരീക്ഷണാർത്ഥത്തിൽ ചീർമ്പ മഹാദേവനു നേരെ വാരിവിതറുകയും, അവിടെ നിന്നും കൊടുങ്ങല്ലൂരിലേക്ക് കടലോരത്തൂടെ യാത്രയാവുകയും ചെയ്തു. വഴിയിൽ മുഴുവൻ വസൂരി വിതയ്ക്കുകയും ചെയ്തു എന്ന പുരാവൃത്തം രോഗകാരിണിയായി ചീർമ്പയെ കണക്കാക്കുന്നു. ചീർമ്പ വിതച്ച വസൂരി രോഗത്തെ തുടച്ചുനീക്കാൻ വേണ്ടി രൂപം കൊണ്ട ദൈവസങ്കല്പമാണ് പുതിയ ഭഗവതി'(രാഘവൻ പയ്യനാട്, ഫോക് ലോറിനൊരു പഠനപദ്ധതി, പു.94).

രോഗവുമായി ബന്ധപ്പെട്ട ദേവാതാസങ്കൽപ്പങ്ങളിൽ ഇവ ഉത്തരകേരളത്തിൽ ഏറെ പ്രചാരമുള്ളതാണ്. 'വസൂരി കൊടുക്കാൻ ചീറുമ്പയും എടുക്കാൻ പുതിയ ഭഗവതിയും' എന്ന നാട്ടുവാമൊഴി ഈ ദേവതകളുടെ ബന്ധത്തെ സൂചിപ്പിക്കുന്ന ഐതിഹ്യങ്ങൾക്ക് ജനമധ്യത്തിലുള്ള സ്വീകാര്യതയാണ് സൂചിപ്പിക്കുന്നത്.

**നിഗമനം**

ഔഷധം ഫലിക്കാതെ വരുമ്പോഴോ ഔഷധത്തെക്കുറിച്ചുള്ള അറിവില്ലായ്മയിലോ ആണ് ഭൗതികേതരമായ കാരണങ്ങളുടെ സാധ്യതകളെക്കുറിച്ചന്വേഷിക്കുന്നത്. ജീവിതത്തിൽ അനുഭവപ്പെടാറുള്ള അനിശ്ചിതത്വങ്ങളെയും ദുരൂഹതകളെയും പ്രപഞ്ചാത്ഭുതത്തിന്റെ ആജ്ഞേയമാനങ്ങളിലവതരിപ്പിച്ച് ആശ്വാസം കണ്ടെത്തിയ പ്രാകൃതരീതിയിൽ നിന്നാണ് മനുഷ്യനെ ബാധിക്കുന്ന മാറാവ്യാധികൾക്ക് ദേവതാസങ്കല്പം നൽകുന്ന രീതി നിലവിൽ വന്നത്. ദേവതകൾക്ക് ജനതയുമായുള്ള ബന്ധത്തിലും കാലാന്തരത്തിൽ മാറ്റം സംഭവിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ ദേവത ജനങ്ങളോടൊപ്പമുള്ള പ്രത്യേകവാസസ്ഥാനമില്ലാത്ത ആരാധനാമൂർത്തിയായിരുന്നു. അവരുടെ സന്തോഷങ്ങളിലും ദുരിതങ്ങളിലും അവർ അതിനെ സേവിച്ചുപോന്നു. ഗ്രാമദേവതകളുടെയും രോഗദേവതകളുടെയും തുടക്കം അതിൽ നിന്നാണ്.

അവൈദികസങ്കല്പത്തിലുള്ള കാളിയെയാണ് കേരളത്തിന്റെ ഇതരഭാഗങ്ങളിൽ മാത്ര ദേവതയായി ആരാധിച്ചുപോരുന്നത്. പുരാവൃത്തബന്ധത്തിലൂടെ കാളി രോഗദേവതയായും പരിണമിച്ചിട്ടുണ്ട്. കാളിയുടെ തന്നെ പ്രാദേശികഭേദങ്ങളായ വസൂരിമാല, ചീറുമ്പ, കുറുംബ, പുതിയഭഗവതി എന്നിവയെയും രോഗദേവതകളായി ഇതരഭാഗങ്ങളിൽ ആരാധിക്കപ്പെടുന്നു. ഇവയുടെയെല്ലാം നിലനില്പ് വ്യത്യസ്തങ്ങളും പൂരകങ്ങളുമായ മിത്ത് പുരാവൃത്തങ്ങളിലൂടെയുമാണ്. അത്രക്കേറെ രോഗദേവതാരാധനയ്ക്ക് കേരളത്തിൽ പ്രചാരമുണ്ട്.

ശാസ്ത്രമെന്ന പോലെ പ്രപഞ്ചത്തെ വ്യാഖ്യാനിക്കുകയും പ്രാപഞ്ചികപ്രതിഭാസങ്ങളെ വ്യക്തമാക്കിത്തരികയും ചെയ്യുക എന്നതാണ് പുരാവൃത്തങ്ങളുടെയും മിത്തുകളുടെയും ലക്ഷ്യം എന്നുപറയാറുണ്ട്. ലോകത്തിന്റെ നിഗൂഢതകൾക്ക് പ്രതിരൂപാത്മകഭാഷയിൽ വിശദീകരണം നൽകുകയാണ് മിത്തുകളിലൂടെയും പുരാവൃത്തങ്ങളിലൂടെയും. ലോകനാശത്തിന്റെയും മാറാവ്യാധികളുടെയും ദുരിതങ്ങളുടെയും ആത്യന്തികമായ ഹേതു ദേവതയെ വിസ്മരിച്ച് പാപമാർഗ്ഗത്തിൽ ചരിച്ച അഹങ്കാരികളായ തങ്ങളുടെ നേരയുള്ള ദേവതാകോപമാണെന്നും പ്രാചീനമനുഷ്യർ കരുതിപ്പോന്നു. പാപകരമായ അഹങ്കാരത്തിന്റെ ശമനത്തിലൂടെ മാത്രമേ ഐശ്വര്യവും സമാധാനവും നിലനിർത്താനാകൂ എന്ന കണ്ടെത്തലിന്റെ ആവിഷ്കരണമാണ് മിക്ക പുരാവൃത്തത്തിലുമുള്ളത്. അനുഷ്ഠാനത്തിലുള്ളത് അതിന്റെ പ്രയോഗവുമാണ്. അടിസ്ഥാനമായിരിക്കുന്ന വിശ്വാസത്തെയും ലക്ഷ്യമാക്കുന്ന പ്രയോജനത്തെയും മുൻനിർത്തി ഓരോ സംസ്കാരവും അനുഷ്ഠാനങ്ങളെ വൈവിധ്യമാർന്ന ആരാധനക്രമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽപ്പെട്ടതാണ് പീഢാരിദൈവസങ്കല്പം അഥവാ രോഗദേവതാരാധന.

ദേവതാകോപമാണ് രോഗങ്ങൾക്ക് കാരണമെന്ന വിശ്വാസത്തിന്റെ മനശാസ്ത്രതലം പരിശോധിക്കുന്നത് അനുഷ്ഠാനത്തിലൂടെ ലക്ഷീകരിക്കുന്ന അഭൗമചികിത്സാധർമ്മത്തിന്റെ പ്രായോഗികതലത്തെ കുറിച്ച് വ്യക്തത വരുത്തുന്നതിനിടയാവും. കോപിഷ്ഠയായ ദേവതയുടെ പ്രതികാരമാണ് രോഗവും നാശവുമെന്ന് കരുതുന്ന ജനങ്ങൾ അതിനെ നിവാരണം ചെയ്യുന്നതിനായുള്ള മാർഗ്ഗമായാണ് അനുഷ്ഠാനങ്ങൾ നടത്തിപ്പോരുന്നത്. മനുഷ്യസംസ്കാരത്തിന്റെ ജീവന പ്രതികൂലമായ പ്രതിഭാസങ്ങളോടുള്ള ഭയമായിരുന്നു ഇത്തരം ആരാധനാസമ്പ്രദായത്തിനു കാരണമായത്.

### ഗ്രന്ഥസൂചി


അച്യുതമേനോൻ ചേലനാട്ട്, കേരളത്തിലെ കാളിസേവ, സാഹിത്യപവർത്തകസഹകരണസംഘം, കോട്ടയം, 2015.

രാഘവൻ പയ്യനാട്, ഫോക് ലോറിനൊരു പഠനപദ്ധതി, കോരളസാഹിത്യഅക്കാദമി, തൃശ്ശൂർ,1989

വിഷ്ണു നമ്പൂതിരി എം.വി (എഡി), കാളിസങ്കല്പം കേരളപരിസരത്തിൽ, കേരള ഫോക്‌ലോർ ക്കാഅദമി, കണ്ണൂർ, 2004.

സോമൻ പി, അമ്മദൈവവും സംസ്കാരവും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2009.

Fabrizio M Ferrari (ed), Health and Religious Rituals in South Asia, RoutledgePublication,2011.

Whitehead Henry, The Village Gods of South India 1853-1947, Association Press, Calcutta,1927.

Smith Charlotte Seymour, Macmillan Dictionary of Anthropology, Macmillan Press, London,1989.



ISSN: 2582 - 2594

# നിരഞ്ജൻകവിതകളിലെ പലമയും പുതുമയും

**ഹലീല് റഹ്മാൻ വി. എം.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം.
കെ.കെ.ടി.എം. ഗവ. കോളേജ്,
പുല്ലൂറ്റ്
E-mail : haleelrahman38@gmail.com

**സംഗ്രഹം**

ഉത്തരാധുനിക ജീവിതപരിസരങ്ങളാണ് നവീനകവിതയുടെ പുതുമയും വൈവിധ്യവും സാധ്യമാക്കുന്നത്. രൂപത്തിലും ഉള്ളടക്കത്തിലും സമകാലികകവിതയിൽ സംഭവിച്ചിട്ടുള്ള പരിണാമസവിശേഷതകളെ നിരഞ്ജന്റെ ബി പി എൽ കവിതകൾ എന്ന കൃതിയെ അടിസ്ഥാനമാക്കി വിശകലനം ചെയ്യാനുള്ള ശ്രമമാണ് പ്രബന്ധം.

**താക്കോൽ വാക്കുകൾ:** പ്രാദേശികത, ബഹുസ്വരത, മുഖ്യധാര, പെണ്മ, സൂക്ഷ്മ രാഷ്ട്രീയം

ബഹുസ്വരതയാണ് ഉത്തരാധുനിക കവിതയുടെ മുഖമുദ്ര. വൈവിധ്യങ്ങളുടെയും വൈരുദ്ധ്യങ്ങളുടെയും സാധ്യതകളാണ് പുതുമലയാളകവിതയെ കൂടുതൽ ജനകീയമാക്കുന്നത്. ബിപിഎൽ കവിതകൾ എന്ന നിരഞ്ജന്റെ ഏറ്റവും പുതിയ സമാഹാരത്തിലൂടെ കടന്നുപോകുമ്പോൾ കേന്ദ്രീകൃതസങ്കൽപ്പങ്ങളെ തകർത്തുകളയുന്ന ഭാവനാലോകം കാണാം. വൈവിധ്യപൂർണ്ണമായ ഒരു സർഗ്ഗലോകം നിരഞ്ജന്റെ കവിതകൾ വെളിപ്പെടുത്തുന്നു.

കവിതയെ സംബന്ധിച്ച വ്യവസ്ഥാപിത ധാരണകളുടെ പൊളിച്ചെഴുത്തും പുത്തനിടങ്ങളുടെ നിർമ്മിതിയും സാധ്യമാക്കുന്നുവെന്നതാണ് അദ്ദേഹത്തിന്റെ കവിതകളെ ശ്രദ്ധേയമാക്കുന്നത്. ബൃഹദാഖ്യാനങ്ങളെ നിരാകരിക്കുന്ന ചെറുതുകളുടെ ആഘോഷമായി കവിത മാറുന്നു. കവിതയെ സംബന്ധിച്ച പ്രധാനസങ്കൽപ്പനങ്ങളുടെ അഴിച്ചുപണിയോടൊപ്പം സദാചാരബോധത്തെ തകിടം മറിക്കുന്ന കാമനാലോകങ്ങളും കാഴ്ചയുടെയും രുചിയുടെയും അനുഭവസാമ്രാജ്യങ്ങളും കവിതയിൽ കടന്നുവരുന്നു.

കവിതയുടെ രൂപപരമായ പരീക്ഷണാത്മകതയെ ആവിഷ്കരിക്കുന്ന കവിതയാണ് 'മദപ്പാട്'. ഛന്ദസ്സിന്റെ നിബന്ധനയിലൊതുങ്ങാതെ കൂട്ടംതെറ്റിയ വാക്ക് ഒറ്റയാനുല്യമായി കവി കാണുന്നു. വൃത്തബദ്ധതയുടെ നെറ്റിപ്പട്ടം കെട്ടിയ മറ്റു വാക്കുകൾ മാത്രകളുടെ താളത്തിൽ ചെ

വിയാട്ടിക്കൊണ്ടിരിക്കുന്നു. പദ്യം വാർക്കുന്ന തോതിൽനിന്നും പുറത്തായ ഒറ്റയാൻവാക്ക് വ്യത്യസ്തകവിതയുടെ ചിന്നംവിളിക്കുകയാണ്.

“നെറ്റിപ്പട്ടം കെട്ടിയ വാക്കുകൾ
മാത്രകളുടെ താളം പിടിച്ച്
ചെവിയാട്ടിക്കൊണ്ടേയിരിക്കും
ഉത്സവം പിരിയുമ്പോൾ
ദൂരെ നിന്നൊരു ചിന്നംവിളിയുടെ
പൊടിയണിഞ്ഞ ഓർമ്മകൾ
അവയെ വാരിക്കുഴിയിൽ വീഴ്ത്തും.
തോട്ടിക്കത്തിന്റെ തലയെടുപ്പുകൾ
അലങ്കാരങ്ങളൊന്നുമില്ലാതെ താനേ കുനിയും”

കാവ്യഘടനയെ സംബന്ധിച്ചുള്ള നിലവിലുള്ള ധാരണകൾ തകർക്കുമ്പോൾ തന്നെ രൂപപരമായ പരീക്ഷണങ്ങളിലൂടെ അവ്യവസ്ഥയെ വ്യവസ്ഥയാക്കുന്ന സമീപനം കവിതയിൽ പ്രത്യക്ഷപ്പെടുന്നു. വാമൊഴിവഴക്കങ്ങളോട് അടുത്തുനിൽക്കുന്ന കാവ്യഭാഷയും സംസ്കൃതത്തിന്റെ സ്ഥാനത്ത് ജൈവികമായ ഇണക്കത്തോടെ ചേർന്നുനിൽക്കുന്ന ഇംഗ്ലീഷ്പദങ്ങളുടെ സാന്നിധ്യവും പുതിയ കാവ്യഭാഷ സൃഷ്ടിക്കുന്ന സവിശേഷതയാണ്.

സമകാലികരാഷ്ട്രീയം നിരഞ്ജന്റെ കവിതകളിൽ പ്രമേയമായി വരുന്നുണ്ട്. മൂല്യച്യുതിയാണ് സമകാലികരാഷ്ട്രീയം നേരിടുന്ന വലിയ പ്രതിസന്ധി. മാനവികത, മതേതരത്വം, ജനാധിപത്യം, മാർക്സിസം, ഗാന്ധിസം തുടങ്ങിയ പലതും രാഷ്ട്രീയപ്രസ്ഥാനങ്ങൾ പ്രസംഗവേദികളിൽ ആവർത്തിക്കുമെങ്കിലും പ്രയോഗതലത്തിൽ അവ നഷ്ടമാകുന്നുവോ എന്ന് സംശയിക്കേണ്ടി വരുന്നു.

‘ഓരോ തുള്ളി ചോരയിൽ’ എന്ന കവിതയിൽ

പഞ്ചായത്തിലെ മൊത്തം രക്തസാക്ഷികളുടെ എണ്ണമെടുക്കുകയാണ് കവി. മതത്തിന്റെയോ രാഷ്ട്രീയത്തിന്റെയോ പേരിൽ രക്തസാക്ഷികളായവരും അർദ്ധജീവനോടെ ബാക്കിയായവരും പഞ്ചായത്തിലുണ്ട്. വെട്ടേറ്റവരുടെ അടിയന്തിരചികിത്സയ്ക്കായി ചെലവായ ചോരയുടെ കണക്കും കവി നിരത്തുന്നു. ശേഷം ക്രൂരചോദ്യത്തിന്റെ ചാട്ടുളി സമൂഹത്തിന് നേരെ എറിയുകയാണ്.

“ആ ചോരയുടെയൊക്കെ
പാർട്ടിയും ജാതിയും തിരിച്ചുള്ള
കണക്കുകൂടി നിങ്ങക്കറിയണമെങ്കിൽ
നിങ്ങടെ ചാനലിൽ
എപ്പഴും ലൈനിൽ നിക്കണ
ആ ചെക്കനും പെണ്ണുമില്ലേ...?
ഓരോട് പോയി ചോദിക്ക്”

ആദർശലോകത്തിനു സംഭവിച്ച ഇരുളിമയാണ് സമകാലികരാഷ്ട്രീയം നേരിടുന്ന പ്രതിസന്ധി. അഹിംസയ്ക്ക് പകരം ഹിംസയും ത്യാഗത്തിനു പകരം ഭോഗവും ധർമ്മത്തിന് പകരം

 ISSN: 2582 - 2594

അധർമ്മവും സമത്വത്തിന് പകരം വർഗ്ഗീയതയും പ്രമാണമാക്കിയ രാഷ്ട്രീയപരിസരമാണ് ഇവിടെ വളർന്നുവന്നത്. അഴിമതിയും നീതിരാഹിത്യവും സമൂഹത്തിലെ എല്ലാ രംഗത്തും കൊടികുത്തിവാഴുന്നു.

'പുലികളി@ഓണംവിഷൻ' എന്ന കവിതയിൽ വേട്ടക്കാരും ഇരകളും ഒരുപോലെ സഹകരണബാങ്ക് നടത്തുന്ന കാലത്തെപ്പറ്റി സൂചിപ്പിക്കുന്നു. ഇരകളുടെ സർവീസ് സഹകരണ ബാങ്കിൽ കാര്യങ്ങൾ നിയന്ത്രിക്കുന്നത് പാർട്ടിയാണ്. പാർട്ടിയാണ് ഭരിക്കുന്നതെങ്കിലും നടപടിക്രമങ്ങളിൽ യാതൊരു വീഴ്ചയും ഉണ്ടാവരുതല്ലോ. തുടർന്ന് നടപടിക്രമങ്ങളെപ്പറ്റി കറുത്ത ഹാസ്യത്തിൽ പറയുകയാണ്.

"ഇരയാണെന്നതിന്റെ സാക്ഷ്യപത്രം
പെട്ടുപോയ കുഴിയുടെ സ്കെച്ച്
അവസ്ഥക്കേടിന്റെ അടിയാധാരം
സാഹചര്യങ്ങളുടെ ക്രൂരതാസർട്ടിഫിക്കറ്റ്"

– ഇവയെല്ലാം ഹാജരാക്കിയാലേ ബാങ്ക് നടപടിക്രമങ്ങൾ മുന്നോട്ടു പോകൂ. സംശയങ്ങളുടെ കൗണ്ടറിൽ കാത്തുകെട്ടിയുള്ള നിൽപ്പും ബാങ്ക് പ്രസിഡണ്ടിന്റെ വീട്ടുമുറ്റത്തെ ഓച്ഛാനിച്ചു കൊണ്ടുള്ള കാത്തുകിടപ്പും സാധാരണക്കാരന്റെ ജീവിതം കൂടുതൽ ദുസ്സഹമാക്കുന്നു.

ഭക്ഷണത്തിന്റെയോ ഭക്ഷ്യവസ്തുക്കളുടെയോ ഇമേജറികളിലൂടെ നവീനാശയങ്ങൾ വിടർത്തുന്ന കവിതകളാണ് ചപ്പാത്തിനിലാവ്, മുണ്ടുടുത്ത ചപ്പാത്തികൾ, ആത്മാവിന്റെ വേവ് ലെങ്ത് എന്നിവ. 'ചപ്പാത്തിനിലാവ്' എന്ന കവിതയിൽ പുരുഷാധിപത്യത്തിനു നേരേ കവിയുയർത്തുന്ന ചോദ്യം ശ്രദ്ധേയമാണ്. പെണ്ണുങ്ങൾ കുഴച്ചുരുട്ടിപ്പരത്തുന്ന ഈ വെളിച്ചമില്ലായിരുന്നെങ്കിൽ ചന്ദ്രേട്ടന്മാരൊക്കെ അമ്പിളിക്കലവയറുമായി അങ്ങനെ കിടക്കുകയേ ഉള്ളൂ. പൂമരക്കൊമ്പിൽ ചാരിക്കിടക്കുന്ന ചന്ദ്രനെ അവതരിപ്പിച്ചു കൊണ്ടാണ് കവിത ആരംഭിക്കുന്നത്. ചാരുകസേരയിൽ മടിയനായിരിക്കുന്ന ചന്ദ്രേട്ടൻമാർ അടുക്കളയിലെ ജോലിഭാരത്തെപ്പറ്റി ഗൗനിക്കുന്നേയില്ല. വിശന്നപ്പോൾ ചന്ദ്രികച്ചേച്ചിയുടെ ചപ്പാത്തിവട്ടത്തിൽ നിന്നാണ് നിലാവ് പരന്നത്. വിശക്കുന്നവന് ദൈവം ഭക്ഷണമാണെന്നു പറയുംപോലെ ചപ്പാത്തിയാണവന് ചന്ദ്രൻ. ആഹാരത്തിന്റെ നിലാസൗന്ദര്യം ആസ്വദിക്കുമ്പോഴും അതിനു പിന്നിൽ പ്രവർത്തിച്ച പെൺകരങ്ങളെ തുണയ്ക്കണമെന്ന് അവർ ചിന്തിക്കുന്നില്ല.

പരിഷ്കരിക്കപ്പെട്ടതും ആഗോളീകരിക്കപ്പെട്ടതുമായ തീൻമേശപ്പുറത്തെയാണ് 'മുണ്ടുടുത്ത ചപ്പാത്തിക' എന്ന കവിതയിൽ ആവിഷ്കരിക്കുന്നത്. ചുവന്ന ഫ്രോക്കുടുത്ത സാൽസാ നർത്തകിയെപ്പോലെ ചില്ലി സോസ്, സ്കാൻഡിനേവിയൻ വധുവിനെ പോലെ മയോണൈസ്, കവിൾ തുടുത്ത കെച്ചപ്പ്. ഇപ്രകാരം നാട്ടുഭക്ഷണത്തിൽ നിന്നും നാട്ടുരുചികളിൽ നിന്നും ഭിന്നനായ നവമലയാളിയാണ് ഈ കവിതയിൽ കാണാനാവുക. ഇടതു കൈയിൽ ഫോർക്കും വലതു കൈയിൽ കത്തിയും കഴുത്തിൽ നാപ്കിനുമായി മേശമര്യാദകളുടെ ചിട്ടയിൽ പുഞ്ചിരിച്ചിരിക്കുമ്പോഴാണ് ചൂരൽക്കുട്ടയിൽ വെള്ളത്തുണിയാൽ മൂടിയ നിലയിൽ ചൂടൻ ചപ്പാത്തികളിൽ വന്നത്. തുണിത്തുമ്പു മാറ്റുമ്പോൾ, ചപ്പാത്തികൾ ആവിയുയരുന്ന ശബ്ദത്തിൽ നെടുവീർപ്പിട്ടപ്പോൾ പണ്ട് ഗോതമ്പുവയലിന്റെ വരമ്പത്തുനിന്ന് ആകാശത്തേക്ക് നോക്കി നെടുവീർപ്പിട്ട മൂൽചന്ദ് ഭയ്യ എന്ന പാവപ്പെട്ട കർഷകനെ ഓർമ്മവന്നു. നെടുവീർപ്പുകളുടെ ഈ ചപ്പാത്തികൾ

ഇന്നിനി കഴിക്കാൻ വയ്യ എന്ന് കവി പറയുന്നു. കർഷകന്റെ നെടുവീർപ്പുകളും കർഷകാത്മഹത്യകളുമാണ് ചപ്പാത്തിയിൽ ആവിയായി പൊന്തിയതെന്ന സത്യം തിരിച്ചറിയുകയാണിവിടെ.

ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർധിച്ചുവരുന്ന കാലത്തെ സവിശേഷമായി അടയാളപ്പെടുത്തുന്ന കവിതയാണ് 'ആത്മാവിന്റെ വേവ് ലെങ്ത്'. രണ്ടുരൂപ വിലയുള്ള ബിപിഎല്ലിന്റെ ഉണ്ടപ്പൊന്നിയും കിലോയ്ക്ക് നാല്പത്തിയാറു രൂപ വിലയുള്ള ബസ്മതിയുമാണ് ഈ കവിതയിലെ കഥാപാത്രങ്ങൾ. പൊന്നിയരി മുഷിഞ്ഞ ചാക്കിലാണെങ്കിൽ സുതാര്യമായ മിനുത്ത കവറിൽ സുഖിച്ചിരിക്കുകയാണ് ബസ്മതി. കടുത്ത അസൂയയോടെ പൊന്നിയരി ബസ്മതിയോടു ചോദിക്കുന്നു.

"കുട്ടിയെങ്ങന്യാ കുട്ടീ ...
ഇങ്ങനെ വെള്ത്ത്ട്ട്...?
ഇങ്ങനെ മെലിഞ്ഞിട്ട്...?"

ഇതിനിടെ ബസ്മതിയരി ആരുടെയോ കാറിൽ കയറി യാത്രയാകുന്നു. മുഷിഞ്ഞ ചാക്കിനുള്ളിൽ അപകർഷതാബോധത്തോടെ അപ്പോഴും ചുരുണ്ടുകൂടിയിരിക്കുകയാണ് പൊന്നിയരി. ഇരുട്ടുവീണപ്പോൾ ധൃതിപിടിച്ചെത്തിയ ഒരു തുണിസഞ്ചിയിലേക്ക് ഉണ്ടപ്പൊന്നി ചൊരിയപ്പെട്ടു. താമസിയാതെ വിയർപ്പു മാറാത്ത ഏതോ കരിവളക്കൈയിലേക്കും പിന്നെ ഞണുങ്ങിയ പൊളിഞ്ഞ പാത്രത്തിലേക്കും പൊഴിഞ്ഞുവീണു. അവിടെനിന്നും ആരുടെയൊക്കെയോ വിശപ്പിന്റെ കത്തലിൽ എരിഞ്ഞുതീർന്നു. കാറിൽ പോയ സുന്ദരിയായ ബസ്മതി അല്പമകലെയുള്ള ഫ്ലാറ്റിലെ നാലാംനിലയിൽവെച്ച് തിളക്കമുള്ള പരന്ന പാത്രത്തിലേക്ക് സ്വിമ്മിങ്പൂളിലേക്കെന്ന പോലെ കൂപ്പുകുത്തി. പിന്നെയൊരു കോഴി ബിരിയാണിയുടെ നീറലിൽ വെന്തുമലർന്നു.

പിറ്റേന്നു രാത്രി അങ്ങാടിയ്ക്കു പുറത്തുള്ള തരിശുപാടത്തിനു മുകളിൽ അലഞ്ഞുതിരിഞ്ഞ രണ്ട് കാർബോഹൈഡ്രേറ്റ് ആത്മാക്കൾ കണ്ടുമുട്ടി. അവർ പരസ്പരം പറഞ്ഞു:

"വേവിനങ്ങനെ ബി പി എൽ, എ പി എൽ എന്നൊന്നൂല്യ... വേവാച്ചാൽ... വേവ്വന്നെ.. "

പാവപ്പെട്ടവന്റെ ബിപിഎൽ അരിയും പണക്കാരന്റെ ബസ്മതി അരിയും ഭക്ഷണമായി ദഹിച്ചശേഷം രണ്ടു കാർബോഹൈഡ്രേറ്റ് ആത്മാക്കളായി കണ്ടുമുട്ടുകയാണ്. വേവലിന്റെ വേദനയെക്കുറിച്ച് സംസാരിക്കുമ്പോൾ വെന്തുനീറ്റലിന് എപിഎൽ, ബിപിഎൽ ഭേദമില്ലെന്ന് ആത്മാക്കൾ കണ്ടെത്തുന്നു. സമ്പന്നതയുടെ പൊങ്ങച്ചങ്ങളും ദരിദ്രന്റെ ഇല്ലായ്മകളുമുണർത്തുന്ന ഭേദങ്ങൾ അതോടെ നിർവീര്യമാകുന്നു.

വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ പ്രണയത്തെ വ്യത്യസ്തമായി വായിക്കാനുള്ള ശ്രമമാണ് 'റേഷൻകാർഡുള്ള പ്രണയം' എന്ന കവിത. പഞ്ചസാരയുടെ വില കിലോ 2 രൂപ 30 പൈസയായിരുന്ന പഴയകാലത്താണ് തന്റെ ആദ്യപ്രണയം പാവാടഞൊറിയിളക്കി പീടികത്തിണ്ണയിലേറി നിന്നത്. എന്നാൽ ഇന്നത്തെക്കാലത്ത് പ്രണയം കൊണ്ടുനടക്കൽ ഏറെ കഷ്ടമാണ്. കാരണം പഞ്ചസാരയ്ക്കൊക്കെ എന്തൊരു വിലയാണ്. പ്രണയത്തിന്റെ പഞ്ചാരമധുരത്തെ അകാല്പനികമായി ആവിഷ്കരിക്കുകയാണിവിടെ. ജീവിക്കാനുള്ള തിരക്കുകൾക്കിടയിൽ പാവപ്പെട്ടവന് പ്രണയം വിലപിടിച്ചവസ്തുവാണ്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള കഠിനശ്രമത്തിലാണവർ. അതിനിടയിൽ പ്രണയം വിലക്കയറ്റത്തിൽപ്പെട്ട

 ISSN: 2582 - 2594

പഞ്ചസാര പോലെ അപ്രാപ്യമായി മാറിയിരിക്കുന്നു. നിത്യവുമുള്ള കഷ്ടപ്പാടുകൾക്കിടയിൽ, ബദ്ധപ്പാടുകൾക്കിടയിൽ അവർ ചിന്തിക്കുന്നതിങ്ങനെ.

"ദിവസവും സാരിയുടുത്ത് പുറപ്പെട്ടു പടിയിറങ്ങുമെൻ പ്രണയമേ
നിന്റെ ഞൊറിയുലച്ചിൽ
ദൂരെ നിന്നെൻ വിരൽസ്പർശമെപ്പോഴും കൂടെയുണ്ടെങ്കിലും ....
എങ്കിലും. . . .
പഞ്ചസാരയ്യൊക്കെ
ഇപ്പോ എന്താ വെല.. . "

ഗ്രാമ-നഗര ജീവിതത്തിന്റെ വൈരുദ്ധ്യങ്ങളെ വായിച്ചെടുക്കാനുള്ള ശ്രമമാണ് 'നഗരമദ്ധ്യേ ഗ്രാമീണജീവിതം' എന്ന കവിത.

വീട്ടിനുള്ളിൽ ഗ്രാമീണജീവിതം പിന്തുടരുകയാണയാൾ. നാഗരികജീവിതത്തെ വാതിലിനു പുറത്താക്കിയാണ് വീടിനുള്ളിൽ പ്രവേശിക്കുക. അപ്പോഴുമത് ഗ്രാമീണജീവിതമാകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. പാക്കറ്റ് പാൽ വാങ്ങുമ്പോൾ അതിൽ തുളയിട്ട് പശുവിന്റെ അകിട് കറക്കുന്നത് പോലെ പാലെടുക്കും. പശുവിനൊപ്പമുള്ള ഗ്രാമീണസഹജീവിതം അയാൾ താലോലിക്കുന്നതു മൂലമാകാം ഇത്തരം അനുകരണങ്ങൾ. രാവിലെ പ്രഭാതഭക്ഷണമായി ദോശയ്യൊപ്പം ഉള്ളിസ്സമ്മന്തിയും പുഴുങ്ങിയ നേന്ത്രപ്പഴവും മാത്രം. ഉച്ചയ്ക്ക് ഇടിച്ചക്കത്തോരനാണ് പ്രധാന കറി. ചുമരിൽ വാളും ചിലമ്പുമായി മാങ്ങോട്ടു ഭഗവതിയും മാതൃഭൂമിക്കലണ്ടറും. ഇങ്ങനെയൊക്കെയാണെങ്കിലും നിത്യവും രാവിലെ കാലത്ത് ഏഴേപതിനൊന്നിന്റെ അന്ധേരി ലോക്കൽ തീവണ്ടിയിലേക്ക് തിക്കിത്തിരക്കി ഇടിച്ചുകയറുമ്പോൾ അയാളിലേക്ക് കമ്പാർട്ട്മെന്റിലെ ബഹളങ്ങൾ ഒരു നഗരമായി ആവേശിക്കും. ഗ്രാമീണജീവിതം താറുമാറാകും.

തിരയും തീരവും തമ്മിലുള്ള പ്രണയത്തെ നൂതനശൈലിയിൽ ആവിഷ്കരിക്കുന്ന കവിതയാണ് 'താരദമ്പതികൾക്ക് സംഭവിക്കാവുന്നത്'. ഇവിടെ കടലിനെ ആണത്തത്തിന്റെ പ്രതീകമായി കവി തിരിച്ചിടുന്നു. നാട്ടിക ബീച്ചിന്റെ അടിവയറ്റിൽ ഉമ്മവെച്ചുകൊണ്ട് കടൽ കിന്നാരം പറയുകയാണ്.

"നീ ചെമ്മീനിലഭിനയിച്ച
കാലമോർക്കുകയായിരുന്നു ഞാൻ
..........................................................
ഷീലക്കണ്ണുകളുടെ മീൻപെടപ്പ്
മധുവിന്റെ ഉറുമാൽ കെട്ടിയ കുരുവിക്കൂട്
അവരുടെ പ്രണയം
ചതുക്കിപ്പിതുക്കി നടന്നുപോയ നിന്റെ കവിളുകൾ
ഓരോ ഷോട്ട് കഴിഞ്ഞും
ഞാൻ തഴുകിക്കൊണ്ടേയിരുന്നത്.. . . "

തന്റെ ചന്തമൊക്കെ പോയെന്ന് കടലിനോട് പരിഭവം പറയുകയാണ് തീരം. തീരശോഷണം മൂലം കരയ്ക്കുണ്ടായ നാശമായിരിക്കാം കവി സൂചിപ്പിക്കുന്നത്. കടലാകട്ടെ ഇപ്പോഴും നിത്യഹരിതനായകനാണ്. നായികമാരിലേക്കു വരുമ്പോൾ നിത്യഹരിതനായിക എന്നൊരു

ചിന്ത പുരുഷാധിഷ്ഠിതസൗന്ദര്യ സകല്പങ്ങളിലില്ലെന്ന പറയാം.

"അന്നൊക്കെ അഭിനയിച്ചപോലെത്തന്നെ ഇപ്പോഴും ചെറുപ്പമായിട്ടിരിക്കുന്നു. നിത്യഹരിതനായകൻ. . . .

കടൽ പ്രേംനസീറായി. . . . . "

കടൽ കരയോട് പറയുന്ന മറുപടിയിലാകട്ടെ പുരുഷാധിപത്യത്തിന്റെ ധ്വനികളാണ് മുഴങ്ങുന്നത് -

"ഞാൻ ചെറുപ്പമായിട്ടിരിക്കുന്നത്
നിനക്കു വേണ്ടിയല്ലേ
പിന്നെയി ദ്വീപുകൾ
പാവങ്ങൾക്കെല്ലാം കൂടി
ഞാനൊരു കടലല്ലേയുള്ളൂ, മണ്ടിപ്പെണ്ണേ... "

- പ്രേംനസീറിന്റെ 'മണ്ടിപ്പെണ്ണേ' വിളിയിൽ മാത്രമല്ല ഇന്നും പുരുഷാധിപത്യം സ്ത്രീയെ മണ്ടിപ്പെണ്ണാക്കുകയാണെന്ന് കവിയോടൊപ്പം നമ്മളും തിരിച്ചറിയുന്നു.

എൺപത്തിനാലു കവിതകൾ ഉള്ളടങ്ങിയ സമാഹാരമാണ് നിരഞ്ജന്റെ ബി പി എൽ കവിതകൾ എന്ന കൃതി. പ്രമേയത്തിന്റെയും രൂപശില്പത്തിന്റെയും ഏകതാനതയെ നിരന്തരം പിളർത്തിക്കൊണ്ടിരിക്കുകയാണ് ഇതിലെ ഓരോ രചനയും. പലമയുടെ തീരാത്ത വിടർച്ചകളിലേക്കുള്ള സഞ്ചാരമായി കവിതകൾ മാറുമ്പോൾ പുതുമയുടെ പുലരികൾ അകമ്പടിയായെത്തുന്നു.

## ഗ്രന്ഥസൂചി

നിരഞ്ജൻ, ബി പി എൽ കവിതകൾ, 2021, ഐവറി ബുക്സ്.

നിരഞ്ജൻ, ചെലവുകുറഞ്ഞ കവിതകൾ, 2010, ഡി സി ബുക്സ്.

രാജേഷ് ചിറപ്പാട് (എഡി. ) പുതുകാലം പുതുകവിതകൾ, 2012, ചിന്ത.

അജയകുമാർ എൻ, കവിതയുടെ വഴികൾ, 2008, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം

അപ്പൻ കെ. പി., ഉത്തരാധുനികത: വർത്തമാനവും വംശാവലിയും, 1987, ഡിസി ബുക്സ്

വിജയകുമാർ, ഉത്തരാധുനികശാസ്ത്രം - വിശ്ലേഷണവും വിമർശനവും, 2006, പൂർണ്ണ

# വൈജ്ഞാനികസാഹിത്യത്തിന്റെ രൂപീകരണവും പരിചരണവും മലയാള സാഹിത്യചരിത്രങ്ങളിൽ

**സഞ്ചന കെ.**
മലയാളവിഭാഗം ഗവേഷക
എസ്.എൻ.ജി.എസ്. കോളേജ് പട്ടാമ്പി
Email: sanchanakptb@gmail.com

**സംഗ്രഹം**

ഇന്ന് മലയാളത്തിലെ സാഹിത്യവ്യവഹാരങ്ങളിൽ പ്രധാനപ്പെട്ടൊരു ശാഖയാണ് വൈജ്ഞാനിക സാഹിത്യം. സാഹിത്യപഠനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നവയാണ് സാഹിത്യചരിത്രങ്ങൾ. ആധുനികതയുടെ ഭാഗമായി മലയാളത്തിലേക്ക് കടന്നുവന്ന വിജ്ഞാനശാഖയായ സാഹിത്യചരിത്രങ്ങളിൽ ആദ്യകാലത്ത് വൈജ്ഞാനികതയ്ക്ക് വലിയ പ്രാധാന്യം ലഭിച്ചിട്ടില്ല. ഒരു പ്രത്യേക ഘട്ടത്തിലാണ് ഈയൊരു ശാഖ സാഹിത്യചരിത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. മലയാളത്തിലെ വായനാസമൂഹത്തിനിടയിൽ വൈജ്ഞാനികസാഹിത്യം ഇടം പിടിക്കുന്നതിന്റെ പശ്ചാത്തലം പരിശോധിക്കേണ്ടതുണ്ട്.

പുതിയൊരു സാഹിത്യശാഖ എന്ന നിലയിൽ രൂപപ്പെട്ട വൈജ്ഞാനിക സാഹിത്യത്തിന്റെ ഉള്ളടക്കം വിശകലനവിധേയമാക്കുമ്പോഴേ എന്താണ് മലയാളഭാഷയിലെ വൈജ്ഞാനിക സാഹിത്യമായി പരിണമിച്ചതെന്ന് വ്യക്തമാവൂ. സംസ്കൃതപാരമ്പര്യത്തിൽ നിലനിന്നിരുന്ന വൈജ്ഞാനികസാഹിത്യവും ആധുനികതയോടൊപ്പം മലയാളത്തിലേക്ക് എത്തിയ പാശ്ചാത്യ വൈജ്ഞാനികതയും എങ്ങനെയാണ് സമ്മേളിക്കുന്നതെന്നും, ഇവിടെ നിലനിന്നിരുന്ന നാട്ടറിവുകളെ ഇതിലെങ്ങനെ സ്ഥാനപ്പെടുത്തിയെന്നും ഈ പ്രബന്ധത്തിലൂടെ വിമർശനാത്മകമായി പഠിക്കുന്നു.

**താക്കോൽവാക്കുകൾ:** വൈജ്ഞാനികത, വൈജ്ഞാനികസാഹിത്യം, നാട്ടറിവ്, സംസ്കൃതപാരമ്പര്യ വൈജ്ഞാനികത, ആധുനിക വിജ്ഞാനം

## ആമുഖം

വിജ്ഞാനസമൂഹനിർമ്മിതിയിൽ ഒരു പ്രധാനപ്പെട്ട ഘടകമായി വൈജ്ഞാനിക സാഹിത്യത്തിന്റെ ഇടപെടൽകൂടി ഉണ്ടായിട്ടുണ്ട്. മലയാളത്തിലെ വായനാസമൂഹത്തിലൂടെയാണ് ഇത് സാധ്യമായത്. ഭാഷയിൽ വിജ്ഞാനസമൂഹനിർമ്മിതിയെ സഹായിക്കുന്ന തരത്തിലുള്ള എന്തെല്ലാം ഭാഷാവ്യവഹാരങ്ങൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട് എന്ന് സാഹിത്യചരിത്രങ്ങൾ രേ

ഖപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. അതിൽ തന്നെയും ഏതിനെയാണ് വൈജ്ഞാനിക സാഹിത്യമായി പരിഗണിക്കേണ്ടത് എന്ന വിഷയത്തിൽ സാഹിത്യചരിത്രങ്ങൾക്ക് വ്യത്യസ്തങ്ങളായ സമീപന രീതികളാണുള്ളത്. ആധുനികതയുടെ ഒരുല്പന്നമെന്ന നിലയിലാണ് സാഹിത്യചരിത്രരചന മലയാളത്തിലാരംഭിക്കുന്നത്. വൈജ്ഞാനികസാഹിത്യം എന്നൊരു സാഹിത്യശാഖയും ആധുനികതയുടെ ഭാഗമായി തന്നെയാണ് ഇവിടെ കടന്നുവരുന്നത്. "ആധുനികത എന്ന വ്യവഹാരം സാഹിത്യം എന്ന ഭാവുകത്വത്തേയും സാഹിത്യചരിത്രം സാഹിത്യവിമർശനം എന്നിങ്ങനെ വിവിധ സംവർഗങ്ങളേയും സാധ്യമാക്കുകയായിരുന്നു" (രാധാകൃഷ്ണൻ ഇളയിടത്ത്, 2017). മലയാളത്തിലെ തിരഞ്ഞെടുത്ത സാഹിത്യചരിത്രങ്ങളെ ആസ്പദമാക്കിയാണ് ഈ പ്രബന്ധത്തിൽ വൈജ്ഞാനികസാഹിത്യമെന്ന സംവർഗത്തിന്റെ രൂപപ്പെടലിനെ കുറിച്ച് വിശകലനം ചെയ്യുന്നത്. അതിനായി വിമർശനാത്മകവ്യവഹാര വിശകലനത്തിന്റെ രീതിശാസ്ത്രമാണ് ഉപയോഗപ്പെടുത്തുന്നത്.

ഭാഷയിലെ ആദ്യത്തെ സാഹിത്യചരിത്രമായി കണക്കാക്കി വരുന്ന പി.ഗോവിന്ദപ്പിള്ളയുടെ 'മലയാളഭാഷാചരിത്രം' മുതൽ വൈജ്ഞാനിക സാഹിത്യത്തിന്റെ അടയാളപ്പെടുത്തലുകൾ കടന്നുവന്നിട്ടുണ്ട്. ആധുനികതയുടെ വ്യാവഹാരിക പശ്ചാത്തലത്തിലാണ് 'മലയാളഭാഷാ ചരിത്ര'ത്തിന്റെ ഘടനയും സമീപനരീതിയും രൂപപ്പെടുന്നത്. കൊളോണിയൽ യുക്തിക്കകത്താണ് മലയാളത്തിലെ ആധുനികവിജ്ഞാനശാഖകളും രൂപപ്പെട്ടത്. പി.ഗോവിന്ദപ്പിള്ളയുടെ 'മലയാള ഭാഷാ ചരിത്ര'ത്തിൽ പല ഐതിഹ്യങ്ങളെയും ചരിത്രവല്ക്കരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതെല്ലാം പറയേണ്ടത് ശാസ്ത്രീയതയിൽ ചാലിച്ചെടുത്താണ് എന്ന അധീശവർഗപ്രത്യയശാസ്ത്രത്തിന്റെ യുക്തി മലയാളത്തിലെ ആദ്യത്തെ സാഹിത്യചരിത്രത്തിലും കാണാൻ സാധിക്കും.

മലയാളഭാഷാചരിത്രത്തിൽ വൈജ്ഞാനികസാഹിത്യത്തിനായി പ്രത്യേകം ഒരധ്യായം ഇല്ലെങ്കിലും മലയാളത്തിലെ വിജ്ഞാനസമൂഹനിർമ്മിതിയെ കൂടി ലക്ഷ്യം വെക്കുന്ന പ്രധാനപ്പെട്ട കൃതികളെ പലയിടത്തായി വിശകലനം ചെയ്യുന്നുണ്ട്. കൊല്ലവർഷാരംഭംവരെ എന്ന് രേഖപ്പെടുത്തിയ നാലാം അധ്യായത്തിൽ കേരളത്തിലെ സംസ്കൃത പാരമ്പര്യത്തിലടിസ്ഥിതമായുള്ള വൈദ്യഗ്രന്ഥങ്ങളെയും ജ്യോതിഷഗ്രന്ഥങ്ങളെയും പ്രതിപാദിക്കുന്നു. വിജ്ഞാനത്തിനുമേലുള്ള ബ്രാഹ്മണമേൽക്കോയ്മയെ എടുത്തുകാണിക്കുക എന്നതിൽ കവിഞ്ഞ് ഈ വിവരണത്തിന് മറ്റുദ്ദേശ്യങ്ങളൊന്നും ഉണ്ടാവാനിടയില്ല. കൊല്ലവർഷം 500 മുതൽ 600 വരെ എന്നുരേഖപ്പെടുത്തിയ ഏഴാം അധ്യായത്തിൽ കേരളീയ വൈദ്യഗ്രന്ഥങ്ങൾ, ജ്യോതിഷഗ്രന്ഥങ്ങൾ, തച്ചുശാസ്ത്രഗ്രന്ഥങ്ങൾ, ആചാരഗ്രന്ഥങ്ങൾ, സംഗീതഗ്രന്ഥങ്ങൾ തുടങ്ങിയവ വിശകലനം ചെയ്യുന്നു.

കേരളീയ വൈദ്യഗ്രന്ഥങ്ങൾ എന്ന ഭാഗത്ത് സംസ്കൃതത്തിൽ രചിക്കപ്പെട്ട് മലയാളത്തിലേക്ക് ഗദ്യമായി പരിഭാഷ നടത്തിയ ചില ഗ്രന്ഥങ്ങളെയും പ്രധാനപ്പെട്ട വ്യക്തികളേയും അവരുടെ വൈദ്യഗ്രന്ഥങ്ങളെയും പരാമർശിക്കുന്നു. കുട്ടഞ്ചേരി മൂസ്സത്, ആലത്തൂർ നമ്പി എന്നിവരെ കുറിച്ചുള്ള വിശദാംശങ്ങൾ എടുത്തു പറയുന്നു. കാണജന്മമര്യാദ എന്ന പേരിലറിയപ്പെടുന്ന മലയാളത്തിലെ വസ്തു-അനുഭവക്രമം അറിയുന്നതിനും അതിനെക്കുറിച്ചുള്ള നടപടിക്രമങ്ങൾ പരാമർശിക്കുന്നതുമായ പദ്യഗ്രന്ഥം കൊച്ചിയിൽ ഒരു ദേശത്തുണ്ടെന്ന അറിവ് ഇതിൽ രേഖപ്പെടുത്തുന്നുമുണ്ട്.

കൊല്ലവർഷാരംഭം മുതൽ കേരളബ്രാഹ്മണ വൈദ്യന്മാർ അമ്പലവാസികളെ മാത്രമാ

 ISSN: 2582 - 2594

ണ് വൈദ്യം പഠിപ്പിച്ചിരുന്നത് എന്ന് ഗോവിന്ദപ്പിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിഭാഗം ബ്രാഹ്മണരോട് ഒപ്പം നില്ക്കുന്നവരായതുകൊണ്ടും സംസ്കൃതം അറിയാമെന്നതുമാണ് കാരണം. എന്നാൽ ആര്യന്മാരുടെ വരവിന് മുമ്പുതന്നെ ഇവിടെ നിലനിന്നിരുന്ന ബ്രാഹ്മണേതരമായ വൈദ്യസംബന്ധമായ നാട്ടറിവിനെ സംബന്ധിച്ച് ഭാഷാചരിത്രം എന്ന ഗ്രന്ഥത്തിൽ പരാമർശിക്കുന്നില്ല. "വ്യവസ്ഥാപിതവും തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നതുമായ തദ്ദേശീയ ജ്ഞാനമാണ് നാട്ടറിവ്" (അനിൽ കെ.എം., 2009:20). തദ്ദേശീയമായ ഇത്തരം അറിവുകളെ കേരളത്തിന്റെ വൈജ്ഞാനികതയിൽ രേഖപ്പെടുത്തേണ്ടതാണെന്ന യാതൊരു ധാരണയും ഈ സാഹിത്യചരിത്രം വെച്ചുപുലർത്തുന്നില്ല. കേരളത്തിലെ ആദ്യസാഹിത്യചരിത്രം മുതലേ ഈ പ്രവണത ആരംഭിച്ചതായി കാണാം.

കേരളീയ ജ്യോതിഷഗ്രന്ഥങ്ങൾ എന്ന ഭാഗത്ത് കേരളബ്രാഹ്മണജ്യോതിഷികളുടെ ശിഷ്യരായി വന്ന ശൂദ്രരുടെ ഉപയോഗത്തിനായി മിക്ക ജ്യോതിഷഗ്രന്ഥങ്ങൾക്കും ഭാഷാവിവർത്തനങ്ങളുണ്ടായി എന്നും അവ ഏതെല്ലാമെന്നും പി.ഗോവിന്ദപ്പിള്ള ക്രമപ്പെടുത്തുന്നു. അതിൽ ഇരുപത്തൊന്നോളം ജ്യോതിഷ ഗ്രന്ഥങ്ങളും ഗണിതഭാഷ, പ്രശ്നരീതി, ബൃഹജ്ജാതകം തുടങ്ങിയവയും ഉൾപ്പെടുന്നു.

നാട്ടിൽ നടപ്പുള്ള നിയമങ്ങളെയും കുറ്റകൃത്യങ്ങളേയും ശിക്ഷാരീതികളേയും വ്യവസ്ഥപ്പെടുത്തുന്ന വ്യവഹാരമാല എന്ന മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതിയെ കുറിച്ചും മലയാളഭാഷാ ചരിത്രത്തിൽ നിന്ന് അറിവ് ലഭിക്കുന്നു. മനുസ്മൃതിയിൽ നിന്നുമെടുത്ത വ്യവഹാരഖണ്ഡങ്ങളാണ് വ്യവഹാരമാല, വിവാദരത്നാകരം എന്നീ പേരുകളിൽ സംസ്കൃതഗ്രന്ഥങ്ങളായി ചമച്ചിരുന്നത്. തുടർന്ന് പ്രതിപാദിക്കുന്ന കേരളീയ തച്ചുശാസ്ത്രഗ്രന്ഥങ്ങൾ എന്ന ഭാഗത്ത് കേരളത്തിൽ ആദ്യകാലത്തുതന്നെ സംസ്കൃതഭാഷയിലുള്ള തച്ചുശാസ്ത്രഗ്രന്ഥങ്ങൾ നിലനിന്നിരുന്നുവെന്നും പരശുരാമൻ നമ്പൂതിരിമാർക്ക് തച്ചുശാസ്ത്രം ഉപദേശിച്ചുകൊടുത്തിട്ടുണ്ടെന്നും പറയുന്നു. കാലക്രമേണ ഈ അറിവുകൾ ആശാരിമാരിലെത്തുകയും അവരത് മലയാളത്തിലേക്ക് മാറ്റിയെഴുതുകയും ചെയ്തതായി പറഞ്ഞശേഷം പി. ഗോവിന്ദപ്പിള്ള പ്രസ്തുത കൃതികൾ രേഖപ്പെടുത്തിയിട്ടുമുണ്ട്.

കേരളീയാചാരഗ്രന്ഥങ്ങൾ എന്ന ഭാഗത്തിൽ വൈദികർക്കും സ്മാർത്തന്മാർക്കും വേദാധ്യയനാനന്തരം വേദങ്ങളിലും സ്മൃതികളിലും വിവരിച്ചിരിക്കുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും ചടങ്ങുകളും അറിയുവാനുള്ള ഗ്രന്ഥങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. ഇവയും സംസ്കൃതത്തിൽ മാത്രമുണ്ടായിരുന്ന ഗ്രന്ഥങ്ങളും കൊല്ലവർഷം 500-ന് ശേഷം മാത്രം ഭാഷയിലേക്ക് വിവർത്തനം ചെയ്തവയുമാണ്. സംഗീതഗ്രന്ഥങ്ങളെ കുറിച്ചുള്ള വിവരണവും ഇതുപോലെ തന്നെയാണ്. സംസ്കൃതത്തിൽ മാത്രമുണ്ടായിരുന്നവ പില്കാലത്ത് മലയാളത്തിലേക്ക് മാറ്റിയെഴുതപ്പെട്ടതാണ്. ഈ തരത്തിൽ മലയാളത്തിന്റെ വൈജ്ഞാനികത എന്ന നിലയിൽ മലയാളത്തിലെ ആദ്യസാഹിത്യചരിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെല്ലാം സംസ്കൃതപാരമ്പര്യത്തിനകത്ത് നില്ക്കുന്ന അറിവുകൾ മാത്രമാണ്, തദ്ദേശീയമായ അറിവിനെ വൈജ്ഞാനികതയായി പരിഗണിക്കാൻ ഈ ഗ്രന്ഥത്തിലെവിടെയും ശ്രമം നടത്തിയതായി കാണുന്നില്ല.

1992-ൽ പുറത്തിറങ്ങിയ പി.ശങ്കരൻ നമ്പ്യാരുടെ 'മലയാള സാഹിത്യചരിത്രസംഗ്രഹ'ത്തിൽ ഭാഷയിലെ വൈജ്ഞാനികശാഖയിലെ ഒരു വിഭാഗത്തെയും പ്രത്യേകിച്ച് എടുത്തുപറയുന്നില്ല. ചില ശാസ്ത്രകൃതികളെ പ്രതിപാദിച്ച് പോകുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്.

മലയാളത്തിൽ ശാസ്ത്രീയഗ്രന്ഥങ്ങൾ ഉണ്ടായിവരുന്നത് ഗദ്യസാഹിത്യത്തിന് അനുഗ്രഹമാണെന്നും പി. ശങ്കരൻ നമ്പ്യാർ അഭിപ്രായപ്പെടുന്നു. "പദങ്ങളുടെ പരിമിതത്വം എല്ലാ ഭാഷകൾക്കും അഭിവൃദ്ധിക്ക് ഒരു വിഘ്നമായിട്ടാണല്ലോ കാണപ്പെടുന്നത്. ശാസ്ത്രീയഗ്രന്ഥങ്ങൾ വർദ്ധിക്കുന്നതോടുകൂടിയല്ലാതെ ഈ കുറവ് പരിഹരിക്കപ്പെടുന്നതിനു വഴിയില്ല. ശാസ്ത്രീയസങ്കേതങ്ങളെ നിർദ്ദേശിക്കുന്നതിന് നൂതനപദസൃഷ്ടി കൂടാതെ കഴികയില്ല. ആവശ്യം സൃഷ്ടിയുടെ മാതാവാകയാൽ ഗ്രന്ഥനിർമ്മാണശ്രമം, സാങ്കേതിക പദങ്ങളുടെ ഉല്പത്തിക്ക് ഹേതുവായിത്തീരാതിരിക്കാൻ നിവൃത്തിയില്ല" (ശങ്കരൻനമ്പ്യാർ, 2001:126) എന്ന ദീർഘദർശിത്വം നിറഞ്ഞ ഒരുപദേശം കൂടി ഇദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

ഇന്നും മലയാളത്തിലെ പ്രധാനപ്പെട്ട ഒരു സാഹിത്യചരിത്രമാണ് ഉള്ളൂരിന്റെ 'കേരളസാഹിത്യചരിത്രം'. ഇതിന്റെ ആദ്യപതിപ്പ് പ്രസിദ്ധീകരിക്കപ്പെടുന്നത് 1953-ലാണ്. എഴുത്തുകാരുടെ സാഹിത്യസംഭാവനകൾക്കൊപ്പം അവരുടെ ജീവചരിത്രത്തിനും വലിയ പ്രാധാന്യം നല്കുന്ന രീതിയാണ് ഉള്ളൂർ അവലംബിച്ചിരിക്കുന്നത്. സംസ്കൃതസാഹിത്യത്തിന് അമിതമായ പ്രാധാന്യം നല്കിയിട്ടുമുണ്ട്. കേരളസാഹിത്യചരിത്രത്തിലെ ഇരുപത്തൊന്നാം അധ്യായത്തിൽ ജ്യോതിഷത്തിന്റെ അഭിവൃദ്ധിയാണ് പരാമർശിക്കുന്നത്. അതിൽ പ്രാചീനാചാര്യന്മാരെയും കേരളീയ ജ്യോതിർവിത്തുകളെയും പ്രധാന ജ്യോതിശാസ്ത്രകൃതികളേയും പരാമർശിക്കുന്നു.

'കേരളസാഹിത്യചരിത്ര'ത്തിന്റെ ഇരുപത്താറാമധ്യായമായ ഭാഷ-ഗദ്യഗ്രന്ഥങ്ങളിൽ ചില ശാസ്ത്രഗ്രന്ഥങ്ങൾ എന്ന ഭാഗത്ത് തത്ത്വമസി വ്യാഖ്യാനം, സിദ്ധദീപിക, ജനകാഗസ്ത്യസംവാദം, യന്ത്രരാജൻ, ശ്രൌതപ്രയോഗം ഭാഷ, ഭാവാധ്യായം ഭാഷ തുടങ്ങിയവയാണ് ശാസ്ത്രകൃതികൾ എന്ന പേരിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എട്ടധ്യായങ്ങളിലായി നീണ്ടുകിടക്കുന്ന സംസ്കൃതസാഹിത്യത്തിലും പലയിടങ്ങളിലായി ചില വൈജ്ഞാനിക ഗ്രന്ഥങ്ങൾ കാണുന്നുണ്ട്. ഭാഷാഗദ്യം എന്ന തലക്കെട്ടിന് കീഴിൽ പ്രതിപാദിക്കുന്ന ചില ഗ്രന്ഥങ്ങളുടെ പേരുകൾ ചേർത്തതൊഴിച്ച് സംസ്കൃതത്തിലെഴുതപ്പെട്ട കൃതികളെ ക്രമപ്പെടുത്തുക എന്നതിനപ്പുറം സമൂഹത്തിലെ വിജ്ഞാനനിർമ്മിതി ലക്ഷ്യം വെച്ചുകൊണ്ട് രചിക്കപ്പെട്ട ഗ്രന്ഥങ്ങളെ പരിചയപ്പെടുത്താനോ തദ്ദേശീയമായ നാട്ടറിവുകളെ കുറിച്ച് പരാമർശിക്കാനോ ഒരു ശ്രമവും ഉള്ളൂർ നടത്തിയിട്ടില്ല. പദ്യത്തിന് മാത്രം സാഹിത്യത്തിൽ മേൽക്കൈ ഉണ്ടായിരുന്ന കാലഘട്ടത്തിൽ ഇതരകൃതികളെയെല്ലാം ഗദ്യം എന്ന വകുപ്പിലുൾപ്പെടുത്തുന്ന സമീപനമാണ് 'കേരളസാഹിത്യചരിത്ര'ത്തിൽ അവലംബിച്ചിരിക്കുന്നത്.

ടി.എം. ചുമ്മാറിന്റെ 1955-ൽ പ്രസിദ്ധീകരിച്ച 'ഭാഷാഗദ്യസാഹിത്യചരിത്രം' എന്ന കൃതിയിൽ വളരെ വിശദമായി മലയാളത്തിൽ അന്നുണ്ടായിട്ടുള്ള എല്ലാ ഗദ്യസാഹിത്യവ്യവഹാരങ്ങളെയും പരാമർശിക്കുന്നുണ്ട്. ഭാഷാവിജ്ഞാനീയം എന്ന വൈജ്ഞാനികസാഹിത്യമേഖല മൂന്ന് അധ്യായങ്ങളിലായി വിപുലമായ രീതിയിൽ ടി.എം. ചുമ്മാർ പരാമർശിച്ചിട്ടുണ്ട്. അതിൽ പാശ്ചാത്യമിഷണറിപ്രവർത്തകരുടെയും മലയാളികളായ ഭാഷാവ്യാകരണ പണ്ഡിതന്മാരുടെയും കൃതികളുൾപ്പെടുന്നു. കൂടാതെ വ്യാകരണം, ഭാഷാശാസ്ത്രം, നിഘണ്ടുക്കൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ തുടങ്ങിയതെല്ലാം ഉൾപ്പെടുന്നു. ബഹുജനങ്ങളുടെ അറിവിനെ ഈ സാഹിത്യചരിത്രത്തിൽ പരിഗണിക്കുന്നുണ്ടെന്ന് പറയാം. തലമുറകളായി കൈമാറിവന്നിരുന്ന നാട്ടറിവുകളിൽ ഉൾക്കൊള്ളുന്ന കടങ്കഥയും പഴഞ്ചൊല്ലുകളുമെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുവരുന്ന അധ്യായം ഭൗതികവിജ്ഞാനത്തിൽ ആ മേഖലയിൽ സംഭാവനകൾ നല്കിയിട്ടു


ISSN: 2582 - 2594

ള്ള വ്യക്തികളുടെ വിവരങ്ങളും വ്യത്യസ്ത വൈജ്ഞാനിക മേഖലകളിൽ അതുവരെ വന്നിട്ടുള്ള കൃതികളെ കുറിച്ചും പരാമർശിക്കുന്നു. ടി.എം. ചുമ്മാറിന്റെ 'ഭാഷാഗദ്യസാഹിത്യചരിത്രം'ത്തിൽ സംസ്കൃതത്തിന്റെ പാരമ്പര്യത്തെയും ആധിപത്യത്തേയും പിന്തുടരുന്ന രീതി കാണാനില്ല.

1958-ൽ പ്രസിദ്ധീകരിക്കപ്പെട്ട പി.കെ. പരമേശ്വരൻ നായർ രചിച്ച 'മലയാളസാഹിത്യചരിത്രം' എന്ന കൃതിയിൽ ഗദ്യസാഹിത്യപുരോഗതിയെന്ന അധ്യായത്തിൽ സാഹിത്യചരിത്രവും ഗവേഷണവും, ഗവേഷണസാഹിത്യം, ഭാഷാശാസ്ത്രഗവേഷണം, നിഘണ്ടുക്കൾ, ചരിത്രഗ്രന്ഥങ്ങൾ, ശാസ്ത്രീയഗ്രന്ഥങ്ങളും പ്രബന്ധങ്ങളും എന്നീ വൈജ്ഞാനികമേഖലകൾ ഉൾക്കൊള്ളുന്നു. ഈ സാഹിത്യചരിത്രം വരുന്നതോടുകൂടി മലയാളത്തിലെ വൈജ്ഞാനിക സാഹിത്യത്തെ സംബന്ധിച്ച കാഴ്ച്ചപ്പാടുകൾ മാറിവരുന്നുണ്ട്. സാഹിത്യചരിത്രവും ഗവേഷണവും എന്ന ഭാഗത്ത് അതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള മലയാളത്തിലെ സാഹിത്യചരിത്രങ്ങളെ അവലോകനം ചെയ്യുന്നു. മലയാളത്തിലെ വൈജ്ഞാനിക സാഹിത്യം സംസ്കൃതപാരമ്പര്യത്തിന്റെ തണലിലല്ലാതെ ഉയർന്നുവരാൻ ആരംഭിച്ചു. ഗവേഷണസാഹിത്യം എന്ന ഭാഗത്ത് കഴിഞ്ഞ കാലങ്ങളിൽ മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള ഭാഷാഗവേഷണപ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്നു. ഗവേഷണപ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെടുക്കപ്പെട്ട കൃതികളെയും, മാസികകളിലും ആനുകാലികങ്ങളിലുമായി പ്രസിദ്ധീകരിച്ചുവന്ന ഗവേഷണ പ്രബന്ധങ്ങളും ഈ സാഹിത്യചരിത്രത്തിൽ വൈജ്ഞാനിക മേഖലയെ സംബന്ധിച്ച് പ്രതിപാദിക്കുന്നിടത്ത് വിശകലനം ചെയ്യുന്നു.

പ്രാചീനസാഹിത്യഗവേഷണം പോലെതന്നെ പ്രധാനപ്പെട്ട ഭാഷാശാസ്ത്രഗവേഷണത്തെയും പി.കെ. പരമേശ്വരൻ നായർ അവലോകനം ചെയ്യുന്നുണ്ട്. തുടർന്ന് പ്രതിപാദിക്കുന്ന ഒരു വിജ്ഞാനശാഖയാണ് നിഘണ്ടുക്കൾ. പാശ്ചാത്യമിഷണറി പ്രവർത്തകരുടെ സംഭാവനകളാണ് ഈ മേഖലയിൽ എടുത്തുപറയേണ്ടത്. ഗുണ്ടർട്ട്, ബെയിലി, കോളിൻസ് തുടങ്ങിയവരും ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള, ആർ.നാരായണപണിക്കർ, ശൂരനാട് കുഞ്ഞൻപിള്ള, മാത്യു എം. കുഴിവേലി എന്നീ മലയാളികളും ഭാഷയിൽ നടത്തിയ വൈജ്ഞാനിക പ്രവർത്തനങ്ങളെ പരാമർശിക്കുന്നു. 'മലയാള സാഹിത്യചരിത്രം'ത്തിൽ അടുത്തതായി ചർച്ച ചെയ്യുന്നത് ചരിത്രഗ്രന്ഥങ്ങൾ എന്ന വിഭാഗമാണ്. ഈ വിജ്ഞാനശാഖയെ സംബന്ധിച്ച് വളരെ കൃത്യമായ നിരീക്ഷണങ്ങളാണ് നടത്തിയിട്ടുള്ളത്. മലയാളത്തിൽ വളർച്ച പ്രാപിച്ചുവരുന്ന ചരിത്രഗ്രന്ഥങ്ങളിൽ ഭൂരിഭാഗവും പൂർണമല്ല. കേരളത്തിൽ നിന്നും ആദ്യമായി ദേശചരിത്രപരമായി എന്തെങ്കിലും എഴുതിയതിന്റെ ബഹുമതി വൈക്കം പാച്ചുമൂത്തതിന്റെ 'തിരുവിതാംകൂറിന്റെ സംക്ഷിപ്തചരിത്രം'ത്തിന് നല്കാമെന്ന് പി.കെ. പരമേശ്വരൻ നായർ അഭിപ്രായപ്പെടുന്നു.

ശാസ്ത്രീയഗ്രന്ഥങ്ങളും പ്രബന്ധങ്ങളും എന്ന ഉപാധ്യായത്തിൽ ശാസ്ത്രവിജ്ഞാനീയം എന്ന വിഭാഗത്തെ മലയാളത്തിലെ ശുഷ്കവിഭാഗമായിട്ടാണ് കണക്കാക്കുന്നത്. "പാശ്ചാത്യസമ്പർക്കമാരംഭിച്ചതിന് ശേഷമേ ഇതുസംബന്ധിച്ചുള്ള ഗദ്യഗ്രന്ഥങ്ങൾ ഉണ്ടായിട്ടുള്ളൂ. സംസ്കൃതത്തിലുള്ള ശാസ്ത്രഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളായും, വിവർത്തനങ്ങളായും ചില ഗ്രന്ഥങ്ങൾ മലയാളത്തിൽ മുമ്പ് ഉണ്ടാകാതിരുന്നില്ല" (പരമേശ്വരൻ നായർ പി.കെ, 1958:282). തുടർന്ന് ഭൗതികവിജ്ഞാനം, ധനതത്വശാസ്ത്രം, പ്രകൃതിവിജ്ഞാനീയം, ജീവശാസ്ത്രം, മനശാസ്ത്രം, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, കാർഷിക വിജ്ഞാനം, രാഷ്ട്രവിജ്ഞാനം തുടങ്ങിയ വൈജ്ഞാനിക മേഖലകളിൽ പ്രസിദ്ധീകരിക്കപ്പെട്ട ചില കൃതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ പരാമർശിക്കുന്നു.

മലയാളത്തിലെ ആദ്യത്തെ സാഹിത്യചരിത്രത്തിൽ നിന്നും പി.കെ. പരമേശ്വരൻ നായരുടെ സാഹിത്യചരിത്രമായപ്പോഴേക്ക് വൈജ്ഞാനികസാഹിത്യം എന്ന വ്യാവഹാരികമേഖലയുടെ ഉള്ളടക്കത്തിലും അതിനോടുള്ള സമീപനത്തിലും വന്ന മാറ്റം വളരെ വ്യക്തമാണ്. സംസ്കൃത പാരമ്പര്യത്തിൽ അധിഷ്ഠിതമായതിനെ മാത്രം മലയാളഭാഷയിലും വിജ്ഞാനമായി കണക്കാക്കിയിരുന്ന നോട്ടത്തിൽ വലിയ വ്യത്യാസം കൈവന്നു.

1958-ൽ തന്നെ പ്രസിദ്ധീകൃതമായ സാഹിത്യചരിത്രമാണ് കെ.എം. ജോർജ് എഡിറ്റ് ചെയ്ത 'സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ'. പ്രാചീനസാഹിത്യത്തിൽ ഊന്നൽ നല്കിക്കൊണ്ട് രചിച്ചിരിക്കുന്ന ഈ കൃതിയിൽ നടത്തിയിരിക്കുന്ന പ്രസ്ഥാനവിഭജത്തിൽ സവിശേഷമായ സ്ഥാനം വൈജ്ഞാനികസാഹിത്യത്തിന് നല്കിയിട്ടില്ല. ഭാഷാഗദ്യം എന്ന ഖണ്ഡത്തിൽ മഴമംഗലത്തിന്റെ ഗദ്യകൃതികൾ, ചില വ്യാഖ്യാനകൃതികൾ, ജ്യോതിശാസ്ത്രകൃതികൾ എന്നിവ പരാമർശിക്കുന്നു. ആ ഖണ്ഡത്തിൽ തന്നെയുള്ള 'വ്യവഹാരഭാഷയിൽ ഉടൽപൂണ്ട ഗദ്യ'മെന്ന ഭാഗത്ത് വിദേശീയരുടെ സാഹിത്യസംഭാവനകൾ എന്ന നിലയിൽ ചില വൈജ്ഞാനിക ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുന്നു. ആധുനികഗദ്യം എന്ന ശീർഷകത്തിൽ തന്ത്രസമുച്ചയം പോലുള്ള കൃതികളേയും കേരളവർമ്മയുടെ പാഠപുസ്തകസമിതിയെ കുറിച്ചും ചർച്ച ചെയ്യുന്നു. 'സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ' എന്ന സാഹിത്യചരിത്രത്തിലും വൈജ്ഞാനിക ഗ്രന്ഥങ്ങളെ ഭാഷാഗദ്യത്തിന്റെ കീഴിലൊന്നായി മാത്രം പരിഗണിക്കുന്നൊരു പ്രവണതയാണ് കാണാൻ സാധിക്കുന്നത്.

'സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ' പ്രസിദ്ധീകരിക്കപ്പെട്ട അതേ വർഷത്തിൽ ഇറങ്ങിയ സാഹിത്യചരിത്രമാണ് എൻ. കൃഷ്ണപിള്ളയുടെ 'കൈരളിയുടെ കഥ'. മലയാളസാഹിത്യത്തെ സമഗ്രമായി അവതരിപ്പിക്കുന്ന ഈ കൃതിയിൽ "കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം" എന്ന അവസാനാധ്യായത്തിൽ 'നാനാവിഭാഗങ്ങൾ' എന്ന ഭാഗത്താണ് ഭാഷാസാഹിത്യചരിത്രങ്ങൾ, നിഘണ്ടുക്കൾ, ദേശചരിത്രഗ്രന്ഥങ്ങൾ, ശാസ്ത്രസാഹിത്യകൃതികൾ എന്നീ വൈജ്ഞാനിക സാഹിത്യ വിഭാഗങ്ങൾ ഉൾക്കൊള്ളിക്കുന്നത്. "ഭാഷ, സാഹിത്യം, ദേശം എന്നിവയുടെ ചരിത്രങ്ങളെ വിഷയീകരിക്കുന്ന ഗ്രന്ഥങ്ങൾ അധികമുണ്ടെങ്കിലും അവയിൽ ചുരുക്കം ചിലതുമാത്രമേ ശാസ്ത്രീയ സമ്പ്രദായത്തിൽ സമഗ്രദർശനത്തോടുകൂടി രചിക്കപ്പെട്ടിട്ടുള്ളു" എന്ന ആമുഖത്തോടെ തുടങ്ങുന്ന ഭാഷാസാഹിത്യചരിത്രങ്ങളെന്ന ഭാഗത്തിൽ അതുവരെ ഭാഷയിൽ ഉണ്ടായിട്ടുള്ള ഭാഷാസാഹിത്യ ചരിത്രഗ്രന്ഥങ്ങളെ പരാമർശിക്കുന്നു. തുടർന്ന് മലയാളത്തിലുണ്ടായിട്ടുള്ള നിഘണ്ടുക്കൾ, ദേശചരിത്രഗ്രന്ഥങ്ങൾ, ശാസ്ത്രസാഹിത്യ കൃതികൾ എന്നിവയും ക്രമപ്പെടുത്തുന്നു. ഉള്ളടക്കത്തിലും പ്രതിപാദനത്തിലും താരതമ്യേന പുതിയൊരാഭിമുഖ്യം കൊണ്ടുവരാൻ എൻ.കൃഷ്ണപിള്ളയുടെ കൈരളിയുടെ കഥയിലൂടെ കഴിഞ്ഞിട്ടുണ്ട്.

കെ.എം. ജോർജ് എഡിറ്റ് ചെയ്ത രണ്ടാമത്തെ സാഹിത്യചരിത്രമാണ് 'ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ'. 1998-ലാണ് ഈ കൃതി പ്രസിദ്ധീകൃതമാവുന്നത്. അതുവരെ പ്രസിദ്ധീകരിക്കപ്പെട്ട സാഹിത്യചരിത്രങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി വൈജ്ഞാനിക സാഹിത്യശാഖയ്ക്ക് വലിയ പ്രാധാന്യം കൊടുത്ത കൃതിയാണിത്. ഗവേഷണം, ശാസ്ത്രസാഹിത്യം, റഫറൻസ് കൃതികൾ എന്നിങ്ങനെ വ്യത്യസ്ത അധ്യായങ്ങളായിതന്നെ വിശദമായി പ്രതിപാദിക്കുന്നു. കെ.എം.പ്രഭാകരവാര്യർ തയ്യാറാക്കിയ 'ഗവേഷണം' എന്ന ഖണ്ഡം മലയാളത്തിലെ ആദ്യകാല ഗവേഷണങ്ങളെ കുറിച്ച് പറഞ്ഞുകൊണ്ടാരംഭിക്കുന്നു.


ISSN: 2582 - 2594

തുടർന്ന് ഔപചാരിക ഗവേഷണത്തെ സംബന്ധിച്ചും സമീപകാല ഗവേഷണങ്ങളെ സംബന്ധിച്ചും വിശദമായ വിശകലനം നടത്തിയശേഷം അനൗപചാരിക ഗവേഷണങ്ങളെ പട്ടികപ്പെടുത്തുന്നു. മലയാളത്തിലെ ധൈഷണികരായ വ്യക്തികളുടെ സംഭാവനകൾക്ക് പ്രാധാന്യം നല്കിയിരിക്കുന്നു.

'ശാസ്ത്രസാഹിത്യം' എന്ന പതിമൂന്നാം ഖണ്ഡത്തിൽ ശാസ്ത്രസാഹിത്യമേഖലയിലുണ്ടായിട്ടുള്ള പ്രാരംഭപ്രവർത്തനങ്ങൾ, പത്രമാസികകളിലൂടെയും ആനുകാലികങ്ങളിലൂടെയും ഉണ്ടായിട്ടുള്ള വികാസം, നിരവധി സംഘടിത ശ്രമങ്ങൾ, പുതിയ സംരംഭങ്ങൾ, പ്രവർത്തനങ്ങൾ തുടങ്ങിയവ ചർച്ച ചെയ്യുന്നു. മലയാളത്തിലൂടെ വിജ്ഞാനസമൂഹത്തെ നിർമ്മിക്കുക എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുന്ന ശാസ്ത്രസാഹിത്യപരിഷത്ത്, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, ജനകീയ പ്രസ്ഥാനങ്ങൾ മുതലായവയും പരാമർശിക്കുന്നു. തുടർന്ന് മലയാളപുസ്തകപ്രസിദ്ധീകരണ പുരോഗതിയുടെ ഒരു പട്ടിക നല്കിക്കൊണ്ട് വിജ്ഞാനസാഹിത്യത്തിന്റെ എണ്ണത്തെ മറ്റുള്ളവയുമായി താരതമ്യം ചെയ്യുന്നു. ഈ ഖണ്ഡത്തിന്റെ അവസാനഭാഗത്ത് മികച്ച വിജ്ഞാനഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക കൂടിചെയ്യുന്നുണ്ട്.

'ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ' എന്ന സാഹിത്യചരിത്രത്തിന്റെ അവസാനഖണ്ഡം ചർച്ച ചെയ്യുന്നത് റഫറൻസ് കൃതികൾ എന്ന വൈജ്ഞാനിക മേഖലയാണ്. മലയാളത്തിൽ  റഫറൻസ് കൃതികൾ ഉണ്ടായിവരുന്നതിന്റെ പശ്ചാത്തലം വിവരിച്ച ശേഷം നിഘണ്ടുക്കൾ, വ്യാകരണങ്ങൾ, വിജ്ഞാനകോശങ്ങൾ, സാഹിത്യചരിത്രങ്ങൾ, പലതരം ഗസറ്റിയറുകൾ, ഗ്രന്ഥസൂചികൾ, ശബ്ദാവലികൾ തുടങ്ങിയവ പ്രതിപാദിക്കുന്നു. ഏതുഭാഷയ്ക്കും വികാസം പ്രാപിക്കാൻ റഫറൻസ് കൃതികൾ എന്ന വൈജ്ഞാനികസാഹിത്യം ആവശ്യമാണ്. മലയാളഭാഷയുടെ വികാസത്തിന് വൈജ്ഞാനികസാഹിത്യം എത്രത്തോളം അത്യന്താപേക്ഷിതമാണെന്ന് വ്യക്തമാക്കുന്ന സമീപനമാണ് ഈ സാഹിത്യചരിത്രത്തിൽ സ്വീകരിച്ചിരിക്കുന്നത്.

പ്രൊഫ. പന്മന രാമചന്ദ്രൻനായർ എഡിറ്റ് ചെയ്ത 'സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം' 2008-ലാണ് പ്രസിദ്ധീകരിക്കപ്പെടുന്നത്. താരതമ്യേന പുതിയകാലത്ത് രചിക്കപ്പെട്ടതെന്ന് പറയാവുന്ന ഈ സാഹിത്യചരിത്രത്തിൽ രണ്ട് അധ്യായങ്ങളാണ് വൈജ്ഞാനിക സാഹിത്യത്തിലുൾപ്പെടുത്താവുന്നവ. ഒന്ന്, ശാസ്ത്രസാഹിത്യവും രണ്ട് ഗവേഷണം, ഭാഷാശാസ്ത്രം, നിഘണ്ടു എന്നതും. ശാസ്ത്രസാഹിത്യമെന്ന  അധ്യായത്തിൽ ഇതുവരെയുണ്ടായിട്ടുള്ള സാഹിത്യചരിത്രങ്ങളിൽ നിന്നെല്ലാം  തികച്ചും വ്യത്യസ്തമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ശാസ്ത്രത്തിന്റെ അടിവേരുകൾ എന്നാരംഭിക്കുന്ന ആദ്യഭാഗത്ത് പാശ്ചാത്യമിഷണറിമാരുടെ പ്രവർത്തനങ്ങളെ പ്രതിപാദിച്ചിരിക്കുന്നു. മലയാളത്തിൽ വാന്റീഡിന്റെയും ഫോൺമേയറുടെയും ശാസ്ത്രസാഹിത്യമേഖലയിലെ പ്രവർത്തനങ്ങൾ അതുവരെയും സാഹിത്യചരിത്രങ്ങളൊന്നും പരിഗണിച്ചിട്ടില്ല. നവോത്ഥാനഘട്ടത്തിൽ കേരളവർമ്മയുടെയും പുസ്തകകമ്മിറ്റികളുടെയും ഏ.ആ-റിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളുടെയും ചരിത്രം വിശദീകരിക്കുന്നു. ആധുനിക കാലഘട്ടം എന്ന ഭാഗത്ത് വ്യക്തികളുടെയും ശാസ്ത്രസാഹിത്യപരിഷത്തിന്റെയും പ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്നു. ഗവേഷണം, ഭാഷാശാസ്ത്രം, നിഘണ്ടു എന്ന അധ്യായത്തിൽ വിവിധ സർവകലാശാലകൾക്ക് കീഴിൽ നടന്നിട്ടുള്ള മലയാളത്തിലെ ഗവേഷണപ്രവർത്തനങ്ങളും ഭാഷാശാസ്ത്രകൃതികളും നിഘണ്ടുക്കളും പ്രതിപാദിക്കുന്നു.

**ഉപസംഹാരം**

വ്യത്യസ്ത കാലങ്ങളിൽ രചിക്കപ്പെട്ട വ്യത്യസ്ത സാഹിത്യചരിത്രങ്ങളിൽ എന്താണ് വൈജ്ഞാനികസാഹിത്യമെന്ന നിർവചനത്തിന് വ്യത്യാസമുണ്ട്. മലയാളത്തിലെ ആദ്യകാലസാഹിത്യചരിത്രങ്ങളിൽ പൊതുവായി കാണുന്ന രീതി, സംസ്കൃതപാരമ്പര്യത്തെ മാത്രം വിജ്ഞാനമായി പരിഗണിക്കുന്ന എന്നതാണ്. തദ്ദേശീയമായി നിലനിന്നിരുന്ന അറിവുകളെ ഒരു സാഹിത്യചരിത്രത്തിലും കാര്യമായി രേഖപ്പെടുത്തുന്നില്ല. പാശ്ചാത്യ മിഷണറിപ്രവർത്തകരുടെ വൈജ്ഞാനികസാഹിത്യമേഖലയിലെ പ്രവർത്തനങ്ങൾ ചില സാഹിത്യചരിത്രങ്ങൾ പ്രാധാന്യത്തോടെ കണക്കാക്കുമ്പോൾ ചിലതിൽ പാടെ അവഗണിക്കുന്ന രീതിയും കാണാനാവും.

കെ.എം.ജോർജ് എഡിറ്റ് ചെയ്ത ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന സാഹിത്യചരിത്രം മുതലാണ് കൃത്യമായി മലയാളത്തിൽ വൈജ്ഞാനികസാഹിത്യശാഖ രൂപപ്പെട്ടത് എന്നുപറയാം. ടി.എം. ചുമ്മാറിന്റെ ഭാഷാഗദ്യസാഹിത്യചരിത്രം ഇതിനപവാദമായി നില്ക്കുന്നുമുണ്ട്. ആധുനിക സാഹിത്യചരിത്രങ്ങളിൽപോലും ഏതെല്ലാമാണ് മലയാളത്തിലെ വൈജ്ഞാനിക സാഹിത്യശാഖയിൽ ഉൾപ്പെടുന്നവ എന്ന കാര്യത്തിൽ തീർച്ചയില്ല. എങ്കിലും പി. ശങ്കരൻ നമ്പ്യാരുടെ മലയാളസാഹിത്യചരിത്രസംഗ്രഹം പോലുള്ള ആദ്യകാല സാഹിത്യ ചരിത്രത്തിലടക്കം മലയാളഭാഷ വികാസം പ്രാപിക്കാൻ ഭാഷയിൽ വൈജ്ഞാനിക സാഹിത്യ ഗ്രന്ഥങ്ങൾ രൂപപ്പെടേണ്ടതിന്റെ പ്രാധാന്യം എടുത്തുപറയുന്നുണ്ട്. കേരളത്തിൽ നിലനിന്നിരുന്ന പ്രാചീനമായ നാട്ടറിവുകളെ സാഹിത്യചരിത്രങ്ങളൊന്നും കാര്യമായി ഉൾപ്പെടുത്തുന്നില്ല.

**ഗ്രന്ഥസൂചി**


1) അനിൽ, കെ.എം., നാട്ടറിവ്. തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 2009.
2) കൃഷ്ണപിള്ള, എൻ. കൈരളിയുടെ കഥ. കോട്ടയം: ഡി.സി. ബുക്സ്, 2007.
3) ഗോവിന്ദപ്പിള്ള, പി. മലയാളഭാഷാചരിത്രം. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല പ്രസിദ്ധീകരണം, 2017.
4) ചുമ്മാർ, ടി.എം. ഭാഷാഗദ്യസാഹിത്യചരിത്രം. കോട്ടയം: നാഷണൽ ബുക് സ്റ്റാൾ, 1955.
5) ജോർജ്, കെ.എം. ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ. കോട്ടയം: ഡി.സി. ബുക്സ്, 2021.
6) ജോർജ്, കെ.എം. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം. നാഷണൽ ബുക് സ്റ്റാൾ, 2013
7) രാമചന്ദ്രൻനായർ, പന്മന. സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം. കോഴിക്കോട്: ആത്മ ബുക്സ്, 2023.
8) പരമേശ്വരൻ നായർ, പി.കെ. മലയാളസാഹിത്യചരിത്രം. തൃശ്ശൂർ: കേരള സാഹിത്യഅക്കാദമി, 2014.
9) പരമേശ്വരയ്യർ, എസ്. ഉള്ളൂർ. കേരളസാഹിത്യചരിത്രം. തിരുവനന്തപുരം: കേരളസർവകലാശാല, 2015.
10) ശങ്കരൻ നമ്പ്യാർ പി. മലയാള സാഹിത്യചരിത്രസംഗ്രഹം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2001.



ISSN: 2582 - 2594

# നവമാധ്യമകാലത്തെ പ്രകടനശരീരങ്ങൾ – ആവിഷ്ക്കാരവും രാഷ്ട്രീയവും

**ഡോ. രമ്യ പി. പി..**
അസിസ്റ്റന്റ് പ്രൊഫസർ
സെന്റ് അലോഷ്യസ് കോളേജ്, എൽത്തുരുത്ത്
Email: remyapvn111@gmail.com

**സംഗ്രഹം**

ആധുനികതയിലാണ് വൈവിധ്യമാർന്ന ജ്ഞാനവിഷയങ്ങളുടെ അന്വേഷണമേഖലയായി ശരീരപഠനം പുരോഗമിക്കുന്നത്. ജീവശാസ്ത്രവാദങ്ങൾ സാമൂഹികനിർമ്മിതിയുടെ പരിസരങ്ങളിലേക്ക് വികസിതമാകുന്നത് ഈ ഘട്ടത്തിലാണ്. സാമൂഹികതാവാദത്തിനുള്ളിൽ ശരീരം സാംസ്കാരിക ജ്ഞാനഘടകമായി പരിഗണിക്കുന്നു. ആധുനികതയുടെ ചുവടുപിടിച്ച് വികസിതമായ സൈദ്ധാന്തികമായ ചിന്തകളിൽ സാമൂഹിക നിർണയന ഉപാധിയായി ശരീരത്തെ നോക്കിക്കാണുന്നു. മാത്രമല്ല, സാമൂഹിക വൈവിധ്യങ്ങളുടെ ചുവടുപിടിച്ച് ശരീരം സാങ്കേതികതയുടെ സാംസ്കാരിക മേഖലകളെ ത്വരിതഗതിയിലാക്കിയ ഈ കാലഘട്ടത്തിൽ മാധ്യമശരീരങ്ങളുടെ ഇടപെടൽ പ്രകടമാണ്. ശരീരം പൂർണ്ണമായ അർത്ഥത്തിൽ നിലകൊള്ളുന്നില്ല. മറിച്ച്, സാമൂഹികമായ അർത്ഥപരതയിൽ അത് നിരന്തരം ആശയപരമായി വളർന്നുകൊണ്ടിരിക്കുന്നു. അവിടെ അധികാരവും ലിംഗവ്യവസ്ഥയും, കർത്തൃത്വപ്രതിസന്ധിയും, സാങ്കേതികത്വവുമെല്ലാം നിർണയിക്കുന്ന പ്രതീകമായി ശരീരം വർത്തിക്കുന്നു. ശരീരം ഒരു ചരിത്ര ഉപാധിയായി തിരിച്ചറിയുന്നത് ഇപ്രകാരമാണ്. കാരണം മാധ്യമങ്ങളിലൂടെ ഊട്ടിയുറപ്പിക്കപ്പെട്ട ആധുനികലോകം നമുക്കുണ്ട്. അച്ചടിമാധ്യമങ്ങളിൽനിന്ന് ശ്രവ്യമാധ്യമങ്ങളെയും മറികടന്ന് എൺപതുകളിൽ ആരംഭിച്ച ദൃശ്യബോധം വിപ്ലവാത്മകമായി ഒരു തുടർ കാഴ്ച്ചാപൊതുസമൂഹത്തെ സൃഷ്ടിക്കുകയാണ് ഉണ്ടായത്. കാഴ്ച്ചയുടെ അടിസ്ഥാന മാധ്യമകാലങ്ങളിൽനിന്ന്, നവമാധ്യമങ്ങളുടെ ദൃശ്യകാലം കാഴ്ച്ച രൂപപ്പെടുത്തുന്ന അധികാരങ്ങളെക്കൂടി വിഭേദമായി സംവേദനം ചെയ്യുന്നുണ്ട്. അത് ഏറ്റവും അധികം ബാധിച്ചത് കർത്തൃത്വപൂർത്തീകരണത്തിൽ ഒതുക്കിവയ്ക്കുന്ന ലിംഗാധികാരശരീരങ്ങളെയാണ്. നവമാധ്യമകാലത്തെ ശരീരങ്ങൾ എപ്രകാരം ഇത്തരം സാമ്പ്രദായിക ബോധ്യങ്ങളെ മറികടക്കുന്നുവെന്ന അന്വേഷണമാണ് സാംസ്കാരിക രീതിശാസ്ത്രത്തെ അവലംബിച്ച് പ്രബന്ധത്തിൽ നടത്തുന്നത്.

**താക്കോൽ വാക്കുകൾ :** പ്രകടനപരത (performativity), നവമാധ്യമം, ശരീരം, നിർമ്മിതബുദ്ധി, സൈബറിടം, പ്രതീതിയാഥാർത്ഥ്യം, പരസ്പരനിഷ്ക്രിയത

## നവമാധ്യമകാലവും സംസ്കാരവും

ഇന്റർനെറ്റിനെ ആധാരമാക്കിയുള്ള ഡിജിറ്റൽ ഇടങ്ങളാണ് നവമാധ്യമങ്ങൾ. അതിൽ സാമൂഹികമാധ്യമങ്ങളായ ഫേസ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം, വാട്സാപ്പ് മുതൽ വിനോദോപാധിയായ ഇന്റർനെറ്റ് ഗെയിമുകൾ വരെ വരും. കൂടാതെ ഓൺലൈൻ ന്യൂസ് പോർട്ടലുകൾ, യൂട്യൂബ് ചാനലുകൾ, മൊബൈൽ ആപ്പുകൾ, ഓൺലൈൻ സർവ്വേകൾ, ഓൺലൈൻ പരസ്യങ്ങൾ, ഓൺലൈൻ പ്രമോഷനുകൾ, ബ്ലോഗിങ്ങ്/ വ്ളോഗിങ്ങ് കൂടാതെ ട്രോളുകൾ / മീമുകൾ എല്ലാം ചേരുന്ന ബൃഹത്തായ ഇടമാണ് നവമാധ്യമങ്ങൾ. മാധ്യമങ്ങൾ സൃഷ്ടിച്ച സാമൂഹിക മാറ്റത്തെയാണ് നവമാധ്യമകാലമായി വിലയിരുത്തുന്നത്.

ഏറ്റവും പുതിയ കാലഘട്ടത്തിൽ സംസ്കാരത്തിന്റെ  നിർമ്മിതിസാധ്യതകളെ വിശാലപ്പെടുത്തുന്ന ഇടമാണ് നവമാധ്യമങ്ങൾ. അതായത് ദ്വന്ദ്വസംസ്കാരയിടങ്ങളുടെ സങ്കലനത്തെ അത് ആവിഷ്ക്കരിക്കുന്നു. പുതിയ കാലങ്ങളുടെ ശക്തമായ അടിയൊഴുക്കായി സാങ്കേതികതയും സംസ്കാരവും ദ്വന്ദ്വമിശ്രണമായി പരിണമിക്കുന്നു. അത് ആശയശാസ്ത്രപരമായും പ്രത്യയശാസ്ത്രാധിഷ്ഠിതവുമായുള്ള മാറ്റങ്ങളെക്കൂടി ഉൾക്കൊള്ളുന്നുണ്ട്. അറുപതുകളിൽ മാർഷൽ മക്ലൂഹൻ മുന്നോട്ടുവച്ച 'മാധ്യമമാണ് സന്ദേശം' എന്ന ആശയത്തിൽ വികസിച്ച ആഗോള മീഡിയയല്ല ഇന്ന് നവമാധ്യമകാലത്തെ നിർണയിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് സാംസ്കാരിക നിർമ്മിതിയുടെ നിയന്ത്രണങ്ങൾ ഡിജിറ്റൽ മാധ്യമാവിഷ്കാരമായി മാറിയെന്നതാണ് ചിന്തിക്കേണ്ട വസ്തുത.

ആധുനികോത്തരകാലഘട്ടത്തിലെ സാംസ്കാരികപുരോഗതി ബഹുതലസ്പർശിയാണ്. ഇതിൽ നവമാധ്യമങ്ങൾക്ക് വിപ്ലവാത്മകമായ സ്ഥാനമുണ്ട്. കാരണം ബഹുസ്വരമായ നവയിടങ്ങളെ ബന്ധിപ്പിക്കുന്ന സമാന്തര പാലമായി അത് വർത്തിക്കുന്നു. അത് വ്യക്തിബോധങ്ങളെ സ്ഥിരമായി രൂപപ്പെടുത്തുന്ന കർത്തൃത്വാധികാരങ്ങളെ തിരസ്ക്കരിക്കുകയും പകരം നിരന്തരം നിർമ്മിതമാകുന്ന കർത്തൃത്വപലമകളെ നിർണയിച്ചു കൊണ്ടേയിരിക്കുന്നു. സ്വത്വത്തെ യാന്ത്രികലോകവുമായി ബന്ധിപ്പിക്കുന്ന ഈ കാലം ബ്രോദിലാദ് മുന്നോട്ടുവച്ച പ്രതീതിലോകത്തെ മറികടന്ന് നവമാധ്യമ കാലത്തിലൂടെ സങ്കീർണ്ണമായ ഘടന കൈവരിക്കുന്നുണ്ട്. സൈബർ ശരീരങ്ങളും, യന്ത്രസമാനമായ പോസ്റ്റ്ഹ്യൂമനിസ്റ്റിക് മൂല്യങ്ങളും പ്രകടനസാധ്യതയെ കൂടുതൽ മൂർത്തമാക്കുന്നുണ്ട്.

## ശരീരങ്ങളുടെ നാട്യപരത

സാമൂഹികാംഗീകാരമുള്ള ശരീരത്തെക്കുറിച്ചാണ് പൊതുബോധം നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുന്നത്. നിയമാധിഷ്ഠിത ശരീരം അതിനു വിരുദ്ധമായ ശരീരം എന്നിവയുടെ സാധ്യതകളെ ചരിത്രപരമായി മിഷേൽ ഫൂക്കോ വിശകലനം ചെയ്തിട്ടുണ്ട്. നിയമാധിഷ്ഠിത ശരീരം എന്നത് ജീവശാസ്ത്രജ്ഞാന മാതൃകയിൽചേർന്നുനിൽക്കുന്നു. സംവിധാന നിയമക്രമത്തിൽനിന്ന് വ്യതിചലിച്ചാൽ അവിടെ ശരീരബോധ്യങ്ങൾ അപ്രസക്തമാകുന്നു. ഇവിടെ അധികാരപരമായ പ്രതിസന്ധിയെ ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്. ഈ സന്ദർഭത്തിൽ അടിയന്തിരമായി ചർച്ച ചെയ്യേണ്ട ഘടകമായി ശരീരത്തിന്റെ ബഹുത്വമെന്ന വിഷയം വരുന്നു. ജീവശാസ്ത്രപരമായ ശരീരത്തിൽ കർത്തൃത്വം ഉറപ്പിക്കാതെ അത് സാമൂഹിക സാംസ്കാ


ISSN: 2582 - 2594

രിക സാഹചര്യങ്ങൾക്കനുസരിച്ച് വ്യതിചലിക്കുന്നുവെന്നതാണ് മനസ്സിലാക്കേണ്ട വസ്തുത. “ദൈനംദിന ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും പ്രചരിതമാകുന്ന സംസ്കാരം ശരീരപ്രതീകങ്ങളിലൂടെയാണ് പ്രകടിപ്പിക്കുന്നത്. അതുകൊണ്ട് സംസ്കാരത്തെ മനസ്സിലാക്കുകയെന്നതിന്റെ അർത്ഥം സംസ്കാരത്തിന്റെ ശരീരപ്രതീകങ്ങളെ തിരിച്ചറിയുകയെന്നതാണ്.” (Carvallaro Dani, 2001 : 19) ശരീരം പൂർണ്ണമായും ഒരർത്ഥത്തിൽ മാത്രമായി വർത്തിക്കുന്നില്ല. കൂടാതെ അത് ലിംഗപദവി, കീഴാളത, ക്വീയർ ചിന്തകൾ, സാങ്കേതികനിർമ്മിതി, മാധ്യമചിന്ത തുടങ്ങിയവ നിർണയിക്കുന്ന പ്രതീകമായി ആശയപരമായി വികസിക്കുന്നു.

ജൈവപ്രതലത്തിൽനിന്ന് വിശാലമായ വികാസം ശരീരപാഠങ്ങളിൽ ഉണ്ടാകുന്നുണ്ട്. അതിൽ ശക്തമായവാദം ശരീരത്തിന്റെ പ്രതിനിധാനവുമായി ബന്ധപ്പെടുത്തിയാണ്. ആൺ/പെൺ വിഭജനത്തിൽ ശരീരമാതൃകകളെ സവിശേഷമായ സ്വഭാവത്തിനുള്ളിൽ ഒതുക്കിവയ്ക്കുന്ന കാഴ്ച്ചപ്പാട് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു. ജന്മംകൊണ്ട് ആണോ പെണ്ണോ ഏതായാലും ശരി ആണത്തവും പെണ്ണത്തവും സാമൂഹികനിർമ്മിതിയാണ്. ടർണർ, ജൂഡിത്ബട്ലർ, മിഷേൽഫൂക്കോ തുടങ്ങിയവരുടെ ആശയവാദം ഈ സാമൂഹികനിർമ്മിതിബോധ്യത്തിൽ നിലകൊള്ളുന്നുണ്ട്. ശരീരം പ്രകടനമാണ് അഥവാ നാട്യപരമാണ് (performativity) എന്ന ജൂഡിത് ബട്ലറിന്റെ ആശയത്തെയാണ് സൈബർ ശരീരപ്രകടനങ്ങളെ ആസ്പദമാക്കി സ്ലാവോയ് സിസ്സെക്ക് വ്യക്തമാക്കുന്നത്. ശരീരത്തിന്റെ ജൈവയാഥാർത്ഥ്യങ്ങളിൽനിന്ന് വിടുതൽ നേടിയ ‘ഇന്റർപാസിറ്റിവിറ്റി അഥവാ പരസ്പരനിഷ്ക്രിയത’ സൈബർ സാങ്കേതിക പ്രകടനബോധ്യങ്ങളെയാണ് ഉൾക്കൊള്ളുന്നത്. മനുഷ്യനും യന്ത്രവും തമ്മിലുള്ള അതിരുകളെ ലംഘിച്ചുകൊണ്ട് ലിംഗചിന്തകളുടെ സാമ്പ്രദായിക വാദങ്ങളെ തൊണ്ണൂറുകളിൽ സൈബോർഗ് പ്രകടനങ്ങളെ ആവിഷ്കരിച്ച് ഡോണാഹാർവ്വേ റദ്ദ് ചെയ്യുന്നുണ്ട്. ആധുനികത പരുവപ്പെടുത്തിയ ലിംഗാത്മകവും സത്താവാദപരവുമായ വ്യക്തികേന്ദ്രിത ബോധ്യങ്ങൾ മാധ്യമശരീര മാതൃകകളിലൂടെ നിരാകരിക്കപ്പെടുന്ന കാഴ്ച്ച സമീപകാലത്ത് ഏറെ പ്രകടമാകുന്നുണ്ട്.

### നവമാധ്യമ ശരീരങ്ങൾ – പ്രകടനങ്ങൾ

ലിംഗരഹിതമായ പ്രകടനം എന്ന ആശയത്തെ ഏറെ സുതാര്യമാക്കുന്ന ഇടമായി നവമാധ്യമങ്ങളെ കാണാം. വ്യക്തിയുടെ സത്ത ലിംഗാധിഷ്ഠിതമാകുന്ന ആധുനികയുക്തിയെ നവമാധ്യമങ്ങൾ കവച്ചു വെച്ചുകഴിഞ്ഞു. ശരീരത്തിന്റെ പ്രകടനങ്ങളിൽ ആൺ-പെൺ എന്ന ലിംഗ ധാരണയിൽ വീണ്ടുവിചാരം ഉണ്ടാകുന്നിടത്താണ് നവമാധ്യമശരീരങ്ങളെ പഠനവിധേയമാക്കുന്നത്. ഇന്റർനെറ്റിന്റെ വ്യാപനം ശക്തമായതോ, സാമൂഹികമാധ്യമങ്ങൾ സാങ്കേതികവികാസത്തിനൊപ്പം ചെറിയ സങ്കേതങ്ങളിലൂടെ എളുപ്പം സംവേദനം ചെയ്യാൻ തുടങ്ങി. മൊബൈൽ വിപ്ലവം തൊട്ട് സ്മാർട്ട് വാച്ചിലേക്ക് വരെ അതിന്റെ വ്യാപനം സാധ്യമായി. നാനോസെക്കന്റുകളിൽ ശക്തമായ വ്യവഹാരം നിരന്തരം സംഭവിച്ചുകൊണ്ടേയിരിക്കുന്നു. വ്യവഹാരനൈരന്തര്യം ശക്തമാകുന്തോറും ലിംഗശരീരങ്ങളുടെ അർത്ഥവ്യവസ്ഥയ്ക്ക് ഇളക്കം തട്ടുന്നു. പരസ്പരം സംവേദനം ചെയ്യാനുള്ള ഇത്തരം നവമാധ്യമവേദികളിൽ ലിംഗപരമായ സുതാര്യത നഷ്ടമാകുന്നു. അംഗീകൃത ലിംഗാവസ്ഥ മറികടന്ന് ഒരു വ്യക്തി പലവിധ പ്രകടനങ്ങളിലേക്ക് ശരീരങ്ങളെ മെരുക്കിയെടുക്കുന്നു. മൊബൈലിൽ മറുവശത്ത് സംസാരിക്കുന്നവർ, സാമൂഹിക

മാധ്യമങ്ങളിൽ പരസ്പരം ചാറ്റുചെയ്യുന്നവർ തുടങ്ങിയവർ ശരിയായ കർത്തൃത്വത്തിലാണ് നില കൊള്ളുന്നതെന്ന് തിരിച്ചറിയാൻ പ്രയാസം. നവമാധ്യമത്തിൽ പ്രതീതിയാഥാർത്ഥ്യങ്ങളിൽ കെട്ടിയാടുന്ന ശരീരങ്ങളെ ലിംഗാധിഷ്ഠിതമായ വിഭജനത്തിൽ ഒതുക്കിനിർത്താൻ സാധിക്കില്ല. പൊതുസമൂഹത്തിൽ ലിംഗവിഭജനത്തെയും കർത്തൃത്വത്തിൽ നിലനിർത്തുന്ന ശരീരത്തെയും കുറിച്ച് വലിയ ആശങ്കയാണ് ഉള്ളത്. ഇത്തരം ജൈവികമായ ആശങ്കയൊന്നും നവമാധ്യമങ്ങളിൽ പ്രകടമല്ല. ഇന്റർനെറ്റിൽ വലിയൊരു സമൂഹം പ്രവർത്തിക്കുന്നു. സത്ത ചോർന്ന് സ്ക്രീനിലെ ചടുലതയിലേക്ക് മാത്രം തന്മാധിഷ്ഠിതമായി വ്യതിചലിക്കുന്നു. സ്ലാവോയ് സിസെസ്സക്കിന്റെ ഇന്റർപാസിറ്റിവിറ്റി വ്യക്തമാക്കുന്ന ആശയം ഇതാണ്. ശരീരം ജൈവമാകണമെന്നനിർബന്ധം ഇവിടെ പ്രവർത്തിക്കുന്നില്ല.

### സാമൂഹിക മാധ്യമങ്ങളിൽ ഫേക്കുകൾ പ്ലേ ചെയ്യുമ്പോൾ

ഇന്റർനെറ്റ് സംസ്കാരത്തിലെ അതിഭാഷകളിലൊന്നായി ഫേക്ക് എന്ന പ്രയോഗം പ്രചുരപ്രചാരം നേടിക്കഴിഞ്ഞു. തന്മ വെളിപ്പെടുത്താത്ത ശരീരങ്ങളുടെ പ്രത്യക്ഷപ്രകടനമില്ലാത്ത സൈബർ വ്യക്തിത്വങ്ങൾ ധാർമികമായ സൈബർ വ്യവഹാരത്തിൽ കുറ്റകരമാണ്. എന്നാൽ ശരീരങ്ങൾ അധികാരപരമായി സമീപിക്കുന്ന പൊതുബോധത്തിന് ലിംഗാതീതമായത് ശരീരാതീതമായതെല്ലാം ഫേക്കാണെന്ന് സ്ഥാപിക്കുവാനുള്ള ശ്രമമാണ് ഉണ്ടാകുക. പക്ഷെ വെർച്വൽ മാധ്യമങ്ങളിലൂടെ നിരന്തരം പ്രകടനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം മാധ്യമശരീരങ്ങൾ ആൺ/പെൺ ലിംഗ കർത്തൃത്വങ്ങൾക്ക് ശക്തമായ വെല്ലുവിളി സൃഷ്ടിക്കുന്നു. ഫേസ്ബുക്കിൽ ലിംഗാതീതരായി ആശയപരമായി തങ്ങളുടെ തന്മയെ രൂപപ്പെടുത്തുന്ന വലിയൊരു വിഭാഗം ഉണ്ട്. ഫേക്ക് പ്രകടനങ്ങൾ ലിംഗാതീതമായ നാട്യത്തിന്റെ തുടക്കമായിരുന്നെങ്കിലും ഇന്ന് ഹൈടെക് മാധ്യമവൽക്കരണം ശരീരത്തെ നിർമ്മിതബുദ്ധിയുടെ പര്യാവരണങ്ങളിലാണ് സന്നിവേശിപ്പിക്കുന്നത്. ആണും പെണ്ണും അവയിൽ മാത്രം ഒതുങ്ങുന്ന പാരമ്പര്യാർത്ഥങ്ങളെയും സാമൂഹിക നിർണയനോപാധികളെയും ശരീരത്തിന്റേതായ പുതിയ മാനങ്ങളിലേക്ക് നയിക്കുന്നു. സൈബോർഗിയൻ ആശയങ്ങളുടെ പ്രത്യക്ഷതയാണിത്.

ആത്മനിഷ്ഠത, വൈകാരികത തുടങ്ങിയ നവകാൽപ്പനികതയെ നവമാധ്യമങ്ങൾ അട്ടിമറിക്കുന്നത് നവശരീരരാഷ്ട്രീയഇടങ്ങളിലൂടെയാണ്. മനുഷ്യാനന്തരകാലത്തിന്റെ നവ്യമേഖലകളിലേക്ക് പ്രവേശിക്കുവാൻ ഇത്തരം ജൈവശരീരാതീതചിന്തകൾ സഹായകരമാകുന്നു. കാണാമറയത്ത് അദൃശ്യനായി നിന്നു കൊണ്ട് മറ്റാർക്കും തിരിച്ചറിയാനാകാത്തവിധം പേരും തന്മയും നിർമ്മിച്ച് പ്രവർത്തിക്കാൻ കഴിയും എന്നത് നവമാധ്യമങ്ങളുടെ ലോകത്തിലാണ് സാധ്യമാകുന്നത്. മൂല്യസങ്കല്പങ്ങൾ മാറുമ്പോൾ ഇത്തരം ചെയ്തികൾ മാധ്യമലോകത്തെ നാട്യവൽക്കരണമായി വിലയിരുത്തേണ്ടിവരും. ഇന്റർനെറ്റ് , മൊബൈൽഫോൺ, എന്നിവയുമായി ചേർന്നു നിൽക്കുന്ന വെബ്സൈറ്റുകൾ, ട്വിറ്റർ, ഫേസ്ബുക്ക്, വാട്സാപ്പ് എന്നീ മാധ്യമങ്ങളിലൂടെ ഇത്തരം നാട്യവൽക്കരണം സാധ്യമാണ്. ശരീരങ്ങൾ ലിംഗാധികാരപരമായി മാത്രമേ വിനിമയം ചെയ്യൂ എന്ന പാരമ്പര്യബോധങ്ങൾ ഈ സന്ദർഭത്തിൽ അട്ടിമറിക്കപ്പെടുന്നു. ജൈവ ശരീരം എന്ന ധാരണയെ മാറ്റി സ്ക്രീനുകളിൽ ചടുലമായി വർത്തിക്കുന്ന സത്തചോർന്ന ക്രിയാത്മകതയായി ശരീരചിന്ത പരിണമിക്കുന്നു.


ISSN: 2582 - 2594

ഭാഷയെ രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങൾ പങ്കുവഹിച്ച പോലെയാണ് പാരമ്പര്യ ശരീരനിഷ്ഠചിന്തകളിൽനിന്ന് പൊതുബോധത്തെ വേറിട്ടു ചിന്തിക്കുവാൻ മാധ്യമങ്ങൾ പ്രേരണയായത്. അതായത് ശബ്ദത്തിന്റെയും വാക്കുകളുടെയും രീതികളുടെയും സമന്വയമായ ഭാഷ, അധികാരപരമായി ശരീരവിവേചനത്തിന്റെ കൂടി ആധാരമാകുന്നു. അധികാരത്തിന്റെ ഭാഷ ആൺ ശരീരത്തിൽ നിബന്ധിതമാകുമ്പോൾ വിധേയത്വഭാഷ സ്ത്രീശരീരങ്ങളുടെ മാത്രമായി മാറുന്നു. ഭാഷയിലെ അധികാരവൽക്കരണവും എഴുത്തിന്റെ സാമ്പ്രദായികതയും തിരസ്കൃതമാകുന്നത് നവമാധ്യമകാലത്തെ ഇടപെടലുകളിലാണ്. സന്ദേശഭാഷയിൽ ലിംഗരഹിതമായ ശരീരവിമുക്തമായ സാംസ്കാരികത രൂപപ്പെടുത്തുന്നുണ്ട് എന്നതാണ് കാരണം. ടെക്സ്റ്റ് മെസേജുകൾവ്യവഹാരപരമാണ്. "എസ്.എം.എസ് ഭാഷ സംസാരഭാഷയുടെ അനുകരണമാണ് എന്ന് സെഗർസ്റ്റാസ് പറയുന്നത് അതുകൊണ്ടാണ്." (കിരൺമോഹൻ എം: 2018:69). ഭാഷാവ്യവഹാരം ലിംഗാധികാരപരമാകുന്ന സാമൂഹികസാഹചര്യത്തെ ആൺ/പെൺ ശരീരത്തിന്റെ സാമ്പ്രദായികതയെ ഭേദിച്ച് പ്രകോപനോപാധിയായി കൊണ്ടുവരാൻ സാധിക്കുന്നു. ശരീരം ഭാഷാപരമായി നിർണയിക്കുന്ന അധികാരയിടങ്ങളെയാണ് ഇവിടെ വിവേചനം ചെയ്യുന്നത്.

നവമാധ്യമസമൂഹത്തിന്റെ ഇത്തരം ഇടപെടലുകൾ ലിംഗധാരണകളെക്കുറിച്ചുള്ള നിലവിലുള്ള പൊതുബോധങ്ങളെയാണ് നിരാകരിക്കുന്നത്. ഉൾക്കൊള്ളലുകളിലെ വൈവിധ്യം അരേഖീയമായ പ്രതലം, ഇടപെടലുകൽ സൃഷ്ടിക്കുന്ന തുറസ്സ്, അനേകങ്ങളെക്കുറിച്ചുള്ള വാചാലത, എന്നീ ഘടകങ്ങൾ വ്യക്തമായ ഹൈപ്പർ ലിങ്ക് സാധ്യതയെ പ്രധാനപ്പെടുത്തുന്നു. പ്രതീതിലോകത്തിനെ ബദലായി സൃഷ്ടിക്കുകയാണ് ഇവിടെ ചെയ്യുന്നത്. 2003ൽ തുടങ്ങിയ 'സെക്കന്റ് ലൈഫ്, എൻട്രോപ്പിയ, യൂണിവേഴ്സ് തുടങ്ങിയവ പ്രതീതി ലോകയിടങ്ങൾ വെബ്ബിൽ രൂപംകൊണ്ടത് ഈ കഴിഞ്ഞ ഭൂതകാലത്തിലാണ്. പ്രതീതിയാഥാർത്ഥ്യത്തിൽ മറ്റൊരു ജീവിതത്തെ കെട്ടിപ്പടുക്കുന്നു. സോഷ്യൽ മീഡിയ മാത്രമല്ല. നെറ്റ്വർക്ക് സൈറ്റുകളും, ബ്ലോഗുകളും വെബ്സൈറ്റുകളും തുടങ്ങിയ ഓൺലൈൻ ജനസ്സുകൾ ഇതിന്റെ സാധ്യതകളായി മാറുന്നു. ഭൗതിക സാഹചര്യത്തിൽനിന്നും വേറിട്ടുനിൽക്കുന്നതിനാൽ നിർമ്മിതിയുക്തികൾ കാര്യബോധത്തോടെ പ്രവർത്തിക്കുന്ന സ്ഥലമായി പ്രതീതി ലോകം മാറുകയാണ്. ഇതിന്റെ ഭാഗമായി ടെക്നോക്യാപിറ്റലിസം മുതലാളിത്തബദലായി രൂപം കൊണ്ടുവെങ്കിലും സാങ്കേതികമികവുകൾ നിർമ്മിതിചിന്തയെ ത്വരിതഗതിയിലാക്കിയെന്നത് വിസ്മയാവഹമാണ്. അതിനാൽ പ്രതീതി സമൂഹത്തെയും ദൃശ്യലോകത്തെയും തിരസ്കരിക്കാനാവാത്തതായി മാറി. കോയ്മാബോധ്യത്തിൽ വർത്തിക്കുന്ന ഭൗതികസമൂഹത്തിന്റെ ശരീര യുക്തികൾ പ്രതീതിയാഥാർത്ഥ്യം നിസ്സങ്കോചം റദ്ദുചെയ്തു. സോഷ്യൽ മീഡിയ അടങ്ങുന്ന സൈബർ സാംസ്കാരികതയിൽ പ്രകടനങ്ങളുടെ നവസാധ്യത ഗെയിമുകൾ സൃഷ്ടിക്കുന്ന നിർമ്മിതി ധാരണകളിലേക്ക് ശക്തമായി വ്യാപിച്ചിട്ടുണ്ട്.'

### നിർമ്മിത ശരീരവും ഗെയിമുകളും

പരോക്ഷത അഥവാ വെർച്ചാലിറ്റി എന്നത് "യാഥാർത്ഥ്യത്തിന്റെ അനിഷേധ്യവും അനപേക്ഷണീയവുമായ ഭാഗമാണെന്നും എന്നാൽ ഇത് പ്രത്യക്ഷ സ്വഭാവമുള്ളതല്ലെന്നുമാണ് ഇതിന്റെ അന്തഃസത്ത". (സന്തോഷ് മാനിച്ചേരി, 2015: 152) ദെല്യൂസിയൻ ഉപദർശനപ്രകാരം

പ്രതീതി ലോകം മനുഷ്യാനുഭവസത്തയെ സാങ്കേതികമായി പരോക്ഷവൽക്കരിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ പ്രതീതിലോകം ഭൗതികലോകത്തിനകത്ത് തന്നെയാണ് പ്രകടനമാടുന്നത്. ഗെയിമുകളിൽ പ്രത്യക്ഷമാകുന്ന നിർമ്മിതി ശരീരങ്ങൾ ഈ ചിന്തയെ മൂർത്തമാക്കുവാൻ ഡിജിറ്റലായ കൂടിച്ചേരലുകളിലേക്ക് നയിക്കുന്നഗെയിമുകളാണ് ഏറെയും. 'JackboxTV, വാട്സൺ അഡ്വഞ്ചേഴ്സിന്റെ വെർച്വൽഹണ്ട്, സ്നാപ്പ്ഗെയിമുകൾ, സ്കാവെഞ്ചർഹണ്ട്, വെർച്വൽ എസ്കേപ്പ്റൂം തുടങ്ങിയവ. ഗെയിമുകളിൽതന്നെ 2017 മാർച്ച് 23-ന് ടെൻസെഗെയിമിംഗ് കമ്പനി പുറത്തിറക്കിയ പബ്ജി (PUBG) വളരെ പെട്ടെന്ന് പ്രചുരപ്രചാരം നേടി. ഒരു യുദ്ധറോയൽഗെയിം ആണിത്. റിയലിസ്റ്റിക് ആയുധ ശേഖരങ്ങളോടുകൂടി തനിച്ചോ കൂട്ടുകൂടി പ്ലാൻ ചെയ്തോ കളിക്കാം. എന്നാൽ വെർച്വൽ ശരീരങ്ങളുടെ പ്രകടനസാധ്യതയെ നവീന രീതിയിൽ അവതരിപ്പിച്ചത് Grand Theft Auto V ഗെയിമുകളാണ്. ജി.ടി.എ. ഫൈവ് എന്ന പേരിൽ നവമാധ്യമയിടത്തിൽ ഇതുണ്ട്. ജി ടി എ സിക്സ് ഇപ്പോൾ ലോഞ്ച് ചെയ്തും കഴിഞ്ഞു.

റോക്സ്റ്റാർ നോർത്ത് വികസിപ്പിച്ച ആക്ഷൻ അഡ്വഞ്ചർ ഗെയിമാണ് ഗ്രാന്റ് തെഫ്റ്റ് ഓട്ടോ വി. നിർമ്മിതശരീരങ്ങൾ സ്ക്രീനിൽ ബദൽ ലോകത്തെ തന്നെ പുനർനിർമ്മിക്കുന്നു. കാലിഫോർണിയ അടിസ്ഥാനമാക്കിയുള്ള സാങ്കല്പിക സംസ്ഥാനമായ സാൻആൻഡ്രിയാസിന്റെ പശ്ചാത്തലവും, മൂന്നു പ്രധാന കഥാപാത്രത്തെ ഒരാൾക്കുതന്നെ കൈകാര്യം ചെയ്യാവുന്ന രീതിയിലുമാണ് ഇതിന്റെ ഘടന. അധോലോകസമൂഹമാണ് കഥാപാത്രങ്ങളായി വരുന്നത്. ഭൗതിക സമൂഹത്തിന് ബദൽ വെർച്വൽ ലോകത്തിലൂടെ സ്വതന്ത്രമായി വിഹരിക്കുവാനുള്ള ഇടങ്ങൾ ഇത് ഒരുക്കിക്കൊടുക്കുകയാണ്. ഭൗതികസമൂഹത്തിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളും ഈ ഗെയിമിടത്തിൽ സാധ്യമാണ്. കളിക്കുന്ന വ്യക്തിയുടെ വീക്ഷണ കോണിൽനിന്നുകൊണ്ട് ഗെയിമിനെ നയിക്കാം. ഭൗതിക സാഹചര്യത്തിൽ എന്തെല്ലാം ചെയ്യുമോ അതെല്ലാം വെർച്വൽ വീഥിയിലും സാധ്യമാണ്. ഒരു അനുഭവപ്രതീതി ലോകത്തിലായിരിക്കും വെർച്വൽ ശരീരങ്ങൾ വർത്തിക്കുക. പ്രതീതിലോകം ഭൗതികലോകത്തിനകത്തേക്ക് മാറുന്നു. ബദൽലോക സങ്കല്പത്തേക്കാൾ സമൂഹത്തിനിടയിലെ പ്രവൃത്തിയെന്ന നിലയിൽ ഇത് എളുപ്പം താദാത്മ്യപ്പെടുന്നു. സ്ത്രീപുരുഷൻ എന്ന ലിംഗയുക്തി സൃഷ്ടിക്കുന്ന അധികാരചിന്തകൾ ഇവിടെ പ്രകടമാവുന്നില്ല. വെർച്വൽ ശരീരങ്ങളിലേക്ക് ആൺപെൺ ഭേദമില്ലാതെയുള്ള പരകായം സാധ്യമാണ് എന്നതിലാണ് പ്രസക്തി.

സ്വത്വനഷ്ടത്താൽ സത്ത ചോർന്നുപോകുന്ന ആധുനിക വ്യക്തിബോധങ്ങളുടെ റദ്ദുചെയ്യലാണ് ഒരു ശരീരയുക്തിയിൽ നിൽക്കാതെ പലരായി പരിണമിക്കാനുള്ള സാധ്യതയിൽ വ്യക്തമാകുന്നത്. മാത്രമല്ല, അത് നിലനിൽക്കുന്ന സദാചാരനിഷ്ഠമായ ലിംഗധാരണകളെക്കൂടി വസ്തുതാപരമായി ചോദ്യം ചെയ്യുവാൻ നവകാലമാധ്യമശരീരങ്ങൾക്ക് സാധ്യമാണ് എന്ന ചിന്ത കൂടി ഇവിടെ വ്യക്തമാകുന്നു. അംഗീകൃതമായ ലിംഗധാരണകളിൽ ഉറപ്പിക്കുന്ന ശരീരത്തിന്റെ കർത്തൃത്വപരത ആപേക്ഷികമാണെന്ന് സൂചിപ്പിക്കുന്നു. അതിനാധാരമായ ലിംഗാധികാര വ്യവസ്ഥയെ വെർച്വൽ ഇടങ്ങളിലൂടെ തമസ്കരിക്കുവാനും സാധ്യമാണ് എന്ന ആശയത്തെ ഇതിലൂടെ തിരിച്ചറിയാവുന്നതാണ്. അധികാരചിഹ്നസംവിധാനത്തിൽ നിലകൊള്ളുന്ന ആൺ ശരീരത്തിലെ ആണത്തവിനിമയങ്ങളിലെ പൊള്ളത്തരങ്ങളെക്കൂടി നവമാധ്യമശരീരങ്ങൾ തുറന്നുകാണിക്കുന്നു.


ISSN: 2582 - 2594

## ഗ്രന്ഥസൂചി

കിരൺമോഹൻ.എം., 2018, എസ്.എം.എസ്. ഭാഷയുടെ പാരമ്പര്യനിഷേധം, നവമാധ്യമങ്ങൾ സാഹിത്യം സംസ്കാരം, രാഷ്ട്രീയം, എം.ആർ. ഷെല്ലി, എ.എസ്. പ്രതീഷ്. (എഡി), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ലിപിൻരാജ് എം.പി. 2019, നവമാധ്യമ പരിചയം, ഡിജിറ്റൽകാലത്തെ മാധ്യമങ്ങൾ, കേരള മീഡിയ അക്കാദമി, കാക്കനാട്.

രാമചന്ദ്രൻ നായർ, പന്മന, 2013, മാധ്യമപഠനങ്ങൾ, v കറന്റ് ബുക്സ് കോട്ടയം.

രാജേന്ദ്രൻ. എൻ.പി. 2009, മാറുന്ന ലോകം, മാറുന്ന മാധ്യമലോകം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

സന്തോഷ് മാനിച്ചേരി, 2012, ശരീരി - പരസ്യങ്ങളിലെ ശരീരജീവിതം, സൈകതം ബുക്സ്, കോതമംഗലം.

2015 നവമാധ്യമകാലത്തെ മലയാള സാഹിത്യം, നവമാധ്യമപാഠങ്ങൾ, ശ്രീധരൻ. എം.എ., ബാലചന്ദ്രൻ. കെ. (എഡി) സമയം പബ്ലിക്കേഷൻസ്, കണ്ണൂർ.

**English**

Crystal Dp 2001, Language and the Internet, Cambridge University Press, Cambridge

Carvallaro, Dani, 2001. The body for beginners, Orient Longman Ltd. London.

# ആധുനിക അച്ചടി മലയാളം – തുടക്കവും പരിണാമവും

**ഡോ. ദീപാ നാരായണൻ**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം
ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്
ചേലക്കര, തൃശ്ശൂർ
Email: deepanarayanan2012@gmail.com

**സംഗ്രഹം**

ആധുനിക അച്ചടിമലയാളത്തിന്റെ തുടക്കം, ഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്രത്തിന്റെയും ആരംഭമാണ്. ഭാഷയുടെ അടിത്തറയുടെ രൂപീകരണവും അതിന്റെ പരിണാമവുമാണ് ഈ ലേഖനം പ്രതിനിധാനം ചെയ്യുന്നത്

**താക്കോൽ വാക്കുകൾ:** ആധുനിക അച്ചടിമലയാളം, തുടക്കം, ആദ്യകാല പത്രങ്ങൾ, വൈജ്ഞനിക മാസികകൾ, രാഷ്ട്രീയപത്രങ്ങൾ, ചെറുകഥാമാസികകൾ, സാഹിത്യമാസികകൾ

**ആമുഖം**

ആദ്യകാല മാസികകളിലൂടെയാണ് ആധുനിക അച്ചടിമലയാളത്തിന്റെ തുടക്കം. അവയുടെ പരിചയപ്പെടുത്തലാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

മലയാളപത്രപ്രവർത്തനചരിത്രം മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും മുദ്രണപ്രസാധനകലകളുടെയും ചരിത്രമാണ്. 16,17,18 നൂറ്റാണ്ടുകളിലായി മിഷണറിമാരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗദ്യഭാഷയുടെ വികാസം സംഭവിക്കുന്നതും നവോത്ഥാനപ്രവണതകളോടെ അത് രൂപാന്തരപ്പെട്ടതും 19-ാം നൂറ്റാണ്ടോടുകൂടിയാണ്. ആശയവിനിമയത്തിനും നൂതന അറിവുകൾ പകർന്നുനൽകുവാനും ഗദ്യത്തിനു കഴിയും.

അന്ന് ഭാഷ മാനകീകരിക്കപ്പെട്ടിരുന്നില്ല. പ്രയോഗമാണ് ഭാഷ സ്വത്വത്തിന് അടിസ്ഥാനം. ഭാഷക്ക് അടിയുറപ്പുള്ള ഒരു വ്യക്തിത്വം ഉണ്ടാകണമെന്ന് മിഷണറിമാർ വിചാരിക്കാൻ സാധ്യതയുണ്ട്. അതിന് ഇംഗ്ലീഷ് ഭാഷയെ മാദ്ധ്യമമായി സ്വീകരിക്കാൻ അവർ ശ്രമിച്ചു. നിത്യജീവിതസ്പന്ദനവും മറ്റും ജീവസുറ്റ ഒരു ഭാഷയ്ക്ക് അനിവാര്യവുമാണ്. "അച്ചടിയും നൂതന

വിദ്യാഭ്യാസപ്രചാരണവുമാണ് ഇതിനായി അവർ കണ്ട മുഖ്യമാർഗങ്ങൾ."[1]

മലയാളം അച്ചടി ആരംഭിക്കുന്നത് കേരളത്തിൽ അച്ചടി ആരംഭിച്ച് രണ്ടു നൂറ്റാണ്ടുകൾ കഴിഞ്ഞതിനുശേഷമാണ്. മലയാളലിപികളുടെ വൈവിധ്യം ഇതിനൊരു കാരണമാണ്. ആദ്യ കാല അച്ചടിയിൽ 1128ഓളം മലയാളം അച്ചുകൾ ഉപയോഗിക്കേണ്ടിവന്നിരുന്നു. പിന്നീട് ബെഞ്ചമിൻ ബെയ്‌ലി സംഭാവന ചെയ്ത ഉപലിപികൾ കാരണം അതിന്റെ എണ്ണം ഏകദേശം 500 ആയി കുറഞ്ഞു. അന്യഭാഷപദങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന കൂട്ടക്ഷരങ്ങൾ അദ്ദേഹം ഉപേക്ഷിച്ചു. മലയാള ലിപികൾക്കു ചതുരവടിവ് ഉപേക്ഷിച്ച് ഉരുണ്ട ആകൃതി സ്വീകരിച്ചു. അങ്ങനെ 1829-ൽ പുതിയ നിയമം അച്ചടിച്ചു. ഇന്നും ഉപയോഗിക്കുന്നത് ഈ ലിപി മാതൃകയാണ്. ആര്യലിപി സ്വീകരിച്ച് മിഷണറിമാർ സംക്ഷേപ വേദാർത്ഥം അച്ചടിച്ചതോടെ ആര്യലിപി അച്ചടിയിൽ സ്വീകാര്യമായിത്തീർന്നു.

മതവിദ്യാഭ്യാസവും പ്രചാരണവുമായിരുന്നു മിഷണറിമാരുടെ ലക്ഷ്യം. എൽ.എം.എസ്സും, സി.എം.എസ്സും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിരുന്നു. കേരളജനതയെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേക്ക്കൊണ്ടുവരാൻ മിഷണറിമാർ യത്നിച്ചിരുന്നു. ഔപചാരികവിദ്യാഭ്യാസത്തിന് തുടക്കംകുറിച്ചത് മിഷണറിമാരാണ്. ബൈബിളിനോടൊപ്പം പാശ്ചാത്യവിജ്ഞാനത്തിനും ഇവിടെ പ്രചാരം കൈവന്നു. പൊതുജനങ്ങൾക്കുവേണ്ടി ആനുകാലിക പ്രസിദ്ധീകരണങ്ങളും തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ അവർ ഉപയോഗിച്ചിരുന്നു.

"തനതാശയങ്ങൾ മദ്ധ്യവർഗ്ഗങ്ങളിലെത്തിക്കുക എന്ന കാലഘട്ടത്തിന്റെ ആവശ്യം സാധിക്കാനുള്ള ഉപാധിയായിട്ടാണ് പത്രമാസികകൾ കണാക്കപ്പെട്ടിരുന്നത്".[2] അച്ചടി ആനുകാലികങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് അങ്ങനെയാണ്. വാർത്തകളുടെ വിതരണവും വിജ്ഞാനപോഷണവുമാണ് ലക്ഷ്യം. കുറഞ്ഞ ചെലവിൽ വേഗത്തിൽ ആശയങ്ങൾ എത്തിക്കാൻ പത്രമാസികകൾക്ക് കഴിഞ്ഞു.

1847നും 1865നും ഇടയിൽ 5 ആനുകാലികങ്ങൾക്കാണ് പ്രസിദ്ധീകരണം സാധ്യമായത്. രാജ്യസമാചാരം, പശ്ചിമോദയം(1847തലശ്ശേരി), ജ്ഞാനനിക്ഷേപം (1848), വിദ്യാസംഗ്രഹം(1864) കോട്ടയം പശ്ചിമ താരക (1865) കൊച്ചിയിൽ നിന്നുമാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ദൈവരാജ്യവുമായി ബന്ധപ്പെട്ടുള്ള വർത്തകൾക്കാണ് ഇതിൽ പ്രാധാന്യം. പശ്ചിമോദയം പാശ്ചാത്യശാസ്ത്ര വിജ്ഞാനത്തിന് ഊന്നൽ നൽകി പ്രസിദ്ധീകരിച്ചു.

ബഹുജനതാത്പര്യങ്ങളെ ആരോഗ്യപുഷ്ടിയോടെ വളരാനും നിലനിൽക്കാനും സാധ്യമാക്കിയതോടെ ഇംഗ്ലീഷുകാർ ആരംഭിച്ച പത്രങ്ങൾ വിജയിച്ചു. ഇംഗ്ലീഷ് പത്രങ്ങൾ ലോകപത്രരംഗം ആദരിക്കുന്ന മൂല്യസമ്പ്രദായങ്ങൾ പരിചയപ്പെടുത്തി. ചൈതന്യവും ഓജസ്സും ഭാരതീയ പത്രങ്ങൾ ഏറ്റെടുക്കുകയും പത്രധർമം നിറവേറ്റുകയും ചെയ്തു.

വടക്കേ മലബാറിലെ ഇല്ലിക്കുന്നിൽ നിന്നാണ് മലയാളഭാഷ പത്രത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. മിഷണറിമാരുടെ നേതൃത്വത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച പത്രങ്ങളിലൂടെയാണ് മലയാളപത്രചരിത്രത്തിന്റെ തുടക്കം.

രാജ്യസമാചാരം പ്രസിദ്ധീകരിക്കപ്പെടുന്നതിനു മുൻപ് തലശ്ശേരിയിലെ ഇല്ലിക്കുന്നിൽ

നിന്ന് മലയാള പഞ്ചാഗം (THE MALAYALAM ALAMANAC) എന്നൊരു മാസിക 1846 മുതൽ പ്രസിദ്ധീകരിച്ചു എന്ന് ഒരു പരാമർശം 'മലയാളഭാഷയും ഡോ. ഹെർമൻ ഗുണ്ടർട്ടും' എന്ന പുസ്തകത്തിൽ ചെറിയാൻ കുനിയന്തോടത്ത് രേഖപ്പെടുത്തുന്നു. 1845-ൽ ഗുണ്ടർട്ട് ഇല്ലിക്കുന്നിൽ സ്ഥാപിച്ച ലിത്തോഗ്രാഫ് അച്ചുകൂടത്തിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു. വിജ്ഞാനപ്രദമായ വാർത്തകൾ, സദാചാരബോധം വളർത്തുന്ന കഥകൾ, ഉപന്യാസങ്ങൾ എന്നിവ ഈ പത്രത്തിൽ ഉണ്ടായിരുന്നതായി ചെറിയാൻ കുനിയന്തോടത്ത് നിരീക്ഷിക്കുന്നു.

സംസ്കൃതപദബാഹുല്യത്തെയും ദേശീയതയെയും തമ്മിൽ ഏകീകരിക്കാനും ബന്ധിപ്പിക്കാനും സഹായിച്ച ഘടകമാണ് കേരളത്തിലെ പത്രപ്രവർത്തനം എന്ന അഭിപ്രായമാണ് ഭാഷാഗദ്യം എന്ന പുസ്തകത്തിൽ സി.എൽ. ആന്റണിയുടേത്. ഗദ്യശൈലി സാധാരണീകരിക്കപ്പെട്ടതും പത്രപ്രവർത്തനത്തിലൂടെയാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. മലയാള ഭാഷാഭേദങ്ങളെ ഏകീകരിച്ചുകൊണ്ടു ഗദ്യഭാഷയെ മാനകീകരിക്കുകയാണ് ചെയ്തത് എന്നദ്ദേഹം നിരീക്ഷിക്കുന്നു.

### രാജ്യസമാചാരം

ഈ പത്രം ആദ്യമായി പുറത്തിറങ്ങിയത് 1847 ജൂൺ മാസത്തിലാണ്. ഗുണപാഠങ്ങൾക്കും സദാചാരപാഠങ്ങൾക്കും പ്രാധാന്യം നൽകി. പത്രാധിപരുടെ പേര് ചേർത്തിട്ടില്ല. ദൈവരാജ്യത്തിലേക്കുള്ള പ്രയാണവും സ്വർഗ്ഗരാജ്യത്തിന്റെ വിവരങ്ങളുമാണ് ഈ പത്രത്തിലുള്ളത്. ഡോ. ഹെർമൻ ഗുണ്ടർട്ടും ഫെഡറിക് മുള്ളറുമാണ് ഇതിന്റെ പത്രാധിപർ എന്ന് കരുതപ്പെടുന്നു.

### പശ്ചിമോദയം

1847 ഒക്ടോബറിൽ പ്രസിദ്ധീകരിച്ചു. ജ്യോതിഷവിദ്യ, ഭൂമിശാസ്ത്രം, ബിലാത്തി വിശേഷം എന്നിങ്ങനെയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്നു. "പാശ്ചാത്യ ശാസ്ത്രചിന്തകൾ മലയാളികൾക്ക്പരിചയപ്പെടുത്തുക എന്നതായിരുന്നു ഇതിന്റെ പ്രസിദ്ധീകരണോദ്ദേശ്യം."[3] ഗുണ്ടർട്ടിന്റെ ശിഷ്യനായിരുന്ന ഫെഡറിക് മുള്ളർ ബാസൽ മിഷൻ പ്രവർത്തകനായിരുന്നു, ഇതിന്റെ പത്രാധിപരായിരുന്നു. ഇല്ലിക്കുന്നിൽ നിന്നും ഇത് പ്രസിദ്ധീകരിച്ചു. ജ്യോതിഷവിദ്യ, പ്രദേശങ്ങളുടെ ഭൂമിശാസ്ത്രവിശേഷം എന്നിവ ഇതിൽ പ്രസിദ്ധീകരിച്ചിരുന്നു. 1498-ൽ പോർച്ചുഗീസുകാരുടെ ആഗമനകാലം മുതൽക്കുള്ള ചരിത്രം 1498-ൽ കേരള പഴമ എന്ന പേരിൽ ഗുണ്ടർട്ട് കൈകാര്യം ചെയ്തിരുന്നു. ഇതിൽ കേരളീയജനസമൂഹത്തിന്റെ ചരിത്രം ആചാരാനുഷ്ഠാനങ്ങൾ എന്നിവ പ്രതിപാദിച്ചിരുന്നു. ഋജുവായ ലളിതമായ വാക്യങ്ങളിലൂടെ ഗദ്യശൈലി ആധുനികരിക്കുകയും ശാക്തീകരിക്കുകയും ചെയ്തു. ഗഹനമായ ശാസ്ത്രചിന്തകൾ ഗദ്യം വികസിക്കുന്ന രീതിയിൽ മാസികയിൽ പ്രതിപാദിച്ചിട്ടുണ്ട്. മതേതരമായ കാഴ്ചപ്പാടിൽ മിഷണറിമാരുടെ ആദ്യമാസികയാണിത്. മേൽപ്പറഞ്ഞ രണ്ട് പത്രങ്ങളും ലിത്തോഗ്രാഫ് രീതിയിലാണ് അച്ചടിച്ചിരുന്നത്.

നെട്ടൂരിലെ ഇല്ലിക്കുന്നിൽനിന്നും 1847- പ്രസിദ്ധീകരിച്ച രണ്ടാമത്തെ പ്രസിദ്ധീകരണമാണ് ഇത്. പടിഞ്ഞാറൻ ശാസ്ത്രീയചിന്തകൾ കേരളീയർക്ക് ബോധപൂർവ്വം പരിചയപ്പെടുത്തുവാനുള്ള ഒരു ശ്രമം പശ്ചിമോദയത്തിനുണ്ട്, ഭാഷയിലെ ആദ്യ ശാസ്ത്രമാസിക. പൊതുവിജ്ഞാനീയം

 ISSN: 2582 - 2594

പശ്ചിമോദയത്തിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. ഗുണ്ടർട്ടിന്റെ ശിഷ്യനായ ഫെഡറിക് മുള്ളറാണ് പത്രാധിപർ.

ചോദ്യചിഹ്നങ്ങളോ ദീർഘമായ ഒ കാരം, എ കാരം എന്നിവയും ഉദ്ധരണികളും രണ്ട് പത്രങ്ങളിലും കാണാനില്ല. പൂർണ്ണവിരാമത്തിനു പകരം ഒരു ചെറുരേഖയാണ് ഉപയോഗിച്ചിരുന്നത്. മറ്റുചിഹ്നങ്ങൾ ഒന്നും തന്നെയില്ല. ലളിതമായ ഭാഷാശൈലി സംസാരഭാഷയോട് പ്രാമുഖ്യം, മുദ്രണം, ലിപിവിന്യാസം, രൂപം, വലിപ്പം എന്നിവയിൽ മാറ്റം ഒന്നും ഇല്ല. 26 വരി വീതം ഓരോ പുറവും അച്ചടിച്ചിരിക്കുന്നു. ഈടുള്ള വെള്ളക്കടലാസ് ഉപയോഗിച്ചിരിക്കുന്നു. ബയന്റിങ് ഇല്ല.

പഴയ മലയാളഅക്ഷരമാലയെക്കുറിച്ച് പഠനാർഹമായ ലേഖനം പശ്ചിമോദയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടു മുഴുവൻ പേജുകളിൽ ലിപികളുടെ മാതൃകകൾ ചേർത്തിരിക്കുന്നു. വട്ടെഴുത്ത് അക്ഷരമാലയാണ് ഉപയോഗിച്ചിരിക്കുന്നത്. ലിപിവികാസപരിണാമങ്ങളെ ഇത് സൂചിപ്പിക്കുന്നുണ്ട്.

**ജ്ഞാനനിക്ഷേപം**

മലയാളത്തിലെ കാലികപ്രസിദ്ധീകരണങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നു. ഇത് കോട്ടയത്തെ സി.എം.എസ് പ്രസ്സിൽനിന്ന് 1848 വൃശ്ചികമാസം ഒന്നിന് അച്ചടി തുടങ്ങി. ഒന്നാമത്തെ വൃത്താന്തപത്രമാണ് ജ്ഞാനനിക്ഷേപം. മാസംതോറും പ്രസിദ്ധീകരിക്കപ്പെടുന്ന ഇതിൽ സ്വദേശ വിദേശവാർത്തകൾ, അതാത് ദേശങ്ങളിലെ വസ്തുതകൾ, ശാസ്ത്രലേഖനങ്ങൾ, സർക്കാർ റെഗുലേഷനുകളുടെ പൂർണരൂപം, ദൈവശാസനസിദ്ധാന്തങ്ങൾ, ദുരുപദേശങ്ങളുടെ നേർക്കുള്ള വിമർശനം, ആരോഗ്യപംക്തി എന്നിങ്ങനെ വിജ്ഞാന പ്രദമായലേഖനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. മലയാളഗദ്യത്തിന്റെ വികാസപരിണാമങ്ങളെ ഇത് വിശദമാക്കുന്നുണ്ട്.

അച്ചടി, ഭാഷ, ഉള്ളടക്കം, പത്രധർമ്മം, വാർത്താസംയോജനം എന്നിവയിൽ ഈ പത്രം വേറിട്ടുനിൽക്കുന്നു. വൃത്താന്തലക്ഷ്യസംവിധാനങ്ങളോടെ പ്രസിദ്ധീകരിച്ച ആദ്യപത്രം.

അച്ചടിയന്ത്രത്തിലെ അച്ചുകൾ മഷിപുരട്ടി പ്രസിദ്ധീകരിച്ച ആദ്യപത്രം. സർക്കാർ അറിയിപ്പുകൾ ആദ്യം പ്രസിദ്ധീകരിച്ച മാസിക. അതതു ഇംഗ്ലീഷ് മലയാളം കലണ്ടർ ഈ മാസികയുടെ ഓരോ ലക്കത്തിലും ചേർത്തിരിക്കുന്നു.

വിദേശവാർത്തസംഗ്രഹം, മനുഷ്യൻ എന്താണെന്ന ശാസ്ത്രീയലേഖനം, ഭാഷയെ കുറിച്ച് ബൈബിളിൽ പരാമർശിച്ചിട്ടുള്ള ലേഖനം, വരമൊഴിയുടെ പ്രാധാന്യത്തെ കുറിച്ചുള്ള വിവരണം, പ്രതിപാദനം, ആഴ്ച്ചകളുടെ ഉത്ഭവം തുടങ്ങിയ വിവരങ്ങൾ ജ്ഞാനനിക്ഷേപത്തിൽ ഉണ്ട്. ദീർഘാക്ഷരങ്ങൾക്കു പകരം ഹ്രസ്വാക്ഷരങ്ങൾ ഉപയോഗിച്ചിരിക്കുന്നു. "ഉ"കാരം ലോപിച്ചിട്ടുണ്ട്. ധാരാളമായി ഉപയോഗിച്ചിരിക്കുന്നത് സംസ്കൃതപദങ്ങളാണ്, സംസ്കൃത പദബാഹുല്യം പ്രത്യേകതയാണ്.

പാശ്ചാത്യസമ്പ്രദായത്തിലുള്ള ഒരു ഗദ്യപദ്ധതി ഭാഷയിൽ ആദ്യമായി അവതരിപ്പിച്ച പത്രം ജ്ഞാനനിക്ഷേപമാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നോവൽ അദ്ധ്യായങ്ങളായി സമ്പ്രദായം ആദ്യം ആരംഭിക്കുന്നത് ജ്ഞാനനിക്ഷേപത്തിലാണ്. ആർച്ചുഡീക്കൻ

കോശിയുടെ പുല്ലേലിക്കുഞ്ചു എന്ന നോവലാണ് തുടർച്ചയായി പ്രസിദ്ധീകരിച്ചത്. ആധുനികമുദ്രണകലയുടെ സാങ്കേതികകഴിവുകൾ ഉപയോഗിച്ച് പ്രസിദ്ധീകരിച്ച ഭാഷയിലെ ആദ്യത്തെ മാസിക. ദീർഘാക്ഷരങ്ങൾക്ക് പകരമുള്ള ഹ്രസ്വാക്ഷരപ്രയോഗവും (ഉദാ.കൊട്ടയം, നിക്ഷെപം), ഉകാരത്തിന്റെ ലോപവും (ഉദാ-എഴുത്ത) പഴയ ഭാഷാസ്വഭാവം വ്യക്തമാക്കുന്നുണ്ട്. മലയാളത്തിലെ ആദ്യത്തെ സചിത്രവർത്തമാനപത്രം ജ്ഞാനിക്ഷേപമാണെന്ന് വിമർശകർ സാക്ഷ്യപ്പെടുത്തുന്നു.

ചിന്തിക്കാനും പഠിക്കാനുമുള്ള വേദപാഠവിശദീകരണങ്ങൾ ക്രൈസ്തവസംബന്ധിയായ ആനുകാലികസാമൂഹിക പ്രശ്നങ്ങൾ, റോമൻ കത്തോലിക്കാ സഭയോടുള്ള വിമർശനങ്ങൾ, സുറിയാനി ക്രിസ്ത്യാനികളോടുള്ള മിതമായ വിമർശനങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, ആരാധനക്രമങ്ങൾ, പ്രാദേശിക ഭാഷയിലാക്കുന്നതിനുള്ള പരിശ്രമങ്ങൾ, അനാചാരങ്ങളെ നിർത്തലാക്കാനുള്ള ശ്രമങ്ങൾ എന്നീ ലക്ഷ്യങ്ങൾ ഈ പത്രത്തിനുണ്ട്.

**ജ്ഞാനനിക്ഷേപം**

മലയാളത്തിലെ നാലാമത്തെ മാസിക. The Treasure Knowledge അഥവാ വിദ്യാധനം സർവ്വധനാൽപ്രധാനം എന്നതാണ് മുദ്രാവാക്യം. ജോൺ ഹോക്സ് വർത്ത് ആണ് പത്രാധിപരായി പ്രവർത്തിച്ചിരുന്നത്. ബെഞ്ചമിൻ ബെയ്‌ലിയാണ് പത്രത്തിന്റെ മേൽനോട്ടം വഹിച്ചിരുന്നത്. പൊതുവിജ്ഞാനത്തിനാണ് പ്രാധാന്യം. ഉപന്യാസം, ചെറുകഥ എന്നീ നൂതനസാഹിത്യരൂപങ്ങൾ മലയാളത്തിൽ ആദ്യം പ്രസിദ്ധീകരിച്ചത് ഈ മാസികയിലാണ്. അതുപോലെ യാത്രാവിവരണം ആദ്യമായി ഖണ്ഡശ്ശയായി പ്രസിദ്ധീകരിക്കുന്നതിന് ഈ മാസിക തുടക്കം കുറിച്ചു.

സംസ്കൃതപദങ്ങൾക്ക് കൂടുതൽ പ്രചാരം നൽകുന്ന ഗദ്യശൈലി ഈ മാസികയിൽ കാണുന്നു. ദീർഘരൂപം കാണിക്കുന്നതിന് "േ" ആദ്യം അച്ചടിച്ചു കാണുന്നത് ജ്ഞാനിക്ഷേപത്തിലാണ്. പക്ഷേ ഇതിന് ഒരു വ്യവസ്ഥയില്ല. ചന്ദ്രക്കല ഒരിടത്തും ചേർത്ത് കാണുന്നില്ല. മലയാളത്തിൽ ലിപിവിന്യാസ ക്രമത്തിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലുകൂടിയാണിത്.

**വിദ്യാസംഗ്രഹം (1864– 66)**

മലയാളത്തിലെ ആദ്യമാസികാപത്രം. കോട്ടയം സി.എം.എസ്. കോളേജ് വക ത്രൈമാസികം. മലയാളം-ഇംഗ്ലീഷ് ഭാഷകളിൽ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ ഇടകലർത്തി പ്രസിദ്ധീകരിച്ച ഒരു ദ്വിഭാഷപത്രം (bilingual) ആണിത്.

റവ. ജോർജ്ജ് മാത്തന്റെ നേതൃത്വത്തിലുള്ള പത്രം 1864 ജൂലൈ മുതൽ 1866 ഏപ്രിൽ വരെ എട്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചു. പൊതുവിദ്യാഭ്യാസം, വിജ്ഞാനവിതരണം എന്നിവയ്ക്ക് പ്രാധാന്യം കൽപ്പിച്ചു. ക്രിസ്തുമത സങ്കീർത്തന വിവർത്തനങ്ങൾ, ലേഖനങ്ങൾ എന്നിവയും പ്രസിദ്ധീകരിച്ചു. ധാരാളം ഇംഗ്ലീഷ് ലേഖനങ്ങളുടെ പരിഭാഷകൾ പ്രസിദ്ധീകരിച്ചിരുന്നു. വിവർത്തകരെ കൃത്യമായി തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. മലയാളത്തിലെ ആദ്യ ഗ്രന്ഥനിരൂപണം പ്രസിദ്ധപ്പെടുത്തിയ മാസിക. പിൽക്കാലനിരൂപണങ്ങൾക്ക് മാതൃക. പുതിയ കണ്ടുപിടുത്തങ്ങൾ പ്രതിപാദിച്ചിരുന്നു.


ISSN: 2582 - 2594

മിസിസ് റിച്ചാർഡ് കൊളിൻസ് 1859-ൽ ഇംഗ്ലീഷിൽ എഴുതിയ The Slayers Slain എന്ന എന്ന നോവൽ എട്ടു ലക്ഷങ്ങളിൽ ഖണ്ഡശയായി പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്റെ വിവർത്തനവും 1867-ൽ ഘാതകവധം എന്ന പേരിൽ അച്ചടിച്ചു. ശാസ്ത്രം, മതം, സാഹിത്യം എന്നീ വിഷയങ്ങൾ മാസിക കൈകാര്യം ചെയ്തിരുന്നു.

1864-ൽ പ്രസിദ്ധീകരിച്ച വിദ്യസംഗ്രഹത്തിൽ ശാസ്ത്രം, ചരിത്രം, വേദപഠനം, കഥകൾ, കവിതകൾ, ഭൂമിശാസ്ത്രം, യാത്രാവിവരണം ആത്മകഥ, നോവൽ, പുസ്തകവിമർശനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിയിരുന്നു.

**പശ്ചിമ താരക**

Western Star 1864-നും (കല്ലൂർ ഉമ്മൻ ഫിലിപ്പോസിന്റെ പത്രാധിപത്യത്തിൽ) 1865-ന് പശ്ചിമതാരകയും അദ്ദേഹത്തിന്റെ തന്നെ പത്രാധിപത്യത്തിൽ കൊച്ചിയിൽ നിന്നുംപ്രസിദ്ധീകരിക്കപ്പെട്ടു. ഉദ്യോഗസ്ഥന്മാരെ വിമർശിക്കുകയും സാഹിത്യകൃതികളെ നിരൂപണം ചെയ്യുകയും ചെയ്യുക എന്നത് പശ്ചിമതാരകയുടെ സവിശേഷതയാണ്.

പൊതുവാർത്തകൾക്ക് പ്രാധാന്യം നൽകി മലയാളത്തിൽ പ്രസിദ്ധീകരിച്ച ആദ്യ വൃത്താന്തപത്രം (1865) ഗുജറാത്തുകാരനായ ദേവ്ജ് ഭീമ്ജി, സി. കുര്യൻ പോൾ, മെൽവിൻ വോക്കർ, ചാൾസ് ലോസൺ എന്നിവരുടെ സംഘടിതശ്രമത്തിന്റെ ഭാഗമായി രൂപംകൊണ്ട മാസിക. 1860-ൽ സ്ഥാപിച്ച അച്ചുകൂടത്തിൽനിന്നും 1864-ൽ വെസ്റ്റേൺ സ്റ്റാർ എന്നൊരു പത്രം ഇംഗ്ലീഷ് ഭാഷയിൽ സർ ചാൾസ് ലോസൺ പുറത്തിറക്കി. അതിന്റെ മലയാളം പതിപ്പ് എന്ന നിലയിൽ 1865-ൽ പശ്ചിമതാരക പുറപ്പെടുവിച്ചു. മെൽവിൻ വോക്കർ പത്രാധിപരായ ഗ്രന്ഥവിമർശനത്തിൽ പ്രാധാന്യം നൽകുന്ന രീതിയിൽ പത്രം പ്രസിദ്ധീകരിച്ചു. രാജ്യഭരണം, സാമുദായികപ്രശ്നങ്ങൾ എന്നിവയെ സംബന്ധിച്ച് കുറിപ്പുകൾ, വിദേശമരുന്ന് കമ്പനികളുടെ പരസ്യത്തിൽ എന്നിവയായിരുന്നു ഉള്ളടക്കം.

അന്തോണി അണ്ണാവിയുടെ കേരളം (1866), ഡബ്ലിയു.എച്ച്.മൂറിന്റെ ട്രാവൻകൂർ ഹെറാൾഡ് എന്ന പത്രത്തിന്റെ അനുബന്ധം സന്ദിഷ്ടവാദി (1867), കേരളപതാക, കേരളോപകാരി, സത്യനാദകാഹളം, കേരളദീപകം, മലയാളമിത്രം, കേരളമിത്രം തുടങ്ങിയ പത്രങ്ങളിലൂടെ സ്വദേശികളും വിദേശികളും മിഷണറിമാരും പത്രപ്രവർത്തനരംഗത്തേക്ക് കടന്നുവരുന്നതിന് ഈ പത്രം കാരണമായി.

1867-ൽ പുറത്തിറങ്ങിയ സന്ദിഷ്ടവാദി(കോട്ടയം)യും ഈ രീതി പിന്തുടർന്നു. “Travancore Herald”എന്ന ഇംഗ്ലീഷ് പത്രത്തിന്റെ അനുബന്ധം ആയിട്ടാണ് ഇതാരംഭിച്ചത്.[4] ദിവാൻ മാധവരായരുടെ വിദ്യാഭ്യാസനയത്തെ വിമർശിച്ചതിനാൽ ഈ പത്രം തിരുവിതാംകൂറിൽ നിരോധിക്കപ്പെട്ടു. അങ്ങനെ സന്ദിഷ്ടവാദി മലയാളത്തിലെ ആദ്യത്തെ നിരോധിക്കപ്പെട്ട പത്രമായി മാറി.

1874-ൽ മലബാറിൽ നിന്നും കേരളോപകാരി എന്ന മാസിക മംഗലാപുരം ബാസൽമിഷന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ക്രൈസ്തവസാഹിത്യം സദാചാരകഥകൾ, ഉപന്യാസങ്ങൾ, പഴഞ്ചൊല്ലുകൾ, പാശ്ചാത്യവിജ്ഞാനം എന്നിവ ഈ മാസിക കൈകാര്യം ചെയ്തുവരുന്നു. മയൂരസന്ദേശം അച്ചടിച്ചത് ഈ മാസികയിലാണ്.

1876-ൽ സത്യനാദകാഹളം കൂനമ്മാവ് പ്രസ്സിൽ നിന്നും പത്രമായി ആരംഭിച്ചു. പിന്നീട് ഈ പത്രം സത്യനാദം എന്ന പേര് സ്വീകരിക്കുകയും ആസ്ഥാനം എറണാകുളത്തേക്ക് മാറ്റുകയും ചെയ്തു. പത്രത്തിന്റെയും മാസികയുടെയും സ്വഭാവം ഇതിന് ഉണ്ടായിരുന്നു.

### കേരളചന്ദ്രിക

തിരുവനന്തപുരത്തെ ഒന്നാമത്തെ പത്രമാണ് കേരളചന്ദ്രിക. 1879-ൽ കേരളവിലാസം പ്രസ്സിൽനിന്ന് പി ഗോവിന്ദപ്പിള്ളയുടെ പത്രാധിപത്യത്തിൽ ഇത് പ്രസിദ്ധീകരിക്കപ്പെട്ടു. കേസരി വേങ്ങയിൽ കുഞ്ഞിരാമൻനായരുടെ പ്രഥമലേഖനം പ്രസിദ്ധീകരിക്കപ്പെട്ടത് കേരളചന്ദ്രികയിലൂടെയാണ്.

1881-ൽ കേരളമിത്രം കൊച്ചിയിൽ നിന്ന് പ്രസിദ്ധീകരിക്കപ്പെട്ടു. മലയാളത്തിലെ ഒന്നാമത്തെ വൃത്താന്തപത്രമാണിത്. ഇതിന്റെ ഉടമസ്ഥൻ ദേവ്ജ് ഭീമ്ജി എന്ന ഗുജറാത്തിയായിരുന്നു. പത്രാധിപരായി പ്രവർത്തിച്ചത് കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയാണ്.

വരമൊഴിയും വാമൊഴിയും ഇക്കാലയളവിൽ വ്യത്യസ്ത കൈവഴികളിൽ ആയി നിലകൊണ്ടു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രചാരമുണ്ടായി. എന്നാൽ അടിസ്ഥാനപരമായി ഭാഷയുടെ മാതൃഭാഷയുടെ പ്രാധാന്യം ആർക്കും ബോധ്യമായിരുന്നില്ല. എന്നാൽ മലയാള വിദ്യാഭ്യാസം സാർവ്വത്രികമാവുകയും കൂടുതൽ പേരെഴുതുവാനും വായിക്കുവാനും തുടങ്ങിയതോടെ പുതിയ ഒരു ജനസമൂഹത്തെ ലക്ഷ്യമാക്കി പത്രമാസികകൾ രൂപംകൊണ്ടു. ഈക്കാലയളവിൽ മലബാറിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ട ആദ്യകാല മാസികകളിൽ സംസ്കൃതത്തിന്റെ` സ്വാധീനം കുറവായിരുന്നെങ്കിലും ജ്ഞാനനിക്ഷേപത്തിലെ ഭാഷാപണ്ഡിതരുടെ താൽപര്യങ്ങളോട് അടുത്തുനിന്നു. ഇവയുടെ മുഖ്യലക്ഷ്യം മതപരമായിരുന്നു ഈ ഭാഷ പാതിരിമലയാളം എന്നറിയപ്പെട്ടു.

പത്തൊമ്പതാം നൂറ്റാണ്ടിലെ അവസാനം കേരളചന്ദ്രിക, കേരളമിത്രം എന്നീ പത്രങ്ങളിലൂടെ മലയാളഗദ്യത്തിന് കൂടുതൽ അയവുണ്ടായി. അതോടെ ഭാഷാഗദ്യത്തിന്റെ പ്രായോഗികക്ഷമത വർദ്ധിച്ചു. ഇത്തരം പത്രങ്ങളിലെ വിമർശനവും വിവിധ വിഷയങ്ങളിലെ ഉപന്യാസങ്ങളും മലയാളഗദ്യത്തിന്റെ ശക്തി വർധിപ്പിച്ചു.

### വിദ്യാവിലാസിനി

മലയാളത്തിലെ ആദ്യസാഹിത്യമാസിക. തിരുവിതാംകൂറിലെ വിദ്യാഭ്യാസവകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം. 1881-ൽ തിരുവനന്തപുരത്ത് നിന്ന് ആരംഭിച്ച വിദ്യാവിലാസിനിയിലാണ് കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ ശാകുന്തളം തർജ്ജമ പ്രസിദ്ധീകരിച്ചത്. വിദ്യാവിലാസിനി എന്ന പേരിൽ മൂന്നു മാസികകൾ ഉണ്ടായിരുന്നു എന്ന് ഭാഷാപോഷണയത്നങ്ങൾ എന്ന ലേഖനത്തിൽ ഡോ. ജി. ഹേമലതാദേവി പ്രസ്താവിക്കുന്നു.

1. തിരുവനന്തപുരം കേരളോദയം പ്രസ്സിൽ നിന്നും 1056 മീനമാസത്തിൽ ഒന്നാമത്തെ വിദ്യാവിലാസിനി.

2. 1073 (1897ൽ) കൊല്ലത്തുനിന്ന് വിളയത്ത് കൃഷ്ണനാശാന്റെ പത്രാധിപത്യത്തിൽ രണ്ടാമത്തേത്.

3. 1077 (1902) മീനം മുതൽ കൊല്ലത്തുനിന്നും അതേ പേരിൽ പ്രസിദ്ധീകരിച്ചു.


ISSN: 2582 - 2594

ഒന്നാമത്തെ വിദ്യാവിലാസിനിയിൽ ഭാഷാചരിത്രം, മൃഗചരിത്രം, ഭൂമിശാസ്ത്രം, പ്രസിദ്ധ വ്യക്തികളുടെ ചരിത്രം, പ്രാദേശികവിഷയങ്ങൾ, സന്മാർഗ്ഗകഥകൾ, പള്ളിക്കൂടനിയമങ്ങൾ, കൃഷിശാസ്ത്രം, വാണിജ്യം, ആരോഗ്യശാസ്ത്രം, വൃക്ഷശാസ്ത്രം, യന്ത്രശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ ഇംഗ്ലീഷ് പുസ്തകങ്ങളുടെ പരിഭാഷയിൽനിന്നും ഇതരപുസ്തകങ്ങളിൽ നിന്നും ഉദ്ധരിച്ചു ചേർത്തിരിക്കുന്നു. രാഷ്ട്രീയചർച്ചകൾ ഒഴിവാക്കി.

ആദ്യമലയാള ചെറുകഥയിൽപ്പെടുന്ന "ഒരു കല്ലൻ" എന്ന കഥ വിദ്യാവിലാസിനിയിൽ പ്രസിദ്ധീകരിച്ചിരുന്നു. മൂന്നാം ലക്കം മുതൽ കേരളവർമ്മയുടെ അഭിജ്ഞാനശാകുന്തളം പരിഭാഷ ഈ മാസികയിൽ പ്രസിദ്ധം ചെയ്തിരുന്നു. 14 ലക്ഷങ്ങളിൽ ആയാണ് ഇത് ഉണ്ടായിരുന്നത്. ശ്രീ വിശാഖം തിരുനാൾ നിരവധി ലേഖനങ്ങൾ മലയാളത്തിൽ തർജ്ജമ ചെയ്ത് ഈ മാസികയിൽ പ്രസിദ്ധം ചെയ്തു.

വിദ്യാവിലാസിനിയിൽ പ്രസിദ്ധീകരിച്ച മഹാന്മാരുടെ ജീവചരിത്ര തർജ്ജമ മഹച്ചരിതസംഗ്രഹം എന്ന പേരിൽ മലയാളം പള്ളിക്കൂടങ്ങളിൽ പാഠപുസ്തകമായി.

ബാലപാഠാമൃതം എന്ന വ്യാകരണ ഗ്രന്ഥങ്ങളിലെ ആദ്യഭാഗങ്ങൾ വിദ്യാവിലാസിനിയിൽ ഉണ്ട്. പാണനീയസിദ്ധാന്തങ്ങൾ പദ്യരൂപത്തിൽ ഈ കൃതിയിൽ ആവിഷ്കരിച്ചിരുന്നു.

ചെറുകഥ, ജീവചരിത്രം, സംസ്കൃത നാടകങ്ങളുടെ പരിഭാഷ, സംസ്കൃതശാസ്ത്രഗ്രന്ഥങ്ങളുടെ തർജ്ജമ, ഭാഷാ സാഹിത്യചരിത്രം തുടങ്ങി ഒട്ടുമിക്ക സാഹിത്യരൂപങ്ങളുടെയും ആദ്യരൂപങ്ങളെ അവതരിപ്പിക്കാനും എഴുത്തുകാരെ പ്രചോദിപ്പിക്കാനും വിദ്യാവിലാസിനിക്ക് കഴിഞ്ഞു. പാഠപുസ്തകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ച മാസികയാണിത്. പത്രങ്ങളുടെയും മാസികളുടേയും വിദ്യാഭ്യാസപരമായ പ്രസക്തി വർദ്ധിച്ചുവരുന്ന കാലയളവാണത്. വൈജ്ഞാനിക വിഷയങ്ങൾക്ക് ഊന്നൽ.

മതപ്രചരണത്തിനായി ഏറത്ത് കൃഷ്ണൻ ആശാൻ 1073ൽ കൊല്ലത്ത് നിന്ന് പ്രസിദ്ധീകരിച്ച വിദ്യാവിലാസിനിയിൽ കുമാരനാശാന്റെ ഒട്ടുമിക്ക ആദ്യകാല സ്തോത്രകൃതികൾ എല്ലാം പ്രസിദ്ധീകരിക്കപ്പെട്ടു. മൂന്നാമത്തെ വിദ്യാവിലാസിനിയിൽ കുമാരനാശാന്റെ ഭാഷ മേഘസന്ദേശം പ്രസിദ്ധീകരിച്ചു. ഗോവിന്ദപിള്ളയുടെ ഭാഷാചരിത്രം ഏതാനും ഭാഗങ്ങൾ വെളുത്തേരി കേശവൻ വൈദ്യന്റെ അർത്ഥാലങ്കാരമണിപ്രവാളം എന്നിവ ആദ്യം പ്രകാശിതമായത് ഈ മാസികയിലാണ്.

തിരുവിതാംകൂറിലെ വിദ്യാഭ്യാസവകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം. 1834-ൽ സർക്കാർ മുന്നോട്ടുവന്നത് മഹാരാജാവ് ഫ്രീസ്കൂൾ ആരംഭിച്ചതോടെയാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസരംഗത്തും ഭാഷാപഠനരംഗത്തും പുതിയ മുന്നേറ്റമായിരുന്നു അത്. 1864-ലാണ് പാഠപുസ്തകമായി രൂപീകരിച്ചത്. 1866-ൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ പാഠപുസ്തകകമ്മിറ്റിയുടെ അധ്യക്ഷപദം ഏറ്റെടുത്തതോടെ പാഠപുസ്തകങ്ങളുടെ കുറവ് പരിഹരിക്കപ്പെടുന്നതിനായി ആരംഭിച്ച മാസ്കയാണ് വിദ്യാവിലാസിനി.

പത്രങ്ങളുടെയും മാസികയുടെയും വിദ്യാഭ്യാസപരമായ പ്രസക്തി വർദ്ധിച്ചുവരുന്ന കാലമാണത്. വൈജ്ഞാനികവിഷയങ്ങൾക്ക് ഊന്നൽ, ഇംഗ്ലീഷ് ഭാഷവിവർത്തനങ്ങളും പുസ്തകങ്ങളിൽ നിന്നുള്ള ഉദ്ധരണികളും ഈ പുസ്തകത്തിലെ ലേഖനങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു

രാഷ്ട്രീയ ചർച്ചകൾ ഒഴിവാക്കി.

പി ഗോവിന്ദപ്പിള്ളയുടെ ഭാഷാചരിത്രം ഏതാനും ഭാഗങ്ങൾ, കേരളവർമ്മയുടെ ശാകുന്തളം വിവർത്തനം, വെളുത്തേരിക്കേശവൻ വൈദ്യന്റെ അർത്ഥാലങ്കാരമണിപ്രവാളം എന്നിവ ആദ്യം പ്രകാശിതമായത് ഈ മാസികയിലാണ്.

ചെങ്കുളത്ത് കുഞ്ഞിരാമമേനോൻ ആരംഭിച്ച പ്രതിവാദ പത്രമാണ് കേരളപത്രിക. കോഴിക്കോട് വിദ്യാവിലാസം പ്രസ്സിൽനിന്നാണ് ഇത് ആരംഭിച്ചത്. സാഹിത്യപരമായ വാഗ്വാദങ്ങൾ ആദ്യം രൂപപ്പെട്ടത് ഈ മാസികയിലാണ്. ഉപന്യാസം, വിമർശനം, ഖണ്ഡകവിത തുടങ്ങിയ പുതിയ സാഹിത്യരൂപങ്ങൾ ഈ പത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു.

1866-ൽ ആരംഭിച്ച "മലയാളി"യും "കേരളസഞ്ചാരി"യും ഇക്കാലയളവിലെ പ്രമുഖ പത്രങ്ങളാണ്. മലയാളി രാഷ്ട്രീയ-സാമുദായികവിഷയങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചു. മലയാളിയുടെ പത്രാധിപർ രാമൻപിള്ള ആശാനായിരുന്നു. ഈ പത്രത്തിന്റെ പിന്നീടുള്ള ചുമതലകൾ ഏറ്റെടുത്തത് സി.വി.രാമൻപിള്ളയായിരുന്നു. ഇതോടെ ഈ പത്രത്തിന്റെ ഓജസ്സും കരുത്തും വർദ്ധിച്ചു.

1886-ൽ ആവിർഭവിച്ച "കേരളീയ സുഗുണബോധിനി" എന്ന മാസിക കേരളീയ സ്ത്രീജനങ്ങളെ മാത്രം ഉദ്ദേശിച്ച് പ്രസിദ്ധീകരിച്ചതായിരുന്നു ഇതിന്റെ പ്രസിദ്ധീകരണം നഗരത്തിൽ നിന്നാണ്. 1887-ൽ നസ്രാണി ദീപിക, നസ്രാണി ജനമൈത്രി സംഘം എന്ന സംഘടനയുടെ ആഭിമുഖ്യത്തിൽ കോട്ടയത്തുനിന്നും പുറപ്പെട്ടു.

**വിദ്യാവിനോദിനി**

1889-ൽ തൃശ്ശൂരിൽനിന്നും ആരംഭിച്ച മാസിക പഴയഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യാൻ മാസികയുടെ ഒരു ഭാഗം നീക്കിവെച്ചിരുന്നു. ആദ്യഭാഗത്ത് നാനാവിധപ്രബന്ധങ്ങളും ചെറിയ കവിതകളും കഥകളും പുസ്തകവിമർശനവും ചേർത്തിട്ടുണ്ട്. അമ്പാടി നാരായണപ്പൊതുവാൾ, സി. എസ്. ഗോപാലപ്പണിക്കർ തുടങ്ങിയ ആദികാല പ്രമുഖ കഥാകൃത്തുക്കളുടെ കഥകളും ലേഖനങ്ങളും ഇതിൽ ഉൾപ്പെടുത്തി.

ഇംഗ്ലീഷ് വിദ്യാഭ്യാസവും അതിൽനിന്നും നേടിയ നൂതന അറിവുകളും സംസ്കൃത ഭാഷയിലെ കൃതികളും വിദ്യാവിനോദിനിയിലൂടെ അവതരിപ്പിക്കപ്പെട്ടു. ഗദ്യമാലിക (ഉപന്യാസസമാഹാരം) കേസരി (സമാഹാരഗ്രന്ഥം) തുടങ്ങിയ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. വിദ്യാവിനോദിനിയിൽ വന്ന ഉപന്യാസങ്ങളിൽ ഏറ്റവും ശ്രദ്ധ നേടിയത് കേസരിയുടെ ആഖ്യായിക അല്ലെങ്കിൽ നോവൽ പ്രബന്ധമാണ്.

മലയാളത്തിലെ ആദ്യസാഹിത്യമാസിക കൊച്ചി അഭിവൃദ്ധിനിസഭ, സി.പി.അച്യുതമേനോന്റെ ഉടമസ്ഥതയിൽ, പത്രാധിപത്യത്തിൽ തൃശ്ശൂരിൽ നിന്നും 1889 മുതൽ കേരളകൽപ്പദ്രുമം അച്ചുകൂട്ടത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. മാനേജർ വി. സുന്ദരയ്യർ ആന്റ് സൺസ് ആയിരുന്നു. ഒരു വർഷം ഭാഷാപോഷിണി സഭ വകയായി ഇത് പ്രസിദ്ധീകരിച്ചു. വിജ്ഞാന ഗ്രന്ഥങ്ങളുടെ പ്രചാരണം, ഭാഷാപരിഷ്കരണം, പ്രാചീനവും നവീനവുമായ ഗ്രന്ഥങ്ങളുടെ പ്രകാശനം എന്നിവ ലക്ഷ്യം. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിച്ചിരുന്ന സമയത്ത് വിജ്ഞാനം എല്ലാവർക്കും മനസ്സിലാക്കുവാനും ലളിതമായ ഗദ്യത്തിലോ പദ്യത്തിലോ എഴുതുവാനും ഈ മാസിക


ISSN: 2582 - 2594

ആഹ്വാനം ചെയ്യുന്നു.

ആദ്യ ഗദ്യസമാഹാരമായ ഗദ്യമാലികയിലേക്ക് പ്രബന്ധങ്ങൾ സംഭാവന ചെയ്യുവാനും ഇതിന് കഴിഞ്ഞു. ഭാഷയുടെ സാഹിത്യ പരിഷ്കരണത്തിനും പ്രാചീന, നവീന ഗ്രന്ഥപ്രകാശനത്തിനും മാസിക പ്രാധാന്യം നൽകി.

അച്യുതമേനോന്റെ നിരൂപണ പ്രബന്ധങ്ങൾ ഈ മാസികയെ ശ്രദ്ധേയമാക്കി. പാശ്ചാത്യ സിദ്ധാന്തങ്ങൾ ഈ മാസികയിൽ പ്രത്യക്ഷപ്പെട്ടു. മാസികയുടെ വിവിധ പംക്തികളിൽ ഭിന്നമായ അഭിരുചികൾ പ്രത്യക്ഷപ്പെടുകയും പുതിയ കാഴ്ചപ്പാടുകൾ രൂപപ്പെടുകയും ചെയ്തു. കാവ്യങ്ങൾക്കും നോവലുകൾക്കും നാടകങ്ങൾക്കും ചെറുകഥകൾക്കും പ്രമുഖസ്ഥാനം നൽകിയിരുന്നു. തുപ്പൽകോളാമ്പി, നല്ലഭാഷ, ലക്ഷണസംഗം (കുഞ്ഞിക്കുട്ടൻ തമ്പുരാൻ), മയൂരസന്ദേശം (ഉത്തരഭാഗം), അന്യാപദേശശതകം (കേരളവർമ്മ), മലയാളവിലാസം (ഏ.ആർ), നിരവധി പ്രമുഖരുടെ കുമാരസംഭവം (വി.വി) തുടങ്ങിയവ ഈ മാസികയിൽ പ്രകാശിതമായി. മലയാളഭാഷാഗദ്യം ഐകരൂപ്യം പ്രാപിക്കുന്നതിനും സർഗ്ഗാത്മകകൃതികൾ പ്രകാശനം ചെയ്യുന്നതിനും സാഹിത്യനിരൂപണത്തിനും മികച്ച സംഭാവന നൽകി.

**മലയാളി**

മലയാളസഭയുടെ ആഭിമുഖ്യത്തിൽ ഒരു മാസികയായി പുറത്തിറങ്ങിയ പത്രമാണ് മലയാളി. പേട്ടയിൽ രാമൻപിള്ള ആശാനാണ് ആദ്യകാല പത്രാധിപർ. പിന്നീട് സി.വി. രാമൻപിള്ള അതേറ്റെടുത്തു. വിവാഹബിൽ, ജന്മികുടിയാൻ പ്രശ്നം തുടങ്ങിയവ പത്രത്തിന് വിഷയങ്ങളായി. ഏതാനും വർഷങ്ങൾക്കുശേഷം കൊല്ലം തങ്കശ്ശേരിയിൽനിന്ന് പ്രതിവാര പത്രമായി മലയാളി പ്രസിദ്ധീകരിച്ചു തുടങ്ങി. ഈ ഘട്ടത്തിൽ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പത്രാധിപരായി. കെ വേലുപിള്ളയും പത്രാധിപത്യം വഹിച്ചിട്ടുണ്ട്.

ദമനൻ എന്ന തൂലികാനാമത്തിൽ കലികാല വൈഭവം എന്ന ലേഖന പരമ്പര പി.കെ. നാരായണപിള്ള എഴുതിവന്നത് ഈ കാലയളവിലാണ്. ഫലിതപരിഹാസങ്ങളെ ഉൾപ്പെടുത്തി വിമർശനരൂപത്തിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് കൂടുതൽ പ്രചാരമുണ്ടായി. മലയാളി മെമ്മോറിയലുമായി ബന്ധപ്പെട്ട് ഈഴവർ, ക്രിസ്ത്യാനികൾ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ ഒപ്പിട്ട ഭീമാഹർജിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഈ പത്രം നിർവഹിച്ചിരുന്നു.

**മലയാള മനോരമ (1890)**

മലയാളകാവ്യലോകത്തിന് പുതിയ ഉന്മേഷം പകർന്ന വാരിക. കണ്ടത്തിൽ വർഗീസ് മാപ്പിള മലയാള മനോരമ അച്ചുകൂട്ടത്തിൽനിന്ന് അച്ചടിച്ച കവിതാപംക്തിയാണ് കവിതകൾക്ക് പ്രചോദനമായത്. ഒറ്റശ്ലോകങ്ങൾ, മംഗളശ്ലോകങ്ങൾ, ഭാഷാന്തരശ്ലോകങ്ങൾ, സമസ്യാപൂരണങ്ങൾ എന്നിവയാണ് ആ പംക്തിയിൽ കൈകാര്യം ചെയ്തിരുന്നത്. പദ്യരൂപത്തിലെ കത്തുകൾ ഇതിൽ പ്രകാശിപ്പിച്ചിരുന്നു. കവിതാപംക്തി ഒരു വിനോദോപാധിയായി മാത്രമായിരുന്നു.

പ്രാസഭ്രമത്തെ കളിയാക്കിക്കൊണ്ട് മലയാളമനോരമയിൽ ആരംഭിച്ച പ്രാസവാദമാണ് പിന്നീട് ദ്വിതിയാക്ഷരപ്രാസവാദമായി വളർന്നത്. ഇത് സാഹിത്യ വിവാദങ്ങൾക്ക് കളമൊരുക്കി. കവിതാപംക്തി, സാമൂഹിക പ്രശ്നങ്ങൾ, പൊതുവിജ്ഞാനം, ലേഖനങ്ങൾ, മറ്റു വാർത്തകൾ

എന്നിവയും മലയാളമനോരമയിൽ അച്ചടിച്ചിരുന്നു.

**ഭാഷാപോഷിണിസഭയും മാസികയും**

1891 ആഗസ്റ്റ് 29-ാം തീയതി കോട്ടയത്ത് മനോരമ ഓഫീസിൽ കൂടിയ യോഗം കവിസമാജം എന്ന സംഘടനയ്ക്ക് രൂപംകൊടുത്തു. കേരളത്തിന്റെ വിവിധഭാഗങ്ങളിൽ സാഹിത്യരചന നടത്തുന്ന കവികൾ, പണ്ഡിതന്മാർ എന്നിവരെ പരസ്പരം പരിചയപ്പെടുത്തി ഭാഷയുടെ വിവിധപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ഭാഷാപോഷണം മാർഗ്ഗങ്ങൾ ആരായുകയുമാണ് ഇതിന്റെ ലക്ഷ്യങ്ങൾ. തുടർന്ന് സമാജത്തിന്റെ പേര് ഭാഷാപോഷിണിസഭ എന്നാക്കി മാറ്റി. സ്ഥിരം അധ്യക്ഷനായി കേരളവർമ്മ വലിയകോയിത്തമ്പുരാനെയും സ്ഥിരം കാര്യദർശിയായി കണ്ടത്തിൽ വർഗീസ് മാപ്പിളയെയും യോഗം നിശ്ചയിച്ചു. കേരളത്തിൽ ആരംഭിച്ച സാഹിത്യസംഘടനയാണിത്. ഇതിന്റെ മുഖ്യപത്രമാണ് ഭാഷാപോഷിണിസഭ.

ഇതിന് മൂന്ന് ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു. ഭാഷയിൽ പദ്യത്തിനും ഗദ്യത്തിനും സർവ്വാതികമായ ഐക്യരൂപം വരുത്തൽ, ഉത്തമ രീതിയിൽ ഉപയോഗത്തിലുള്ള ഗദ്യകൃതികൾ നടപ്പിലാക്കൽ, പഴയ ഗ്രന്ഥങ്ങൾ ശേഖരിച്ച് സൂക്ഷിക്കൽ എന്നീ കർമ്മപരിപാടികൾ തുടങ്ങിയവ ആസൂത്രണം ചെയ്തു. ഭാഷാപരിഷ്കാരത്തിന് പ്രസംഗങ്ങൾ സംഘടിപ്പിക്കുകയും പുതിയ പുസ്തകങ്ങൾക്ക് സമ്മാനം നൽകുകയും അവവേണ്ടവിധത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്യുക, വിദ്യാലയങ്ങൾ, വൃത്താന്തപത്രങ്ങൾ എന്നിവ നല്ല രീതിയിൽ നടത്തുക എന്നിവയാണ് കർമ്മപരിപാടികൾ. ഭാഷാസാഹിത്യപോഷണത്തിന് ആസൂത്രിതവും സംഘടിതവും ശക്തവുമായ ഒരു യജ്ഞം ഇതിലൂടെ ആരംഭിച്ചു.

ഭാഷയുടെ ഐകരൂപ്യത്തിനായി ഭാഷയെ മാനകീകരിക്കാനുള്ള ശ്രമങ്ങൾ പത്രമാധ്യമങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നടന്നിട്ടുണ്ട്. വടക്കൻ കേരളത്തിലെ രചനകൾ തെക്കൻ കേരളീയരുടെ പത്രമാസികകളും തെക്കൻ കേരളത്തിലെ രചനകൾ വടക്കൻ കേരളത്തിൽ നടന്നിട്ടുണ്ട്. അതുപോലെ ചരിത്രം, ശാസ്ത്രം, പ്രബന്ധങ്ങൾ, പദ്യം, വ്യാകരണം, നിഘണ്ടു, പാഠക്രമപ്പുസ്തകങ്ങൾ എന്നിങ്ങനെ എട്ടുവിഭാഗങ്ങളിൽ ഗ്രന്ഥങ്ങൾ രചിക്കുന്നതിനായി എട്ടുഉപസംഘക്കാരെ തിരഞ്ഞെടുത്തുച്ചുമതലപ്പെടുത്തി. മലയാളഭാഷയുടെ വൈജ്ഞാനികശാഖയ്ക്ക് ഒരു മുതൽക്കൂട്ട് എന്ന നിലയിൽ നിരവധി വിവർത്തനങ്ങളും അനുകരണങ്ങളുമുണ്ടായി. ഭാഷാപോഷിണി മാസികയിൽ അവ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രാചീനകൃതികൾ പണ്ഡിതന്മാരെ കൊണ്ട് പരിശോധിച്ച് ശുദ്ധപാഠം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. നശിച്ചുകൊണ്ടിരുന്ന നിരവധി കൃതികൾ അങ്ങനെ വെളിച്ചം കണ്ടു. "മലയാളത്തിലെ ഗ്രന്ഥ ദാരിദ്ര്യം ഒട്ടൊക്കെ പരിഹരിക്കാനും നമ്മുടെ സാഹിത്യപാരമ്പര്യത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനും ഇതിലൂടെ കഴിഞ്ഞു".[5]

മഹാകാവ്യം, ലഘുകവിത, ചെറുകഥ, നോവൽ, പ്രസ്ഥാനത്തിൽപ്പെടുന്ന വിവർത്തനങ്ങൾ ഇക്കാലത്ത് രൂപപ്പെട്ടു. ടാഗോറിന്റെ ഗീതാഞ്ജലിയുടെ വിവർത്തനം, കേരളയുടെ മയൂരസന്ദേശത്തിന്റെ വിവർത്തനം, മിൽട്ടന്റെ പാരഡൈസ് ലോസ്റ്റിന്റെ വിവർത്തനം (പറുദീസപാനം), മാത്യു അർനോഡിന്റെ Sohrab and Rustum (സൗരഭനും രാഷ്ടനും) തുടങ്ങിയവ ഭാഷാപോഷിണിയിൽ പ്രകാശിതമായി.

 ISSN: 2582 - 2594

**ചെറുകഥകൾ**

**കാസ്സിയുടെ ചെരുപ്പ് (1902)**

അന്യഥാചിന്തിതം കാര്യം ദൈവമന്യതയെ ചിന്തയേൽ (1896) മൂർക്കോത്ത് കുമാരൻ, ഒരു സന്യാസിയുടെ പ്രവചനം (1921) തുടങ്ങിയ കഥകൾ പ്രസിദ്ധീകൃതമായി. കുമാരന്റെ ലോകാപവാദം എന്ന നോവൽ, സി അന്തപ്പായിയുടെ മാലതീമാധവം (1901), സി.എസ്. സുബ്രഹ്മണ്യൻ പോറ്റിയുടെ ചമ്പകമാല, ദുർഗേശനന്ദിനി (പരിഭാഷ) തുടങ്ങിയവ ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ചു.

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഗംഗാവതരണം എ ആറിന്റെ കേരളപാണിനീയത്തിന്റെ ആദ്യ പതിപ്പിന് എം. ശേഷഗിരി പ്രഭുവിന്റെ വിമർശനാത്മകപഠനം തുടങ്ങിയവ പ്രസിദ്ധീകരിച്ചവയിൽ പ്രധാനപ്പെട്ടവയാണ്. പ്രാസവാദത്തിന്റെ രണ്ടാം ഘട്ടത്തിന് വേദിയൊരുക്കിയതും ഈ മാസികയാണ്. ഇടയ്ക്ക് മുടങ്ങിയെങ്കിലും 1977-ൽ ഒരു ദ്വൈമാസികയായി പുനരാരംഭിച്ചു. ഇന്നും മാസികയായി ഇത് പ്രസിദ്ധീകരിച്ചുവരുന്നു.

**സുജനനന്ദിനി**

ഭാഷാപോഷിണിക്ക് സമാന്തരമായി പ്രവർത്തിച്ചുവരുന്ന മാസിക. പരവൂർ കേശവൻ ആശാന്റെ നേതൃത്വത്തിൽ കേരളഭൂഷണക്കമ്പനി എന്നൊരു കമ്പനി രജിസ്റ്റർ ചെയ്ത് അതിന്റെ വകയായിട്ടാണ് സുജനനന്ദിനി പ്രസിദ്ധീകരിച്ചത്. ഈഴവ സമുദായത്തിന്റെ പുരോഗതി ലക്ഷ്യം. കവിരാമായണയുദ്ധം, പണിക്കർവാദം തുടങ്ങിയ സാഹിത്യ സമരങ്ങൾക്ക് വേദിയായത് ഈ പത്രമാണ്.

**കവനോദയം**

1890-ൽസ്ഥാപിച്ച ജനരഞ്ജിനി അച്ചുകൂട്ടത്തിൽ നിന്നും കെ.സി. നാരായണൻ നമ്പ്യാരുടെ പത്രാധിപത്യത്തിൽ ജനരഞ്ജിനി മാസികയുടെ തുടർച്ചയായി പുറത്തുവന്ന മാസികയാണ് കവനോദയം. പ്രാചീനവും പ്രാചീനമല്ലാതായവയുടേതുമായ ഭാഷാകൃതികളുടെ പ്രസിദ്ധീകരണം ആയിരുന്നു ലക്ഷ്യം. പ്രാചീനകൃതികളും നവീനകൃതികളും അത്തരത്തിൽ പ്രസിദ്ധപ്പെടുത്തി. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ആസന്ന മരണ ചിന്ത (1895) പ്രസിദ്ധീകരണങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

## ആനുകാലികങ്ങളും വിദ്യാഭ്യാസരംഗവും

വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടിയും പത്രമാസികൾക്ക് പ്രവർത്തിക്കേണ്ടി വന്നിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഒരു പുതിയ തലമുറയെ പ്രതിചോധിപ്പിക്കാൻ വിദ്യാവിലാസിനിക്കു കഴിഞ്ഞു.

1900 മുതൽ കെ.രാമകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ തിരുവനന്തപുരത്തെ കേരളോദയം പ്രസ്സിൽ നിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്ന വിദ്യാഭ്യാസന്റെ മാസികയാണ് ഉപാധ്യായൻ (The Teacher). നവീന വിദ്യാഭ്യാസത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുക ലക്ഷ്യം. പൊതു വിദ്യാഭ്യാസം, വ്യാകരണപാഠങ്ങൾ, വിദ്യാഭ്യാസവാർത്തകൾ, ഗണിത പാഠങ്ങൾ,

ചരിത്രപാഠങ്ങൾ, സാധനപാഠങ്ങൾ എന്നിവ ഈ പത്രം കൈകാര്യം ചെയ്തിരുന്നു. നിരവധി വിദ്യാഭ്യാസ വിചക്ഷണർ, ഭാഷാപണ്ഡിതന്മാർ എന്നിവർ ഉൾപ്പെട്ടതാണ് ഇതിലെ ലേഖകർ. ഗദ്യഭാഷയുടെ ക്രമാനുഗതമായ വികാസമാണ് ഇതിലൂടെ സാധ്യമായത്. "ഇംഗ്ലീഷ് വിദ്യാഭ്യാസരീതിയിൽ ആധുനിക നാട്ടുഭാഷാ വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുന്നതിനും പത്രമാസികൾ സഹായകമായി വർത്തിച്ചു."[6]

**സാമുദായിക പത്രമാസികകൾ**

എസ്.എൻ.ഡി.പി.യുടെ വിവേകോദയം, മിതവാദി, സാധുജന പരിപാലിനി സഭയുടെ സാധുജന പരിപാലിനി, അരയസമുദായത്തിന്റെ വേദവ്യാസൻ, അരയൻ, സത്യവതി, നായർ, ജന്മി, നായർ സാമുദായിക പരിഷ്കാരി, ഉണ്ണി നമ്പൂതിരി, വക്കം അബ്ദുൽ ഖാദർ മൗലവിയുടെ മുസ്ലിം, അൽ ഇസ്ലാം, ദീപിക തുടങ്ങിയ മാസികകൾക്ക് സാമൂഹികപ്രവർത്തനം പ്രധാന ലക്ഷ്യം. ഓരോ സമുദായത്തിലെയും എഴുത്തുകാരുടെ രചനകൾ പ്രസിദ്ധീകരിക്കുകയാണ് പ്രധാന ഉദ്ദേശ്യം.

ഭാരതി, ഭാഷാകൗമുദി, വിജ്ഞാനമഞ്ജരി, ഭാഷാവിലാസം തുടങ്ങിയ മാസികകൾ പാഠപുസ്തകങ്ങളിലെ ചോദ്യോത്തരങ്ങൾ അടിസ്ഥാനമാക്കി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുത്തുന്ന വിധത്തിൽ സംവിധാനം ചെയ്തിരുന്നു.

**വൈജ്ഞാനിക മാസികകൾ**

ലക്ഷ്മിവിലാസം മാസിക (ധനതത്വശാസ്ത്രം, 1905), കൃഷിക്കാരൻ (കൃഷിശാസ്ത്രം, 1909), തിരുവിതാംകൂർ കർഷക മാസിക (1913), വ്യവഹാര ചിന്താമണി (നിയമം 1910), ധന്വന്തരി (വൈദ്യം, 1902), വൈദ്യദീപിക ചരിത്രമാസിക (ചരിത്രവിഭാഗം, 1914), കേരളീയ വ്യവസായിക മിത്രം (വ്യവസായം,1917) തുടങ്ങിയ വൈജ്ഞാനിക മാസികകൾ പ്രധാനപ്പെട്ടവയാണ്.

**വനിതാ മാസികകൾ**

സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയ കാലയളവാണിത്. 1886ൽ തിരുവനന്തപുരത്ത് നിന്നും കേരളവർമ്മ കെ ചിദംബര വാദ്യർ, എൻ. സി. നാരായണപിള്ള എന്നിവരുടെ നേതൃത്വത്തിൽ കേരളീയ സുഗുണബോധിനി പ്രസിദ്ധീകരിച്ചുവന്നു. എന്നാൽ പത്രനായകരും ലേഖകരും പുരുഷന്മാരായിരുന്നു. സ്ത്രീവിദ്യാഭ്യാസം, സാമൂഹിക പുരോഗതി എന്നിവ ലക്ഷ്യം. ഇരുപതാം നൂറ്റാണ്ട് ആയപ്പോഴേക്കും നിരവധി സ്ത്രീകൾ പത്രാധിപരായും ലേഖകരായും മുന്നോട്ട് വന്നു. ഇക്കാലയളവിൽ തൃശ്ശൂരിൽ 1905-ൽ പുറത്തുവന്ന മാസികയാണ് ലക്ഷ്മിഭായ്.

1905 ൽ തൃശ്ശൂരിൽ നിന്നും ടി ബി കല്ല്യാണിയമ്മയുടെയും ടി സി കല്ല്യാണിയമ്മയുടെയും പത്രാധിപത്യത്തിൽ ആരംഭിച്ച ശാരദ എന്ന മാനസിക സ്ത്രീകൾക്ക് വേണ്ടി സ്ത്രീകൾ പ്രസാധനം ചെയ്യപ്പെട്ട മാസികയാണ്. സ്ത്രീകൾ ആവശ്യം അറിഞ്ഞിരിക്കേണ്ട ഗൃഹഭരണം, ശിശുപാലനം, പരിസരശുചിത്വം തുടങ്ങിയവ ഈ മാസികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. മഹിളാരത്നം (1915), മഹിള (1921), വനിതാ മിത്രം, മുസ്ലിംവനിത, മഹിളാചന്ദ്രിക തുടങ്ങിയവ ഇക്കാലയളവിൽ പ്രസിദ്ധീകരിക്കപ്പെട്ട വനിതാമാസികകളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ്. ഇത് വനിതാഎഴുത്തുകാരെ മുന്നോട്ടുവരുന്നതിന് പ്രേരിപ്പിച്ചു.


ISSN: 2582 - 2594

### രാഷ്ട്രീയപത്രങ്ങൾ

സ്വദേശി മാസിക (1906 പട്ടാമ്പിയിലെ കുമാരനെല്ലൂർ കെ രാമൻ മേനോൻ ആരംഭിച്ചത്) ഇന്ത്യയിലുടനീളം കോളിളക്കം സൃഷ്ടിച്ച സ്വദേശി പ്രസ്ഥാനത്തിന്റെ ഫലമായിരുന്നു. 1884ൽ ആരംഭിച്ച കേരള പത്രിക ചെങ്കളത്ത് കുഞ്ഞിരാമമേനോൻ ആരംഭിച്ച പത്രമായിരുന്നു. (ദേശീയ പ്രസ്ഥാനമായി ബന്ധപ്പെട്ടത് 1923) കെ പി കേശവമേനോൻ മാതൃഭൂമി പത്രം ആരംഭിച്ചു. അതോടെ തിരുവിതാംകൂറിൽ ദേശീയപ്രസ്ഥാനം കൂടുതൽ ശക്തിപ്പെട്ടു.

1921 ആലപ്പുഴയിൽ നിന്ന് ആരംഭിച്ച വന്ദേമാതരം എന്ന പത്രവും ഇതേ സ്വഭാവം പുലർത്തുന്നു. ഇത്തരം പത്രങ്ങളിലൂടെ പ്രാദേശിക ഭരണകൂടത്തിനും പ്രശ്നങ്ങൾക്കുമെതിരെ പ്രതികരിച്ച മാസികകളും ഉദയംകൊണ്ടു. ഇ.എം.എസിന്റെ പത്രാധിപത്യത്തിൽ ഉദയംകൊണ്ട പ്രഭാതം (1934), ചിന്ത, ചന്ദ്രിക (1934, കോഴിക്കോട്ടുനിന്നും സി.വി. അബൂബേക്കർ പ്രസിദ്ധീകരിച്ചത്), നവജീവൻ(1940, സി. വി. കുഞ്ഞിരാമൻ), ദീനബന്ധു (1946, വി ആർ കൃഷ്ണനെഴുത്തച്ഛൻ), നവയുഗം (1957, കെ.ദാമോദരൻ), വീക്ഷണം (1978,ഡി.വിവേകാനന്ദൻ) എന്നീ രാഷ്ട്രീയപത്രങ്ങളും ഇക്കാലയളവിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു.

### സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള

കെ. രാമകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തു നിന്നും പുറത്തിറങ്ങിയ കേരളപഞ്ചിക (1901 ഏപ്രിൽ 22) 1899-ൽ കേരളദർപ്പണം തുടങ്ങിയവയിൽ തിരുവിതാംകൂർ പ്രതിനിധിസഭയിൽ ജനങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തിയ പത്രമാണ് കേരളപഞ്ചിക. അധികാരികളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് കെ. രാമകൃഷ്ണപിള്ളയ്ക്ക് പത്രാധിപസ്ഥാനം രാജിവെക്കേണ്ടി വന്നു. കേരളൻ (1905) എന്ന മാസിക ഇതേ ലക്ഷ്യത്തോടെ ആരംഭിച്ചു. കേരളൻ എന്ന തൂലികാനാമം സ്വീകരിച്ച് ധാരാളം രാഷ്ട്രീയ ലേഖനങ്ങൾ എഴുതുകയും ചെയ്തു. ഈ മാസികയിൽ our political box എന്ന പേരിൽ ഒരു പംക്തിയുണ്ടാക്കിയിരുന്നു. ഇംഗ്ലീഷ്ഭാഷയിൽ ആയിരുന്നു അത്.

സാമൂഹികരാജ്യസേവനങ്ങൾ ലക്ഷ്യമാക്കി വക്കം മുഹമ്മദ് അബ്ദുൽ ഖാദർ മൗലവി മാനേജിംഗ് എഡിറ്റർ ആയി ചിറയിൻകീഴ് പി. ഗോവിന്ദപിള്ള പത്രാധിപർ ആയി. 1905 ജനുവരി 19ന് സ്വദേശാഭിമാനി എന്ന പേരിൽ ഒരു പത്രം ആരംഭിച്ചു. 1906-ൽ രണ്ടാം പുസ്തകമായപ്പോഴാണ് രാമകൃഷ്ണപിള്ള പത്രാധിപത്യം സ്വീകരിക്കുന്നത്. ആ പത്രത്തിന്റെ മുദ്രാവാക്യം

"ഭയകൗടില്യലോഭങ്ങൾ
വളർക്കില്ലൊരു നാടിനെ"

എന്നതാണ്. തിരുവിതാംകൂറിലെ രാജകീയോദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെ അദ്ദേഹം നിരന്തരം എതിർത്തു. അന്ന് ദിവാനായിരുന്ന പി. രാജഗോപാലാചാരിയുടെ സദാചാരവിരുദ്ധമായ നടപടികളെ അധിക്ഷേപിച്ചതിന് 1910 സെപ്റ്റംബറിൽ രാമകൃഷ്ണപിള്ളയെ നാടുകടത്തി. 'ഗർഹ്യമായ നടത്ത' എന്നതായിരുന്നു ആമുഖപ്രസംഗം. അതോടെ പത്രം നിലച്ചു. 1905-ൽ കുറച്ചുകാലം കേരള ചിന്താമണി എന്ന പത്രത്തിലും പ്രവർത്തിച്ചിരുന്നു. പിന്നീട് വി. സി. ബാലകൃഷ്ണപ്പണിക്കർ ഇതിന്റെ പത്രാധിപത്യം ഏറ്റെടുത്തു. തുടർന്ന് 1910-ൽ വി.സി.

മലബാറി എന്ന പത്രത്തിന്റെ പത്രാധിപസ്ഥാനം ഏറ്റെടുത്തു. 1918-ൽ സമദർശിയിലൂടെ കേസരി എ. ബാലകൃഷ്ണപിള്ള പത്രപ്രവർത്തന രംഗത്ത് കടന്നുവന്നു. രാഷ്ട്രീയപ്രശ്നങ്ങൾക്കും സാഹിത്യത്തിനും, കവിത, ലേഖനം, ചെറുകഥ, ഗ്രന്ഥനിരൂപണം എന്നിവയ്ക്ക് പ്രാധാന്യം നൽകി. എന്നാൽ പ്രധാന ലക്ഷ്യം സാഹിത്യപോഷണമായിരുന്നില്ല.

ഹിന്ദുമതതത്ത്വത്തെ പ്രചരിപ്പിക്കുന്നതിന് പ്രസിദ്ധീകരിച്ചിരുന്ന ആര്യകേസരി (1901), ധർമ്മബോധിനി (1909), സദ്ഗുരു (1910), സനാതനധർമ്മം (1912), ഗുരുബോധിനി (1912), പ്രബുദ്ധകേരളം (1915) തുടങ്ങിയ മാസികകളും അക്കാലയളവിൽ ഉണ്ടായിരുന്നു.

**രസികരഞ്ജിനി**

കൊച്ചിരാമവർമ്മ അപ്പൻതമ്പുരാൻ രസികരഞ്ജിനിയുടെ ഉടമസ്ഥനും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ പത്രാധിപരുമായിരുന്നു. പ്രാചീന കേരളചരിത്രം, പ്രാചീനവും നവീനവുമായ കാവ്യങ്ങൾ, കഥ, നോവൽ, നാടകം, ശാസ്ത്രലേഖനങ്ങൾ തുടങ്ങിയവ പ്രധാനവിഷയങ്ങൾ. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ വിക്രമോർവശീയസാരം പരിഭാഷ (1904), നമ്പ്യാരുടെ കാലനില്ലാത്തകാലം (1905), ഉണ്ണുനീലി സന്ദേശം (1905) തുടങ്ങിയ പ്രാചീനകൃതികൾ പരിചയപ്പെടുത്തുകയും വി. സിയുടെ ഒരു വിലാപം (1903), കുണ്ടൂരിന്റെ കോമപ്പൻ, പാക്കനാർ (1904) തുടങ്ങിയവ അവതരിപ്പിക്കുകയും ചെയ്തു.

**മാതൃഭൂമി**

യഥാർത്ഥത്തിൽ ലോകസാഹിത്യത്തെ വായനക്കാർക്ക് കേസരി പരിചയപ്പെടുത്തിയത് മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെയാണ്. ആദ്യകാലത്ത് കവിതക്കായിരുന്നു പ്രാധാന്യം. യുവകവികളെയും ചെറുകഥാകാരന്മാരെയും നോവലിസ്റ്റുകളെയും അണിനിരത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സാഹിത്യപഠനവും നിരൂപണവും ഈ മാസികയുടെ പ്രത്യേകതയാണ്. പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ` പ്രവർത്തനങ്ങളിൽ പ്രധാന പങ്കു വഹിച്ചു. മാതൃഭൂമിയുടെ പത്രാധിപർ എന്ന നിലയിൽ എൻ. വി. കൃഷ്ണവാര്യരുടെ സംഭാവനകളും പ്രത്യേക പരാമർശം അർഹിക്കുന്നു.

**സാഹിത്യ പരിഷത്ത് ത്രൈമാസിക**

സാഹിത്യകാരന്മാർക്ക് ഒരു പൊതുവേദി സൃഷ്ടിക്കുന്നതിന് ഒരു സംഘടന എന്ന നിലയിൽ സമസ്ത കേരള സാഹിത്യ പരിഷത്തിന്റെ മുഖ്യപത്രമായി 1932 മുതൽ പ്രസിദ്ധീകരിച്ചു തുടങ്ങിയ പത്രമാണിത്. പിന്നീട് 1935 മുതൽ മഹാകവി ഉള്ളൂർ മുഖ്യ പത്രാധിപരായി. അദ്ദേഹം സ്ഥാനം ഒഴിഞ്ഞപ്പോൾ പി. ശങ്കരൻ നമ്പ്യാരും, ജി ശങ്കരക്കുറുപ്പും പത്രാധിപത്യം നിർവഹിച്ചു. ഇത് ദ്വൈമാസികയായ കാലഘട്ടത്തിലാണ്. ആദ്യകാലത്ത് മലയാളം, സംസ്കൃതം എന്നീ ഭാഷകളുടെ പ്രാചീന സാഹിത്യകൃതികളുടെ പഠനത്തിനും അപ്രകാശിത കൃതികളുടെ പ്രകാശനത്തിനും പ്രാധാന്യം നൽകി. ഉള്ളൂരിന്റെ പ്രബന്ധങ്ങൾ ഈ മാനസിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇരയിമ്മൻ തമ്പിയുടെ ചില ശ്ലോകങ്ങൾ മച്ചാട് ഇളയതിന്റെ ചില പാട്ടുകൾ രാമപാണിവാദന്റെ അംബരനദീശസ്തവം, സൂര്യാഷ്ടകം എന്നീ കൃതികളും ഇങ്ങനെ നിരവധി പ്രാചീന കൃതികളും ഈ മാസികയിലൂടെ വെളിച്ചം കണ്ടു. 1952-ൽ മാസികയായി മാറിയപ്പോൾ പുരോഗമന സാ

 ISSN: 2582 - 2594

ഹിത്യത്തിനും സാഹിത്യത്തിലെ നൂതന പ്രവണതകൾക്കും പ്രാധാന്യം നൽകി. വിമർശന വീഥി എന്ന പുസ്തകനിരൂപണപംക്തിആദ്യകാലംമുതൽക്ക് ഉണ്ടായിരുന്നു.

**സഹൃദയ**

ഒരു കൂട്ടം പണ്ഡിതന്മാരുടെ സഹൃദയസമാജം എന്ന സംഘടന 1935ൽ ആരംഭിച്ച മാസികയാണ് സഹൃദയ. ഭാഷാ ഗവേഷണം, ഗ്രന്ഥനിരൂപണം, മറ്റു ഗ്രന്ഥങ്ങളിലെ വിജ്ഞാനം ലഭ്യമാക്കൽ എന്നിവ ഈ മാസികയുടെ ലക്ഷ്യമാണ്. യൂണിവേഴ്സിറ്റി കോളേജിലെ മലയാളം ഓണർ പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്കുള്ള ഗ്രന്ഥങ്ങൾ ഉണ്ടാക്കിയത് ഈ പണ്ഡിതസമാജമാണ്. കുമാരനാശാന്റെ കരുണയെ കുറിച്ച് സാഹിത്യപഞ്ചാനൻ പി കെ നാരായണൻ പിള്ള എഴുതിയ 'കുചേലവൃത്തം വഞ്ചിപ്പാട്ടും അതിനുമുമ്പും പിമ്പും' എന്ന ലേഖനത്തിലെ പരാമർശം വിവാദങ്ങൾക്ക് വഴിതെളിച്ചിരുന്നു. ഈ മാസികയുടെ ആദ്യലക്കത്തിലെ ആദ്യ ലേഖനമാണിത്. അങ്ങനെ ഈ മാസിക ശ്രദ്ധിക്കപ്പെട്ടു. മറ്റൊരു വിവാദലേഖനമായ ഡോ. ഗോദവർമ്മയുടെ രാമപാണി വാദനും കുഞ്ചൻ നമ്പ്യാരും രണ്ടുപേർ തന്നെ എന്നതും ശ്രദ്ധിക്കപ്പെട്ടു. ഉണ്ണുനീലി സന്ദേശം വീരരാഘവപട്ടയം തുടങ്ങിയ വിഷയങ്ങളെ കുറിച്ചുള്ള ചർച്ചകൾ ശ്രദ്ധേയമായി.

പി. കെയുടെ ആത്മകഥയായ സ്മരണ മണ്ഡലവും (1936-37), കിമപികാവ്യം (1936-37) പ്രസിദ്ധീകരിക്കപ്പെട്ടത് ഈ മാസികയിലാണ്. കേവലം അഞ്ച് വർഷത്തെ ആയുസ്സാണ് ഈ മാസികയ്ക്കുണ്ടായിരുന്നത്.

**ചെറുകഥ മാസികകൾ**

1950കളിൽ രൂപപ്പെട്ട ചെറുകഥ എന്ന മാസിക, കഥാ മാലിക (1933), കഥ (1949, സി ജി തോമസ്), ഉലിക (1950), കൗമുദി (1950), 1950കളിൽ രൂപപ്പെട്ട ഭാഷാ ത്രൈമാസികം (പ്രാചീന കൃതികൾ താളിയോലകളിൽ നിന്നും പകർത്തി ശുദ്ധ പാഠം തയ്യാറാക്കി പ്രസിദ്ധീകരിക്കുക, പഠനങ്ങൾ തയ്യാറാക്കുക എന്നിവ ലക്ഷ്യം) എന്നിവ പ്രധാനപ്പെട്ടവയാണ്. ഭാഷ ത്രൈമാസിക, പ്രാചീനകൈരളി എന്ന പേരിൽ ഇന്നും പ്രസിദ്ധീകരിച്ചു വരുന്നു.

**കലാകൗമുദി**

1951ൽ ആനുകാലികങ്ങളുടെ പ്രവണത പുലർത്തുന്ന കലാകൗമുദി പ്രസിദ്ധീകരിക്കപ്പെട്ടു. കെ.സുകുമാരന്റെ പത്രാധിപത്യത്തിൽ തിരുവനന്തപുരത്ത് പേട്ടയിലെ കേരളകൗമുദി പത്രം ഓഫീസിൽ നിന്നുമാണ് ഇത് പുറപ്പെട്ടത്. ഇത് ഇന്നും പ്രസിദ്ധീകരിച്ചു വരുന്നു.

**ജനയുഗം**

1956ൽ കാമ്പിശ്ശേരി കരുണാകരന്റെ പത്രാധിപത്യത്തിൽ പുറത്തുവന്ന ഈ മാസിക ഇടതുപക്ഷ പുരോഗമന ചിന്താഗതി വച്ചുപുലർത്തുന്നു.

**സമാലോചന**

1960 കളിൽ ടി അരവിന്ദാക്ഷൻ പത്രാധിപത്യത്തിൽ ആരംഭിച്ച മാസിക.

**തിലകം**

1961 മുതൽ എറണാകുളത്തു നിന്നും ജി. ശങ്കരക്കുറുപ്പിന്റെ പത്രാധിപത്യത്തിൽ ആരംഭിച്ച മാസിക.

**മലബാർ മെയിൽ**

എറണാകുളം മാർലൂയിസ് മെമ്മോറിയൽ പ്രസ്സിൽ നിന്നും 1936 ജനവരി മുതൽ ആരംഭിച്ച ദിനപത്രം. സാഹിത്യം, ചരിത്രം, വിദ്യാഭ്യാസം, അർത്ഥശാസ്ത്രം, മനശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുള്ള നിരവധി പ്രബന്ധങ്ങൾ ഈ മാസിക വഴി അക്കാലത്ത് പുറത്തുവന്നുകൊണ്ടിരുന്നു. അവയുടെ സമാഹാരമാണ് ഗദ്യമാലിക.

**കവനകൗമുദി**

ഇക്കാലയളവിൽ പദ്യസാഹിത്യത്തിന് ക്ഷയം സംഭവിക്കാതിരിക്കാനാണ് 1904ൽ കവനകൗമുദിക്ക് ഒരു കൂട്ടം സാഹിത്യകുതുകികൾ ജന്മം നൽകിയത്. പുസ്തകാഭിപ്രായവും പരസ്യവും പദ്യത്തിലാണ് കൈകാര്യം ചെയ്തിരുന്നത്. കൊടുങ്ങല്ലൂർ കവികളാണ് ഏറെ പേരും. രുഗ്മാംഗദചരിതം, വിജയോദയം (പന്തളത്തു തമ്പുരാൻ), ഉമാകേരളം (ഉള്ളൂർ), ചിത്രയോഗം (വള്ളത്തോൾ) തുടങ്ങിയ കൃതികളുടെ ഭാഗങ്ങളും ലഘുകൃതികളും പ്രസിദ്ധീകരിച്ചത് ഇതിന്റെ താളുകളിലാണ്. കവിത ഒരു വിനോദോപാധി ആയിരുന്നെങ്കിലും പ്രഗല്ഭരും അപ്രഗല്ഭരുമായ മലയാളത്തിലെ കവികൾക്ക് ഏറെക്കാലം ഉന്മേഷം പകർന്ന ഒരു കവിത മാസികയാണ് കവനകൗമുദി. പദ്യം മാത്രം അച്ചടിച്ച വന്ന മാസികകളിൽ കവനകൗമുദിയെപ്പോലെ നിലനിൽപ്പുള്ള മറ്റു മാസികകൾ ഇല്ലെന്നുതന്നെപറയാം. കവനകൗമുദിയുടെ വാർഷികപ്പതിപ്പാണ് ഭാഷാവിലാസം. പി.വി.കൃഷ്ണവാരിയർ ആയിരുന്നു പത്രാധിപർ. ഗദ്യത്തിൽ വാർഷികപതിപ്പുകൾ പ്രസിദ്ധീകരിച്ചിരുന്ന ഈ മാസികയിൽ ആധുനിക ഭാഷാകവികളെക്കുറിച്ചും ഭാഷാകവിത മലയാള ഭാഷ എന്നിവയെക്കുറിച്ചും സാഹിത്യചരിത്രം എന്നിവയെ സംബന്ധിച്ചുമുള്ള ലേഖനങ്ങൾ മുഖ്യപ്രതിപാദ്യമായി വന്നിരുന്നു.

**മംഗളോദയം**

രസികരഞ്ജിനിയുടെ തിരോധാനത്തോടെ ദേശമംഗലത്ത് വലിയ നാരായണൻ നമ്പൂതിരിപ്പാടിന്റെ പത്രാധിപത്യത്തിൽ തൃശ്ശൂരിൽ നിന്നും 1908-ൽ പുറത്ത് വന്ന മംഗോദയം പുതിയ ഒരു സാഹിത്യക്കളരിയുടെ അനിവാര്യതയുടെ ഫലമായിരുന്നു. അപ്പൻതമ്പുരാൻ, കുഞ്ഞുകുട്ടൻ തമ്പുരാൻ എന്നിവരുടെ താത്പര്യം അതിനു പിന്നിലുണ്ടായിരുന്നു. യോഗക്ഷേമസഭ, അതിന്റെ ഉപസഭകൾ എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അതിന്റെ മിക്ക ലക്കങ്ങളിലും വിവരണങ്ങൾ ഉണ്ടായിരുന്നു. രണ്ടു ഭാഗങ്ങളുള്ള മംഗളോദയത്തിന് ആദ്യഭാഗത്ത് മലയാളവും രണ്ടാം ഭാഗത്ത് സംസ്കൃതവും ചേർന്നിരുന്നു. ദേവനാഗരി ലിപിയിലാണ് സംസ്കൃതം ചേർന്നിരുന്നത്. മണിപ്രവാള ലക്ഷണ ഗ്രന്ഥമായ ലീലാതിലകം 1908 അഞ്ചാം ലക്കം മുതൽ 11 വരെ പ്രസിദ്ധീകരിച്ചിരുന്നു. ഒന്നാം ശില്പം മാത്രമാണ് അതിലുണ്ടായിരുന്നത്. പ്രാചീനകൃതികൾ സമ്പാദനം ചെയ്ത് ചേർക്കുന്ന പതിവും ഈ മാസിക സ്വീകരിച്ചുപോന്നു. പ്രാചീന-നവീന ഗദ്യപദ്യസമ്മിശ്രരചനകൾ മലയാളഭാഷയെ ധന്യമാക്കി. ഇരുപത്തിയഞ്ച്കൊല്ലത്തോളം


ISSN: 2582 - 2594

പ്രവർത്തിച്ചു. കൊടുങ്ങല്ലൂർ കളരി ഉൾപ്പെട്ട വടക്കൻ എഴുത്തുകാരുടെ വിളനിലമായിരുന്ന മംഗളോദയം. ഗ്രന്ഥനിരൂപണത്തിൽ "ഞങ്ങളുടെ വായനശാല" എന്ന പേരാണ് നൽകിയിരുന്നത്. അപ്പൻ തമ്പുരാൻ സാഹിത്യസമാജത്തിന്റെ മുഖപത്രമായ 1942-ൽ മുണ്ടശ്ശേരി പുനരുജ്ജീവിപ്പിച്ചു. പത്രം മുടങ്ങിയത്. 1924-ൽ മാണ്ടോട്ടുകൂടിയാണ്. ഇക്കാലയളവിൽ സാഹിത്യവിമർശനത്തിന് പുതിയ ഉന്മേഷം പകർന്നനൽകി മാസിക സജീവമായി. കൂടാതെ കഥകളും കവിതകളും ലേഖനങ്ങളും മംഗളോദയത്തെ സമ്പുഷ്ടമാക്കി.

**ആത്മപോഷിണി**

1910-ൽ കുന്നംകുളം അക്ഷരരത്നപ്രകാശിക പ്രസ്സിൽനിന്നും പ്രസിദ്ധീകരണമാരംഭിച്ച മാസികയാണിത്. പുലിക്കോട്ടിൽ ജോസഫ് റമ്പാനാണ്. 1913-ൽ ഈ മാസികയുടെ പത്രാധിപത്യം സ്വദേശാഭിമാനി കെ.രാമകൃഷ്ണപിള്ള ഏറ്റെടുത്തു. അദ്ദേഹത്തിന്റേതായ നിരവധി ലേഖനങ്ങൾ ഇതിൽ പ്രസിദ്ധീകരിച്ചിരുന്നു. പുസ്തകാഭിപ്രായം എന്നൊരു പംക്തി ഗ്രന്ഥനിരൂപണത്തിനായി ഉണ്ടായിരുന്നു. 1916 മുതൽ മൂർക്കോത്ത് കുമാരനും ഇതിന്റെ പത്രാധിപത്യം നിർവഹിച്ചിരുന്നു. വള്ളത്തോൾ ഈ മാസികയിൽ പ്രസിദ്ധീകരിച്ചിരുന്ന നിരൂപണ ങ്ങൾ ഗ്രന്ഥവിഹാരം (1928) എന്ന പേരിൽ പ്രസിദ്ധീകരിച്ചിരുന്നു. സ്വദേശാഭിമാനിയുടെ ധർമ്മരാജാ നിരൂപണം, പി. ഗോവിന്ദപ്പിള്ളയുടെ മലയാളത്തിലെ പഴയ പാട്ടുകളെ പറ്റി, വിദ്വാൻ സി.എസ്.നായരുടെ നായകപ്രകാരണം, ഏ. ഡി. ഹരിശർമ്മയുടെ പുനംനമ്പൂതിരിയും ഭരതചമ്പുവും, ചിത്രയോഗനിരൂപണം (വിവേകോദയംആത്മപോഷിണി) എന്നീ മാസികകളിലെ ഗ്രന്ഥനിരൂപണങ്ങൾ), സി.എസ്. സുബ്രഹ്മണ്യപോറ്റിയുടെ കഥകൾ, പൂന്തേഴത്ത് രാമമേനോൻ, കുറ്റിപ്പുറത്ത് കേശവൻനായർ, കുണ്ടൂർ നാരായണമേനോൻ എന്നിവരുടെ കവിതകളും ആത്മപോഷിണി മാസികയുടെ സംഭാവനകളാണ്.

സി.വി.കുഞ്ഞിരാമന്റെ കേരളകൗമുദി, ബാലകൃഷ്ണപ്പണിക്കരുടെ ചക്രവർത്തി (1912), കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ വിജ്ഞാനരത്നാകരൻ (1913), പി. ശങ്കരൻ നമ്പ്യാരുടെ കൈരളി (1916), കുന്നത്ത് ജനാർദ്ദന മേനോന്റെയും കേസരിയുടെയും സമദർശി (1918), വെണ്ണിക്കുളം ഗോപാലക്കുറുപ്പ് ഭാഷാചന്ദ്രിക (1921), എം.കേശവമേനോന്റെ മാതൃഭൂമി (1923), കുട്ടമത്തിന്റെ കേരളചന്ദ്രിക (1924), 1919-ൽ ചെറുകഥയ്ക്കായി പ്രസിദ്ധീകരണമാരംഭിച്ച കലാകൗമുദി തുടങ്ങി നിരവധി ആനുകാലികങ്ങൾ സാമൂഹികരാഷ്ട്രീയ സാംസ്കാരിക വൈജ്ഞാനികമേഖലകളിൽ നിരവധി പരിവർത്തനങ്ങൾക്ക് സാക്ഷിയായി.

ഇന്ത്യയുടെ രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടി ജനങ്ങൾ പ്രവർത്തിച്ച കാലയളവിൽ ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിച്ച ചില ആനുകാലികങ്ങൾ കേരളത്തിൽ രൂപപ്പെട്ടു.

സാഹിത്യദീപിക, തിരുവനന്തപുരത്തുനിന്ന്, സാഹിത്യസമാജം വകയായി ആരംഭിച്ചതാണ്. ഭാഷയുടെ തന്നെ സാഹിത്യദീപിക, പി.കെയുടെ സന്ദേശകാവ്യങ്ങളെക്കുറിച്ചുള്ള പഠനം, സി.പി. ഗോവിന്ദപിള്ളയുടെ രാമകഥാപ്പാട്ടിന്റെ കാലം, ഉള്ളൂർ പരമേശ്വരയ്യരുടെ പ്രേമസംഗീതത്തിന് എൻ. ഗോപാലപിള്ളയുടെ സംസ്കൃതവിവർത്തനം എന്നിങ്ങനെയുള്ള സാഹിത്യസംഭാവനകൾ നൽകിയ പത്രമാണിത്.

**സർക്കാരിന്റെ ആനുകാലികങ്ങൾ**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാനകൈരളി (1970), സാഹിത്യലോകം (1975), സാംസ്കാരകേരളം, ജനപഥം, മലയാളസാഹിത്യം (1977), പുസ്തകസമീക്ഷ (1980), സാഹിത്യ പഠനം (1991) എന്നിവ ഇവയിൽ പ്രധാനപ്പെട്ടവ.

**മിനി മാഗസിനുകൾ**

ജ്വാല, ഇന്ന്, ഉണ്മ സർഗതുളസി സങ്കീർത്തനം മാനിഷാദ തുടങ്ങി നൂറ് കണക്കിന് പ്രസിദ്ധീകരണങ്ങൾ ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്.

മലയാള പത്രപ്രവർത്തനചരിത്രം സാഹിത്യത്തിന്റെ വികാസപരിണാമ ചരിത്രവുമായി ഒട്ടേറെ ബന്ധപ്പെട്ടിരിക്കുന്നു. ഭാഷയുടെ ഗദ്യത്തിനു വികാസത്തിനും മാനകീകരണത്തിലേക്കുമുള്ള വഴിതെളിച്ചത് പത്രമാസികകളാണ്.

**മഹിളാമന്ദിരം**

തിരുവനന്തപുരത്തെ ശ്രീമൂലം ഷഷ്ഠിപൂർത്തിസ്മാരക ഹിന്ദുമഹിളാ മന്ദിരത്തിൽനിന്നും 1926-ൽ പ്രസിദ്ധീകരിച്ച വനിത മാസികയാണ് മഹിളാമന്ദിരം. ഹൈന്ദവ ധർമ്മ പ്രചാരണവും സാഹിത്യപോഷണവും ഇതിന്റെ ലക്ഷ്യമായിരുന്നു. സി.വിയുടെ നായികമാരെക്കുറിച്ച് ഈ.വി. കൃഷ്ണപിള്ളയുടെ ലേഖനപരമ്പര, വി.രാമൻപിള്ളയുടെ ഷേക്സ്പിയർ പഠനം എന്നിവയും കഥ, കവിത, ഗ്രന്ഥനിരൂപണം എന്നിവയും ഇതിൽ ഇടംപിടിച്ചിരുന്നു. നളിനിയും ലീലയും അഥവാ ദുഃഖവും സുഖവും എന്ന കേശവദേവിന്റെ ആദ്യ ചെറുകഥ 1928-ൽ ആദ്യം പ്രസിദ്ധീകരിക്കുന്നത് ഈ മാസികയിലാണ്.

**ചില സാഹിത്യ മാസികകൾ**

സാഹിത്യസോപാനം, മലയാളരാജ്യം, ഹാസ്യാനുകരണശാഖയ്ക്ക് പ്രാധാന്യം നൽകിയ എം ആർ നായർ (പത്രാധിപർ) സഞ്ജയൻ (1936) (ചാവൽ സാഹിത്യം എന്ന ലേഖനം ശ്രദ്ധേയം) വിശ്വരൂപം എന്നീ മാസികകൾ, 1937 ഓഗസ്റ്റിൽ ഈ. വി. കൃഷ്ണപിള്ളയുടെ സഹപത്രാധിപത്യത്തിൽ കോട്ടയത്ത് നിന്നും പ്രസിദ്ധീകരിച്ചിരുന്ന മലയാള മനോരമ ആഴ്ചപ്പതിപ്പ്, 1941- ൽ പ്രസിദ്ധീകരണം ആരംഭിച്ച സരസ്വതി, 1942 മുതൽ എം എസ് ദേവദാസിന്റെ പത്രാധിപത്യത്തിൽ പുറത്തുവന്ന ദേശാഭിമാനി, 1947-ൽ ആരംഭിച്ച കലാനിധി (ആർ നാരായണ പണിക്കരുടെ പത്രാധിപത്യത്തിൽ), 1948 -ൽ മദ്രാസിൽ നിന്നും കെ എം ജോർജിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ച ലോകവാണി, 1948 ആരംഭിച്ച ജയകേരളം, അതേവർഷം ആരംഭിച്ച വിശാലകേരളം, കേരള ഗ്രന്ഥശാല സംഘത്തിന്റെ മുഖപത്രമായ ഗ്രന്ഥാലോകം (1948), 1949-ൽ പ്രസിദ്ധം ചെയ്ത ജയഭാരതം എന്നീ മാസികകൾ ശ്രദ്ധേയമാണ്. ഇതിൽ ഗ്രന്ഥാലോകം എന്ന മാസിക കേരളത്തെ സാക്ഷരതയിലേക്ക് നയിക്കുന്നതിനും വായനാശീലം വളർത്തുന്നതിനും സദ്ഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുന്നതിനും സഹായിച്ചു.

സമീക്ഷ, അന്വേഷണം, കുങ്കുമം, കേരളകവിത മലയാളനാട്, ശലാക, സാഹിത്യസമിതി മാസിക, ഭാഷാസാഹിതി, മലയാളവിമർശനം തുടങ്ങിയവ ഇക്കാലയളവിലെ പ്രധാന പത്രങ്ങളാണ്.


ISSN: 2582 - 2594

**കവനോദയം**

കടത്തനാട്ട് ഉദയവർമ്മതമ്പുരാന്റെ നേതൃത്വത്തിൽ നിലവിൽ വന്ന പത്രം. കെ.സി. നാരായണനമ്പ്യാർ പത്രാധിപത്യം വഹിച്ചിട്ടുണ്ട്. അനേകം പഴയ ഗ്രന്ഥങ്ങളും കാവ്യങ്ങളും ഗ്രന്ഥപ്പുരയിൽ നിന്നും കണ്ടെടുത്ത് പ്രസിദ്ധീകരിച്ചു. ഭാരത ചമ്പു, രാമായണ ചമ്പു, ചന്ദ്രോത്സവം, ഭൃ‌ംഗസന്ദേശം തുടങ്ങിയവ പ്രസിദ്ധീകരിച്ചു. കൃഷ്ണഗാഥ പുനംനമ്പൂതിരിയാണെന്ന് നവീന അഭിപ്രായം ആദ്യമായി അവതരിപ്പിച്ചത് കവനോദയം പ്രവർത്തകരാണ്.

**മിതവാദി**

1907 മുതൽ തലശ്ശേരിയിൽ നിന്നും മൂർക്കോത്ത് കുമാരന്റെ പത്രാധിപത്യത്തിൽ തുടങ്ങിയ പത്രം. വ്യാപാരിയായ ടി.ശിവശങ്കരന്റെ ഉടമസ്ഥതയിലുള്ള പത്രം കുമാരനാശാന്റെ വീണപൂവ് പ്രസിദ്ധപ്പെടുത്തിയ പത്രമാണ്. 'സ്വതന്ത്രരാകാൻ വിദ്യ അഭ്യസിക്കുക, ശക്തരാകാൻ സംഘടിക്കുക' എന്നതാണ് പത്രത്തിന്റെ മുദ്രാവാക്യം.

**കേരളകൗമുദി**

1911 കൊല്ലം മയ്യനാട് സ്വർണ്ണപ്രകാശം പ്രസിൽ പ്രസിദ്ധപ്പെടുത്തിയ വാരികയാണ് കേരളകൗമുദി. ആദ്യപത്രാധിപർ മൂലൂർ എസ്. പത്മനാഭ പണിക്കർ. പി.വി.കുഞ്ഞിരാമനും ഇതിന്റെ പത്രാധിപസ്ഥാനം വഹിച്ചിട്ടുണ്ട്.

**സഹോദരൻ**

വിമർശകൻ, കവി, സമുദായ പരിഷ്കർത്താവ്, സാമൂഹിക വിപ്ലവകാരി എന്ന നിലകളിൽ പ്രസിദ്ധനായ കെ അയ്യപ്പൻ "സഹോദരൻ" എന്ന പത്രത്തിന്റെ പത്രാധിപരായി പ്രവർത്തിച്ചു. 1920 മുതലാണ് പത്രത്തിന്റെ തുടക്കം.

"അറിവിനെക്കുറിച്ചുള്ള അടിസ്ഥാന സങ്കൽപ്പങ്ങളെ തന്നെ മാറ്റിയെഴുതാൻ അച്ചടിക്ക് സാധിക്കുന്നുണ്ട്".[7] "അറിവും അധികാരവും എന്ന ആധുനികതയുടെ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചു."[8]

18-ാം നൂറ്റാണ്ടിന്റെ അവസാനപാദങ്ങളിൽ ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ ഫലമായി ഇന്ത്യയിലെത്തിയ മിഷണറിമാരിലൂടെ ഇന്ത്യൻ സംസ്കാരത്തെ തിരിച്ചറിയാൻ ഒരു വ്യക്തി എന്ന നിലയിൽ ഓരോ ഭാരതീയനും സാധിച്ചിരുന്നു. മിഷനറിമാർ ഇവിടത്തെ ഭാഷ പഠിച്ച് തദ്ദേശീയരോട് ഇടപഴകി അച്ചടി എന്ന മാധ്യമത്തെ ഉപയോഗിക്കുകയാണ് ചെയ്തത്.

**കുറിപ്പുകൾ**

1. ഭാഷാപോഷണ യജ്ഞങ്ങൾ, പന്മന സമ്പൂർണ്ണ മലയാള സാഹിത്യചരിത്രം, പുറം 578.
2. അതേ പുസ്തകം, പുറം 586.
3. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, എരുമേലി പരമേശ്വരൻ പിള്ള, പുറം 977.
4. സമ്പൂർണ്ണ മലയാള സാഹിത്യചരിത്രം, പന്മന രാമചന്ദ്രൻ നായർ, പുറം 587.

5. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, എരുമേലി, പുറം 987.
6. മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, എരുമേലി, പുറം 992.
7. ഡോ. ശ്രീകുമാർ എ. ജി., കേരള സംസ്കാര പരിണാമവും, പുറം 42.
8. അതേ പുസ്തകം, പുറം 42.

**ഗ്രന്ഥസൂചി.**


1. ചുമ്മാർ ചൂണ്ടൽ, സുകുമാരൻ പൊറ്റെക്കട്ട് (എ ഡി.), മലയാള ചരിത്രം, സത്യനാദം, ശതാബ്ദി സ്മാരക പ്രസിദ്ധീകരണം, എറണാകുളം 1977.
2. ശ്രീകുമാർ എ ജി (ഡോ.) പുസ്തകവും കേരള സംസ്കാര പരിണാമവും, കേരള സർവകലാശാല തിരുവനന്തപുരം 2016.
3. ഷിബു മുഹമ്മദ്, മലയാള പത്രപ്രവർത്തനത്തിന്റെ വികസനവും പരിണാമവും, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം 2007.
4. പരമേശ്വരൻ പിള്ള എരുമേലി, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ.
5. രാമചന്ദ്രൻ നായർ പന്മന, സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം
6. The Story of Newspapers: A ladybia, Achievement Books, Wills and Hepworth ltd. Loughboorugh.
7. Natarajan J, Report of the press Commission, part ii, Govt. of India, New Delhi 1955.
8. ആന്റണി സി. പി, ഭാഷാഗദ്യം, സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എസ്. പി. സി. എസ്. കോട്ടയം 1968.
9. കുഞ്ഞപ്പ മൂർക്കോത്ത്, മലയാള മനോരമ സംസ്കാരതരംഗിണി, മലയാള മനോരമ പബ്ലിഷിംഗ് ഹൗസ് കോട്ടയം 1973.
10. ചുമ്മാർ ടി. എം , ഭാഷാ ഗദ്യ സാഹിത്യ ചരിത്രം, നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം 1969.
11. പരമേശ്വരൻ എസ്. ഉള്ളൂർ, കേരള സാഹിത്യ ചരിത്രം വാല്യം 4, കേരള സർവകലാശാല തിരുവനന്തപുരം 1955.
12. രാമകൃഷ്ണപിള്ള കെ വൃത്താന്ത പത്ര പ്രവർത്തനം, മംഗളോദയം കമ്പനി തൃശ്ശൂർ 1912.
13. Chummar Chondal, The Missionaries and Malayalam Journalism, Minerva book stall, Trichur 1975.
14. Natarajan s., A History of the Press in India, Asia Publishing House Bombay 1962.



ISSN: 2582 - 2594

# മനോനിഷ്ഠഫാന്റസിയുടെ ആവിഷ്കാരം എം.മുകുന്ദന്റെ കഥകളിൽ

**ദേവിക വി.എസ്.**
ഗവേഷക
യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം
E-mail: devikavs222@gmail.com

**സംഗ്രഹം**

താൽക്കാലികമായ ചില സന്ദർഭങ്ങളിൽ ബോധമനസ്സിന്റെ നിയന്ത്രണം നഷ്ടപ്പെടുകയും ഉപബോധമനസ്സ് സജീവമായി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ വ്യക്തികളിൽ പല മിഥ്യാധാരണകളും രൂപപ്പെടുന്നു. ഈ ഒരു ധാരണയ്ക്ക് സമൂഹവും ഒരു പരിധിവരെ കാരണമാകാറുണ്ട്. ഇത്തരം വ്യതിയാനങ്ങളെ എഴുത്തുകാരൻ കഥാവിഷയമായി തിരഞ്ഞെടുക്കുന്നു. ചെറുകഥാസാഹിത്യത്തിൽ പുതിയൊരു ആഖ്യാനതന്ത്രം രൂപപ്പെടുത്തിയെടുക്കാൻ ഇത്തരം കഥകളിലൂടെ സാധിച്ചിട്ടുണ്ട്. അത്തരത്തിൽ മികച്ച കഥകൾ സൃഷ്ടിച്ച ആധുനിക എഴുത്തുകാരനാണ് എം.മുകുന്ദൻ. വ്യക്തിമനസ്സിന്റെ വിഹ്വലതകളും അന്യഥാബോധവും പകർത്തിയെടുക്കാൻ അദ്ദേഹത്തിന്റെ ഒട്ടു മിക്ക കഥകൾക്കും സാധിച്ചു. അവ പ്രമേയത്തിലും കാഴ്ചപ്പാടിലും വ്യത്യസ്തത പുലർത്തുന്നവയാണ്. കാലഘട്ടങ്ങൾക്കനുസരിച്ച് വ്യക്തികൾക്കുണ്ടാകുന്ന സാമൂഹികവും മാനസികവുമായ വ്യതിയാനങ്ങൾ ആവിഷ്കരിക്കാൻ ഓരോ കാലത്തിലെയും കഥാകൃത്തുക്കൾക്ക് കഴിഞ്ഞിട്ടുണ്ട്. അത് കൂടുതൽ പ്രകടമായത് ആധുനികഘട്ടത്തിലാണ്.

മനുഷ്യമനസ്സിന്റെ ആന്തരികതയിലേക്കുള്ള എഴുത്തുകാരന്റെ സഞ്ചാരം സാമൂഹികവും രാഷ്ട്രീയവുമാണ്. എഴുത്തുകാരൻ അനുഭവിക്കുന്ന ഇത്തരം അസ്വസ്ഥതകളെ ചെറുകഥയിൽ ആവിഷ്കരിച്ച എഴുത്തുകാരനാണ് എം.മുകുന്ദൻ. അതിനായി അദ്ദേഹം തിരഞ്ഞെടുത്ത രചനാസങ്കേതം ഫാന്റസിയാണ്. പാശ്ചാത്യസാഹിത്യ ചിന്തകന്മാരായ കാമുവിന്റെയും സാർത്രിന്റെയും കാഫ്കയുടെയും സോൾ ബെല്ലോയുടെയും ദർശനങ്ങളുടെ സ്വാധീനം ഉൾക്കൊള്ളുന്നവയാണ് മുകുന്ദന്റെ കഥകൾ. ഇവരുടെ ദർശനത്തിന്റെ അടിസ്ഥാനത്തിൽ നാഗരികജീവിതസാഹചര്യത്തിൽ വ്യക്തികൾ അനുഭവിക്കുകയും നേരിടുകയും ചെയ്യുന്ന സങ്കീർണ്ണമായ ജീവിതാവസ്ഥകളുടെ ആവിഷ്കരണം ആണ് മുകുന്ദന്റെ രചനകൾ. പ്രശ്നങ്ങൾ പരിഹരിക്കപ്പെടാനാകാതെ മുന്നോട്ടുപോകുന്ന വ്യക്തമനസ്സിന്റെ അനിയന്ത്രിതമായ സഞ്ചാരത്തെയും ഈ പ്രബന്ധത്തിലൂടെ അന്വേഷണവിധേയമാക്കുന്നു.

**താക്കോൽ വാക്കുകൾ:** മനോനിഷ്ഠ ഫാന്റസി, മിഥ്യ, അസ്തിത്വബോധം, അന്യവൽക്കരണം

**ആമുഖം**

'ഫന്റാസിയ' എന്ന ഗ്രീക്ക് പദത്തിൽ നിന്നമാണ് ഫാന്റസി എന്ന പദത്തിന്റെ ഉദ്ഭവം. റിയലിസത്തിന്റെ എതിർപദമായാണ് ഫാന്റസി സാഹിത്യത്തിൽ ഉപയോഗിക്കുന്നത്. സ്വന്തം സങ്കല്പങ്ങൾക്കനുസരിച്ച് ഒരു ലോകം സൃഷ്ടിക്കാൻ ഫാന്റസി എന്ന രചനാസങ്കേതം കലാകാരനെ സഹായിക്കുന്നു. അതുപോലെ കലാകാരന്റെ മാധ്യമത്തിൽ ഭാവപരവും രൂപപരവുമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഫാന്റസിക്ക് സാധിക്കുന്നു. ഫാന്റസി എന്ന രചനാസങ്കേതം സന്ദർഭങ്ങൾക്കനുസരിച്ച് പല രീതിയിൽ ഉപയോഗിക്കുന്നുണ്ട്. ഭാവനയുടെ അനിയന്ത്രിതമായ അവസ്ഥ, ഫാന്റസിയിലേക്ക് നയിക്കപ്പെടുന്ന കാരണങ്ങളിൽ ഒന്നാണ്. ഒരു നിശ്ചിത പരിധിക്കുപുറത്ത് ഭാവന എഴുത്തുകാരിൽ സന്നിവേശിക്കുമ്പോൾ നിർമ്മിക്കപ്പെടുന്ന സൃഷ്ടി ഫാന്റസിരചനയായി രൂപപ്പെടുന്നു. അത് മനോവൈചിത്ര്യ ചിത്രീകരണമാകുമ്പോൾ ചിലപ്പോൾ അതിശയകരവും വിചിത്രവുമാകുന്നു. ഇത്തരം മാനസികചിത്രങ്ങൾ അയഥാർത്ഥമോ അല്ലെങ്കിൽ അതിശയകരമോ അത്ഭുതാത്മകമോ ആകാം. മനഃശാസ്ത്രപരമായി സൃഷ്ടിക്കപ്പെടുന്ന ഒരു സാങ്കല്പിക സ്വപ്നത്തെയും ഫാന്റസി ആയി കണക്കാക്കുന്നു. ഇത്തരത്തിൽ മായകാഴ്ച, ഭ്രമം, സാങ്കല്പികസൃഷ്ടി, സ്വപ്നം തുടങ്ങിയ അർത്ഥങ്ങളിലെല്ലാം ഫാന്റസി പ്രയോഗിക്കപ്പെടുന്നുണ്ട്. ഫാന്റസിയെ പ്രമേയത്തിന്റെ സ്വഭാവത്തെ അടിസ്ഥാനമാക്കി എട്ടായി തിരിക്കുന്നുണ്ട്. മനോനിഷ്ഠഫാന്റസി, ശൈലിനിഷ്ഠഫാന്റസി, രചനനിഷ്ഠഫാന്റസി, കഥാപാത്രനിഷ്ഠഫാന്റസി, ഐതിഹ്യനിഷ്ഠഫാന്റസി, പ്രതീതിനിഷ്ഠഫാന്റസി, ഭീതിനിഷ്ഠഫാന്റസി, അത്ഭുതാത്മകഫാന്റസി എന്നിവയാണവ. ഫാന്റസികൾക്കെല്ലാം തന്നെ മാനസികമായ അടിത്തറയുള്ളതിനാൽ ശ്രദ്ധേയമായ ഫാന്റസി മനോനിഷ്ഠഫാന്റസിയാണ്.

അന്തഃസംഘർഷം അനുഭവിക്കുന്ന കഥാപാത്രങ്ങളെ മനോനിഷ്ഠഫാന്റസിയിലൂടെ അവതരിപ്പിക്കുമ്പോൾ അവ കൂടുതൽ ഫലപ്രദമാകുന്നു. ഈ വൈരുദ്ധ്യാത്മകതയെ സൗന്ദര്യപ്രദമായി ആവിഷ്കരിക്കാൻ ഫാന്റസി എന്ന രചനാസങ്കേതത്തിലൂടെ എഴുത്തുകാരന് കഴിയുന്നു. വ്യക്തികളിൽ രൂപപ്പെടുന്ന മാനസികസംഘർഷങ്ങൾ പല തരത്തിലുള്ളവയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് തന്റെ ഉള്ളിൽ രൂപപ്പെടുന്ന അന്തരാത്മാവുമായി സംഘർഷത്തിലേർപ്പെടുന്ന അവസ്ഥയാണ്. ഈ ഒരവസ്ഥയ്ക്ക് സമൂഹവും കുടുംബവുമെല്ലാം ഒരു പരിധിവരെ കാരണക്കാരാകുന്നു. ഒരു മനുഷ്യന്റെ വ്യക്തിത്വരൂപീകരണത്തിന് സമൂഹത്തിനും കുടുംബത്തിനുമുള്ള പങ്ക് വളരെ വലുതാണ്. സമൂഹത്തിന്റെ സദാചാരനിയമങ്ങൾ, ജീവിതശൈലി, അന്ധവിശ്വാസങ്ങൾ തുടങ്ങിയവയെല്ലാം ഒരു മനുഷ്യനെ സ്വാധീനിക്കുകയും അതിൽനിന്നും പുതിയൊരു വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഒരു വ്യക്തി സമൂഹജീവിയായി മാറുന്ന ഓരോ ഘട്ടത്തിലും സമൂഹവുമായി സംഘർഷത്തിലേർപ്പെടുന്നു. സമൂഹത്തിന്റെയും വ്യക്തിയുടെയും താല്പര്യങ്ങൾ പരസ്പരവിരുദ്ധമാകുമ്പോൾ അത് വ്യക്തിയെ മാനസികസംഘർഷത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള മാനസികസംഘർഷങ്ങൾ അവതരിപ്പിക്കാൻ എഴുത്തുകാർക്ക് മനോനിഷ്ഠ ഫാന്റസി വളരെയധികം പ്രയോജനപ്പെടുന്നു. മാനസികസംഘർഷം അനുഭവിക്കുന്ന വ്യക്തികൾക്ക് ബോധമനസ്സിന്റെ നിയന്ത്രണം നഷ്ടമാകുകയും പകരം ആന്തരികവ്യക്തിത്വത്തിന്റെ പ്രവർത്തനഫലമായി മിഥ്യാദർശനത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരം സന്ദർഭങ്ങളാണ് മനോനിഷ്ഠ

 ISSN: 2582 - 2594

ഫാന്റസിയുടെ പരിധിയിൽ വരുന്നത്. മനോനിഷ്ഠഫാന്റസി തികച്ചും വ്യക്തിനിഷ്ഠമാണ്. വ്യക്തിക്കുമേൽ ഉണ്ടാകുന്ന സന്ദർഭങ്ങൾ അയാളിൽ മിഥ്യാദർശനങ്ങൾ രൂപപ്പെടുത്തുകയും ആ സമയത്തെ അനുഭവങ്ങൾ യഥാർത്ഥമായി അനുഭവിക്കുന്നതായി തോന്നുകയും ചെയ്യുന്നതാണ് മനോനിഷ്ഠ ഫാന്റസിയുടെ പ്രത്യേകത. വ്യക്തിമനസിന്റെ വിഭ്രമത്തിൽ നിന്നും രൂപപ്പെടുന്നതാണ് ഈ ഫാന്റസിയെങ്കിലും മനസ്സിന്റെ ഇത്തരം സംഘർഷങ്ങളെയും വ്യക്തിക്കുമേൽ അവ ഏൽപ്പിക്കുന്ന ആഘാതങ്ങളെയും കുറിച്ച് പൂർണ്ണബോധ്യമുള്ള എഴുത്തുകാരനു മാത്രമേ അവ സാഹിത്യസൃഷ്ടിയായി പുനർനിർമ്മിക്കാൻ സാധിക്കുകയുള്ളൂ.

പ്രാചീനകാലഘട്ടം മുതൽക്കെ ഫാന്റസിക്ക് മലയാളസാഹിത്യത്തിൽ പ്രചാരം ലഭിച്ചിരുന്നു. മിത്തുകളും ഇതിഹാസങ്ങളും പുരാണകഥകളുമെല്ലാം പ്രാക്തനമനുഷ്യന്റെ ഭാവനയിൽ നിന്നും രൂപപ്പെട്ടവയാണ്. അസാധാരണവും അസംഭവ്യവുമായ ഇത്തരം ആഖ്യാനങ്ങൾ അത്ഭുതസ്വഭാവം മുന്നിട്ടുനിൽക്കുന്നവയും ഭയം സൃഷ്ടിക്കുന്നവയുമാണ്. ഇത്തരത്തിൽ ഭയവും അത്ഭുതസ്വഭാവവും നിറഞ്ഞുനിൽക്കുന്ന ആഖ്യാനങ്ങൾ ഫാന്റസി രചനകളായി അറിയപ്പെടുന്നു. സാങ്കല്പികവും അമാനുഷികവും പ്രകൃതിവിരുദ്ധവുമായ കഥാപാത്രങ്ങളടങ്ങിയ ഐതിഹ്യകഥകൾ, നാടോടിക്കഥകൾ, ഉപനിഷത്ത് കഥകൾ, മാന്ത്രികകഥകൾ, മഹാഭാരതകഥകൾ, രാമായണ കഥകൾ, മറ്റു ഇതിഹാസങ്ങൾ തുടങ്ങിയവയെല്ലാം മലയാളത്തിലെ ഭ്രമാത്മകസ്വഭാവമുള്ള കഥകളിൽ ഉൾപ്പെടുത്തുന്നു. എന്നാൽ മലയാളസാഹിത്യത്തിൽ ചെറുകഥയുടെ ആരംഭഘട്ടത്തിൽ ഫാന്റസി ഒരു രചനാതന്ത്രമായി കൊണ്ടുവന്നത് വേങ്ങയിൽ കുഞ്ഞിരാമൻനായരാണ്. അദ്ദേഹത്തിന്റെ 'ദ്വാരക' എന്ന കഥയിലൂടെയാണ് ഫാന്റസി കടന്നുവന്നത്. അതിനുശേഷം ചെറുകഥയുടെ ഓരോ ഘട്ടത്തിലും ഫാന്റസി എന്ന രചനാസങ്കേതത്തിനു പ്രാധാന്യം ലഭിച്ചു തുടങ്ങി. തുടർന്നുള്ള ചെറുകഥയുടെ വികാസ പരിണാമങ്ങളിൽ ചെറുകഥയുടെ കേന്ദ്രം സമൂഹത്തിൽ നിന്നും മാറി വ്യക്തി മനസ്സിലേക്ക് ശ്രദ്ധ തിരിഞ്ഞു. ആധുനികഘട്ടത്തിലാണ് ഇത്തരം മാനസികവിഷയങ്ങൾക്ക് ചെറുകഥയിൽ പ്രാധാന്യം ലഭിച്ചു തുടങ്ങിയത്.

വ്യക്തിമനസ്സിലെ അന്തഃസംഘർഷങ്ങളുടെ സ്വാഭാവികത നഷ്ടപ്പെടുത്താതെ മലയാള ചെറുകഥയിൽ അവതരിപ്പിച്ച ആധുനിക എഴുത്തുകാരനാണ് എം.മുകുന്ദൻ. ഇത്തരം മാനസിക വൈരുദ്ധ്യങ്ങൾ അവതരിപ്പിക്കുന്ന മുകുന്ദന്റെ കഥകളാണ് 'നദിയും തോണിയും', 'പ്രഭാതം മുതൽ പ്രഭാതം വരെ', 'രാധ രാധ മാത്രം', 'അഞ്ചരവയസ്സുള്ള കുട്ടി' തുടങ്ങിയവ. ആധുനിക മനുഷ്യൻ അനുഭവിക്കുന്ന അന്യവൽക്കരണം, കാലഘട്ടത്തിന്റെ മാറ്റം, സാമൂഹികമായ ഒറ്റപ്പെടൽ തുടങ്ങിയ പ്രശ്നങ്ങളുടെ സൂക്ഷ്മമായ നിരീക്ഷണമാണ് ഈ കഥകൾ, അവ എപ്രകാരം കഥകളിലൂടെ ആവിഷ്കരിക്കുന്നു എന്നതിന്റെ പഠനമാണ് ഈ പ്രബന്ധം.

## മനസ്സിന്റെ വിചിത്രവഴികൾ

സമൂഹജീവിയായ മനുഷ്യനെ മനോനിഷ്ഠ ഫാന്റസിയിലേക്ക് നയിക്കുന്നത് സമൂഹം തന്നെയാണ്. ചില സന്ദർഭങ്ങളിൽ സമൂഹത്തിനു മുന്നിൽ വ്യക്തിയുടെ അസ്തിത്വം വരെ ചോദ്യചിഹ്നമാകാറുണ്ട്. ഇത്തരം അവസ്ഥകൾ ചില സന്ദർഭങ്ങളിൽ വ്യക്തിയുടെ സ്വകാര്യയാഥാർത്ഥ്യമായി മാറുകയും ചെയ്യുന്നു. ഫാന്റസി അഥവാ ഭ്രമാത്മകത പലപ്പോഴും ആഗ്രഹപൂർത്തീകരണത്തിന്റെ ഫലമായാണ് രൂപപ്പെടുന്നത്. അതുകൊണ്ടുതന്നെ എം.മുകുന്ദന്റെ

മിക്ക കഥകളിലും ഇത്തരം ഭ്രമകല്പനകൾ ബോധപൂർവമായ യാഥാർത്ഥ്യമായി കടന്നുവരുന്നു. കാലങ്ങളായി സമൂഹം പറഞ്ഞുവച്ചിട്ടുള്ള സദാചാര ചിന്തകളും വ്യക്തി അനുശാസിക്കേണ്ട നിയമങ്ങളും കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് മനുഷ്യമനസ്സിനെ എങ്ങനെയെല്ലാം ബാധിക്കുമെന്നും അതിലൂടെ വ്യക്തികൾക്കുണ്ടാകുന്ന മാനസിക രൂപീകരണവുമാണ് എം.മുകുന്ദന്റെ കഥകൾ. അതിൽ മിഥ്യാദർശനവും ദിവാസ്വപ്നവും മനസ്സിന്റെ രണ്ട് സഞ്ചാരപാതകളായാണ് അവതരിപ്പിക്കുന്നത്. ഉപബോധമനസ്സിന്റെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് മിഥ്യാദർശനം രൂപപ്പെടുന്നത്. സംഭവിച്ചിട്ടില്ലാത്ത കാര്യങ്ങൾ സംഭവിക്കുന്നതായി തോന്നുകയും യുക്തിരഹിതമായ കാര്യങ്ങൾ മുന്നിൽ തെളിയുന്നതായി തോന്നുന്നതും മിഥ്യാദർശനത്തിന്റെ ഫലമായാണ്. മനസ്സിന്റെ അമിതമായ ഉത്കണ്ഠകളും സംഘർഷങ്ങളുമാണ് ഈ പ്രതിഭാസത്തിനു കാരണം. ഇത്തരത്തിൽ കാലഘട്ടത്തിന്റെ പ്രതിസന്ധികൾ രൂപപ്പെടുത്തിയെടുക്കുന്ന വ്യക്തികളിലെ ആശങ്കകൾ പങ്കുവയ്ക്കുന്ന ഏതാനും കഥകളാണ് ഇവിടെ തിരഞ്ഞെടുത്തിരിക്കുന്നത്.

മുകുന്ദന്റെ ദർശനത്തെ സ്വാധീനിച്ച പാശ്ചാത്യചിന്തകന്മാരാണ് സാർത്ര്, കാമു, കാഫ്ക, സോൾ ബെല്ലോ തുടങ്ങിയവർ. അന്യവൽക്കരണത്തെ ആധുനികജീവിതസാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ അപഗ്രഥിച്ച തത്ത്വചിന്തകനാണ് സാർത്ര്. തുടർന്ന് കാമു, കാഫ്ക, ഷെനെ, സോൾബെല്ലോ തുടങ്ങിയ പാശ്ചാത്യഎഴുത്തുകാരുടെ കൃതികളിൽ ഈ മാനസികാവസ്ഥ ആവിഷ്കരിക്കപ്പെട്ടു. ലോകം ക്രമരഹിതമാണ്, ജീവിതം അസംബന്ധവും വ്യർത്ഥവും അർത്ഥശൂന്യവുമാണ്, ജീവിതത്തിന്റെ അർത്ഥത്തെയും ലോകത്തിന്റെ ക്രമക്കേടുകളെയും അന്വേഷിക്കലാണ് ആധുനികസാഹിത്യത്തിന്റെയും മനുഷ്യന്റെയും ലക്ഷ്യം എന്നതായിരുന്നു ഇവരുടെ സിദ്ധാന്തം. കാഫ്കയെ സംബന്ധിച്ച് ലോകം അജ്ഞത നിറഞ്ഞതാണ്. ലോകവുമായുള്ള ഒത്തുതീർപ്പിന് കാഫ്ക തയ്യാറാവുന്നില്ല. "ലോകവും വ്യക്തിയും തമ്മിലുള്ള ഈ വിടവിൽനിന്നാണ് ഏകാന്തതയും അന്യതാബോധവും ജനിക്കുന്നത്"1 എന്ന കാഫ്കയുടെ ദർശനം തന്നെയാണ് നഗരജീവിതത്തിൽ മുകുന്ദനും നേരിടുന്നത്.

'നദിയും തോണിയും', 'പ്രഭാതം മുതൽ പ്രഭാതം വരെ', 'രാധ രാധ മാത്രം', 'അഞ്ചരവയസ്സുള്ള കുട്ടി' തുടങ്ങിയ കഥകളിൽ നിഗൂഢമായ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെയുള്ള അന്വേഷണമാണ്. ഏകാകിത്വമനുഭവിക്കുന്നവരും അനാഥരും അന്യവൽക്കരിക്കപ്പെടുന്നവരുമാണ് ഈ കഥകളിലെ കഥാപാത്രങ്ങൾ. ജീവിതത്തിന്റെ സങ്കീർണ്ണമായ സമസ്യകളെക്കുറിച്ചും പരമമായ സത്യങ്ങളെക്കുറിച്ചുമുള്ള ഉത്തരം കിട്ടാത്ത ചോദ്യങ്ങളുമായ് അലയുന്നവരാണ് അവർ. യാഥാർഥ്യവും വ്യക്തിയുടെ ഉദ്ദേശ്യവും തമ്മിൽ പൊരുത്തപ്പെടാതെ ജീവിതത്തിൽ അർത്ഥശൂന്യത അനുഭവപ്പെടുന്ന അവസ്ഥയാണ് അബ്സേർഡ് അഥവാ അസംബന്ധം എന്ന കാമുവിന്റെ ഈ ദർശനം മുകുന്ദന്റെ കഥകളിൽ കാണാം. തന്റെ കഥാപാത്രങ്ങളിലൂടെ മുകുന്ദൻ ആവിഷ്കരിക്കുന്നതും അർത്ഥശൂന്യമായ ലോകത്തെയും അതിലെ ദുഃഖിക്കുന്ന മനുഷ്യനെയും അവതരിപ്പിക്കുന്ന അസംബന്ധതയുടെ ഈ ദർശനത്തെയാണ്. ഈ ദർശനം അവതരിപ്പിക്കുന്ന കഥകളാണ് 'നദിയും തോണിയും', 'പ്രഭാതം മുതൽ പ്രഭാതം വരെ' തുടങ്ങിയ കഥകൾ. അസ്തിത്വം, സ്വത്വം, മരണം തുടങ്ങിയ സങ്കീർണത നിറഞ്ഞ പ്രശ്നങ്ങൾ ഈ കഥകൾ ചർച്ച ചെയ്യുന്നു. കാമുവിന്റെയും സാർത്രിന്റെയും കൃതികളിലെ കഥാപാത്രങ്ങളെ അനുസ്മരിപ്പിക്കുന്ന വിധത്തിലുള്ള കഥാപാത്രങ്ങൾ ഈ കൃതികളിൽ പ്രത്യക്ഷപ്പെടുന്നു. അന്യവൽക്കരണത്തിന്റെ


ISSN: 2582 - 2594

തീവ്രത അവതരിപ്പിക്കുന്ന കഥകളാണ് 'രാധ രാധ മാത്രം', 'അഞ്ചരവയസ്സുള്ള കുട്ടി' തുടങ്ങിയവ. "വ്യക്തിയുടെ അന്യഥാബോധത്തെക്കുറിച്ചുള്ള ഉത്കണ്ഠ, യുക്തിരാഹിത്യത്തിൽ എത്തിനിൽക്കുന്ന ചില മാനസികാവസ്ഥകളുടെ നേർക്കുള്ള ആഭിമുഖ്യം"2 തുടങ്ങിയ സാർത്ര് അവതരിപ്പിച്ച ആശയങ്ങളാണ് ഈ കഥകൾക്ക് അടിസ്ഥാനം.

സത്യവും മിഥ്യയും ഇടകലർത്തി എം.മുകുന്ദൻ രചിച്ച കഥയാണ് 'നദിയും തോണിയും.' ഭാസ്കരൻ എന്ന കഥാപാത്രം കുടുംബത്തോടെ ഒരു യാത്ര പോകുന്നതിന്റെ ഒരുക്കങ്ങളോടെയാണ് ഈ കഥ ആരംഭിക്കുന്നത്. ശ്മശാനത്തിലേക്കായിരുന്നു ആ യാത്ര. അവിടെ കാലൻ കുട്ടൻപിള്ള എന്ന വ്യക്തിയുടെ കൈകളിൽ ഭാസ്കരനെ ഏൽപ്പിച്ചശേഷം കുടുംബം മടങ്ങിപ്പോകുന്നു. തുടർന്ന് ചക്രവാളം ലക്ഷ്യമാക്കിയുള്ള യാത്രയിൽ എത്തിച്ചേരുന്നത് ആർത്തലച്ചൊഴുകുന്ന നദിയുടെ തീരത്താണ്. അവിടെ കണ്ട തോണിയിലേക്ക് ഭാസ്കരനെ തള്ളിയിട്ട ശേഷം കുട്ടൻപിള്ള അപ്രത്യക്ഷനാകുന്നതാണ് കഥ. ശക്തമായ ഓളങ്ങളുള്ള ആ നദി കടന്ന് ഭാസ്കരന് അക്കരെയെത്താൻ കഴിയുമോ എന്ന ചോദ്യം വായനക്കാരോട് ചോദിച്ചുകൊണ്ടാണ് കഥ അവസാനിക്കുന്നത്. ഇനി എങ്ങനെ മുന്നോട്ടു പോകും എന്ന ജീവിതത്തിന്റെ അനിശ്ചിതത്വത്തിന് അടിമപ്പെട്ട് നിൽക്കുന്ന മനുഷ്യന്റെ നിസ്സഹായാവസ്ഥയാണ് ഭാസ്കരനിലൂടെ ഈ കഥ വെളിപ്പെടുത്തുന്നത്. ഭാസ്കരന്റെ മനോനിലയെ മുൻനിർത്തി ആധുനിക മനുഷ്യൻ നേരിടുന്ന വലിയൊരു ജീവിതപ്രശ്നമാണ് ഈ കഥ മുന്നോട്ടുവയ്ക്കുന്നത്.

വ്യക്തിയുടെ സ്വത്വബോധം നഷ്ടമാകുന്ന അവസ്ഥ വിഭ്രമാത്മകമായി അവതരിപ്പിക്കുന്ന കഥയാണ് 'പ്രഭാതം മുതൽ പ്രഭാതം വരെ'. ഈ കഥയിലെ പ്രധാന കഥാപാത്രമായ പ്രകാശൻ സ്വത്വബോധം നഷ്ടപ്പെട്ട് ഭീകരത അനുഭവിക്കുന്നതിന്റെ പ്രതീകമാണ്. നാട്ടിൽ തീവണ്ടിയിറങ്ങുമ്പോൾ മുതൽ സ്വയം അപരിചിതനായി മാറുകയാണ് പ്രകാശൻ. തന്നെ കൂട്ടിക്കൊണ്ടു പോകാൻ വന്ന നാണുനായരോട് ചോദിച്ച് പോകുന്ന, വഴിനീളെ കാണുന്ന പക്ഷികൾ, വൃക്ഷങ്ങൾ എല്ലാത്തിന്റെയും പേര് മനസ്സിലാക്കി. തുടർന്ന് വീട്ടിൽ എത്തിയപ്പോൾ അച്ഛൻ, അമ്മ, പെങ്ങൾ എന്നിവരും പ്രകാശിന് അപരിചിതരായി മാറിക്കഴിഞ്ഞു. ഒടുവിൽ 'താനാരാണ്' എന്ന തികച്ചും അന്യവൽക്കരിക്കപ്പെട്ട ചോദ്യം സ്വയം ഉന്നയിച്ചുകൊണ്ടാണ് കഥ അവസാനിക്കുന്നത്. സ്വത്വപ്രതിസന്ധിയിൽ വലയുന്ന കഥാപാത്രത്തെയാണ് ഇവിടെ അവതരിപ്പിക്കുന്നത്. താനുൾപ്പെടെ തന്റേതായ എല്ലാത്തിനെക്കുറിച്ചുമുള്ള സ്വത്വബോധം അയാൾക്ക് നഷ്ടമാകുന്നു. സ്വന്തം വ്യക്തിത്വത്തിൽ നിന്നും അയാൾ പോലുമറിയാതെ തികച്ചും അന്യനായി മാറിക്കൊണ്ടിരിക്കുന്ന ആധുനിക മനുഷ്യന്റെ മറ്റൊരവസ്ഥയാണ് 'പ്രഭാതം മുതൽ പ്രഭാതം വരെ'.

"അന്യനിലൂടെയാണ് ഒരു വ്യക്തിയുടെ അസ്തിത്വം പൂർത്തീകരിക്കുന്നത് എന്നതിന്റെ അടിസ്ഥാനതത്വമാണ് 'രാധ രാധ മാത്രം."[3] എന്ന കഥ വെളിപ്പെടുത്തുന്നത്. തന്റെ അസ്തിത്വം തിരിച്ചറിയാനാകാതെ ജീവിതത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി അച്ഛനോടും അമ്മയോടും അസ്തിത്വത്തിനായി അപേക്ഷിക്കുകയാണ് ഈ കഥയിലെ കഥാപാത്രം. സമൂഹം രാധയെ രാധയല്ലാതാക്കി മാറ്റുന്നു. വീട്ടിലെത്തുമ്പോൾ അവളെ ഒരു അതിഥിയെപ്പോലെ സ്വീകരിക്കുന്നു. അവൾക്ക് എല്ലാവരും സ്വന്തമാണ്. പക്ഷെ അവൾ എല്ലാവർക്കും അന്യയായി മാറുന്നു. താൻ അവരുടെ മകൾ രാധയാണെന്ന് തെളിവുകൾ സഹിതം അവൾ സ്ഥാപിക്കാൻ ശ്രമിച്ചെങ്കിലും

അവർ വിശ്വസിച്ചില്ല. അവസാനം പ്രപഞ്ചം മുഴുവൻ ഒരേ സ്വരത്തിൽ അവൾ രാധയല്ല എന്നു പറയുന്നു. കഥ അവസാനിക്കുന്നത് ഇങ്ങനെയാണ്. "നിരത്തിന് ഇരുവശവുമുള്ള വീടുകളിൽ നിലവിളക്കുകൾ കത്തിച്ച് വച്ചിരുന്നു. നാമംചൊല്ലിക്കൊണ്ടിരുന്ന കുട്ടികൾ അപരിചിതഭാവത്തോടെ അവളെ നോക്കി. കൂടുകളിലേക്ക് തിരിച്ചുപറക്കുന്ന പക്ഷികൾ ഒരപരിചിതയെക്കണ്ട് താഴോട്ട് കണ്ണെറിഞ്ഞു. സമുദ്രത്തിൽനിന്നുയരുന്ന കാറ്റിൽ വൃക്ഷങ്ങൾ ഉലഞ്ഞു. കടൽ തിരതല്ലി. ആകാശത്തിലും ഭൂമിയിലും ഇരുട്ട് പരന്നു, നിറഞ്ഞു. പക്ഷികളും വൃക്ഷങ്ങളും സമുദ്രവും കാറ്റും ആകാശവും ഭൂമിയും ഏകസ്വരത്തിൽ പാടി: നീ രാധയല്ല. നിന്നെ ഞങ്ങൾക്കറിയില്ല."[4] ഈ അവസ്ഥയ്ക്കു മുന്നിൽ നിസ്സഹായതയോടെ നിൽക്കുകയാണ് രാധ എന്ന കഥാപാത്രം. ഒരു വ്യക്തിയുടെ മനസ്സിനെ നിയന്ത്രിക്കുന്നതിലും അയാളുടെ അസ്തിത്വത്തെ ചോദ്യം ചെയ്യുന്നതിനും അംഗീകരിക്കുന്നതിനും സമൂഹത്തിനുള്ള പങ്കിനെക്കുറിച്ചുള്ള വ്യക്തമായ ചിത്രീകരണമാണ് 'രാധ രാധമാത്രം.'

അസ്തിത്വബോധത്തിന്റെ മറ്റൊരു ആത്മപീഡനമാണ് 'അഞ്ചരവയസ്സുള്ള കുട്ടി'യിൽ 'ജയൻ' എന്ന കുട്ടി അനുഭവിക്കുന്നത്. അച്ഛനമ്മമാരുടെ വാത്സല്യങ്ങൾ അനുഭവിച്ചു വളർന്നുവന്ന ജയൻ ഒരു ദിവസം കാരണങ്ങളൊന്നുമില്ലാതെ മരണത്തിന് കീഴ്പ്പെടുന്നു. നിഷ്കളങ്കനായ ബാലന്റെ മനസ്സിൽ സംഘർഷഭരിതമായ സംഭവങ്ങൾ ഉണ്ടാകുന്നതെങ്ങനെ? മരണമാണോ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം? തുടങ്ങിയ ചോദ്യങ്ങൾ വായനക്കാരെ ചിന്തിപ്പിക്കുന്നു ഈ കഥയിലൂടെ. സ്വന്തം അസ്തിത്വത്തെക്കുറിച്ചുള്ള ബോധം പ്രായഭേദമന്യേ ഏതൊരാൾക്കും ഉണ്ടാകും എന്ന കാഴ്ചപ്പാടാണ് ഈ കഥ. ജയന്റെ തലയ്ക്കു മുകളിൽ കൂടി തീവണ്ടി ചീറിപ്പാഞ്ഞപ്പോൾ ജീവിതത്തിൽ പ്രതീക്ഷിക്കാനൊന്നുമില്ലാത്തവന്റെ ദുരന്തബോധമായി മാറി അഞ്ചരവയസ്സുകാരന്റെ ജീവിതം. മനുഷ്യസഹജമായ മരണാവബോധവും മരണത്തിലേക്ക് നയിക്കുന്ന ജീവിതത്തിന്റെ ആഗമനമാണ് ചിത്രീകരിക്കുന്നത്. റെയിൽവേ പാളത്തിൽ തല വെയ്പിച്ച് അഞ്ചരവയസ്സുള്ള കുട്ടിയെകൊണ്ട് ആത്മഹത്യ ചെയ്യിപ്പിക്കുന്നതിൽ കൂടി എം.മുകുന്ദൻ യാഥാർത്ഥ്യജീവിതത്തിന്റെ അബോധമണ്ഡലത്തെയാണ് ആവിഷ്കരിച്ചത്. മനുഷ്യന്റെ അസ്തിത്വവിഭ്രമം ഒരു അവസ്ഥ എന്ന നിലയിലാണ് മുകുന്ദൻ അവതരിപ്പിക്കുന്നത്. അതൊരു തീവ്രമായ ആഘാതമാക്കി മാറ്റുകയാണ് ചെയ്യുന്നത്.

**ഉപസംഹാരം**

എഴുത്തിൽ തന്റേതായ ആഖ്യാനതന്ത്രങ്ങൾ പരീക്ഷിക്കുക എന്നത് എം.മുകുന്ദന്റെ രചനകളുടെ മുഖ്യ സവിശേഷതയായി ഇവിടെ കാണാൻ സാധിക്കുന്നു. മനോനിഷ്ഠ ഫാന്റസിയുടെ വിവിധ തലങ്ങളിലൂടെയുള്ള അന്വേഷണമാണ് മുകുന്ദന്റെ കഥകളായ 'നദിയും തോണിയും', 'പ്രഭാതം മുതൽ പ്രഭാതം വരെ', 'രാധ രാധ മാത്രം', 'അഞ്ചരവയസ്സുള്ള കുട്ടി' എന്നിവ. പ്രത്യേകമായി എല്ലാവരെയും പരിചയപ്പെടുത്തിക്കൊടുക്കുന്ന ശങ്കരൻകുട്ടിക്ക് അവസാനം 'താനാരാണ്' എന്ന ഒരിക്കലും മനസ്സിലാകാത്ത ചോദ്യമാണ് അഭിമുഖീകരിക്കേണ്ടിവന്നത്. 'നദിയും തോണിയും' എന്ന കഥയിൽ മുന്നോട്ട് ഇനിയെന്ത് എന്ന ജീവിതത്തിന്റെ അനിശ്ചിതത്വമാണ് ചോദ്യമായി ഉയരുന്നത്. അപ്രതീക്ഷിതമായി എല്ലായിടത്തും അന്യയായി മാറുന്ന രാധയിലൂടെ ജീവിതത്തിൽ ഓരോ വ്യക്തിയും അനുഭവിക്കുന്ന അന്യവൽക്കരണത്തെയാണ്

'രാധ രാധ മാത്രം' എന്ന കഥയിലൂടെ അവതരിപ്പിക്കുന്നത്. സാധാരണ ആഖ്യാനതന്ത്രങ്ങളിലൂടെ പ്രായഭേദമന്യേയുള്ള മൃത്യുചിന്തയുടെ അവബോധത്തെക്കുറിച്ചുള്ള പുത്തനുണർവാണ് 'അഞ്ചരവയസ്സുള്ള കുട്ടി'. യാഥാർത്ഥ്യജീവിതത്തിന്റെ മൂർത്തതയെ അവതരിപ്പിക്കാൻ എം.മുകുന്ദന്റെ കഥകൾക്ക് സാധിക്കുന്നില്ല. അതുകൊണ്ടാണ് അദ്ദേഹം ദർശനരൂപീകരണത്തിനും ആശയവൽക്കരണത്തിനുമായി ആധുനികതയുടെ സവിശേഷ രചനാതന്ത്രമായ ഭ്രമാത്മകതയുടെ സാങ്കേതികത ഉപയോഗിച്ചത് എന്ന് ഈ പ്രബന്ധത്തിലൂടെ മനസ്സിലാക്കാം.

### കുറിപ്പുകൾ

1. വത്സലൻ വാതുശ്ശേരി, കഥയും ഫാന്റസിയും, പുറം 101.
2. രാജകൃഷ്ണൻ വി., അവതാരിക, മുകുന്ദന്റെ കഥകൾ, പുറം 14.
3. അശ്വതി ആർ.പി.നായർ, മുകുന്ദന്റെ വരമൊഴികൾ, പുറം 19
4. മുകുന്ദൻ എം., മുകുന്ദന്റെ കഥകൾ, പുറം 221

### സഹായകഗ്രന്ഥങ്ങൾ


1. അച്യുതൻ എം., ചെറുകഥ ഇന്നലെ ഇന്ന്, ഡി.സി.ബുക്സ്, കോട്ടയം, 2007
2. അശ്വതി ആർ.പി.നായർ, മുകുന്ദന്റെ വരമൊഴികൾ, ഉണ്മ പബ്ലിക്കേഷൻസ്, ആലപ്പുഴ, 2018
3. മുകുന്ദൻ എം., മുകുന്ദന്റെ കഥകൾ, ഡി.സി.ബുക്സ്, കോട്ടയം, 1999.
4. വത്സലൻ വാതുശ്ശേരി, കഥയും ഫാന്റസിയും, കറന്റ് ബുക്സ്, കോട്ടയം, 2004

## PANEL OF EXTERNAL PEER REVIEWERS

**Dr. Nimmy A.P.**
Assistant Professor
Dept. of Malayalam
Govt. Arts and Science College
Calicut

**Dr. Shereena Rani G.B.**
Assistant Professor
Dept. of Malayalam
University College
Thiruvananthapuram

**Dr. Krishna Aravind**
Assistant Professor
Dept. of Malayalam
PM Govt. College
Chalakudy

**Dhanya P.D.**
Asst.Professor
Dept. of Malayalam
K.K.T.M. Govt. College
Pullut

**Dr. Jayakumar S S**
Assistant Professor,
Dept. of Malayalam,
PM Govt. College,
Chalakudy


ISSN: 2582 - 2594

Vol. 5 No. 1 January 2022 ISSN 2582-2594 RNI No. KERMUL/2018/77513

www.akgct.org

Printed by **K. K. DAMODARAN** and published by **K. K. DAMODARAN**
and owned by **Association of Kerala Government College Teachers**
and printed at **Akshara Offset,** Vanchiyoor, Thiruvananthapuram 35 and published
at AKGCT Bhavan, Panavila Jn., Thiruvananthapuram - 695014, Kerala.
Ph: 04171 - 2329900, E-mail: akgctresearchjournal@gmail.com
Web: www. akgct.org